# പി.എസ്.സി
# എംപ്ലോയി

ഡിസംബർ 2018




## നമ്മൾ ഇന്ത്യയിലെ ജനങ്ങൾ

## അതിജീവനത്തിന്റെ പുതിയ വർഷത്തിലേക്ക്




തിരുവനന്തപുരം പി.എസ്.സി. ആസ്ഥാനത്ത് നടന്ന എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മണത്തിൽ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ കെ.വരദരാജൻ പ്രഭാഷണം നടത്തുന്നു




നവോത്ഥാന കേരളം നേരിടുന്ന വെല്ലുവിളികൾ–
സ. ബേബിജോൺ പ്രഭാഷണം നടത്തുന്നു

Since 1975

# പി.എസ്.സി. എംപ്ലോയി

കേരള പി.എസ്.സി. എംപ്ലോയീസ്
യൂണിയൻ പ്രസിദ്ധീകരണം

പട്ടം.പി.ഒ. തിരുവനന്തപുരം-695004
ഫോൺ 0471 2448165
Email: keralapsceu@gmail.com
website: www. keralapscemployeesunion.org

പുസ്തകം 43 ലക്കം 5

ഡിസംബർ
2018





മാറുന്ന തൊഴിൽ നിയമങ്ങളും
പൊതു റിക്രൂട്ട്മെന്റ് സംവിധാനവും
പി രാജീവ് 6

നമ്മൾ
ഇന്ത്യയിലെ ജനങ്ങൾ
കെ.വി.സുനുകുമാർ 14

ജനവിധി
നൽകുന്ന പാഠം
സമകാലികം 17

കുലമാഹാത്മ്യം
വിദൂഷകൻ 19






ബ്രസീൽ
ഭരണമാറ്റത്തിലേയ്ക്ക്
കെ.സെബാസ്റ്റിൻ 22

നവകേരള സൃഷ്ടിയിൽ
നടക്കേണ്ടത് എന്തൊക്കെ?
ഷിബു.എ.എസ്. 24





ഖജുരാഹോ
സലാഹുദ്ദീൻ.വൈ
ആലപ്പുഴ 26



**പത്രാധിപസമിതി**

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | എം.ഷാജഹാൻ |
| എഡിറ്റർ | : | കെ.വി.സുനുകുമാർ |
| മാനേജർ | : | ടി.കെ.വിജയൻ |
| അംഗങ്ങൾ | : | വി.ബി.മനുകുമാർ, സബിതാ ജാസ്മിൻ.എച്ച്, മനോജ്.സി.എസ്, ഷിബു.എ.സ്, അനിൽകുമാർ.പി. എസ്, രഞ്ജിത്.എം.ആർ. |
| കവർ ചിത്രം | : | Suresh Punchakkad |
| ലേഔട്ട്&ഡിസൈൻ | : | sajeevnt@gmail.com |

മുഖപ്രസംഗം



# ദ്വിദിന ദേശീയ പണിമുടക്ക് വിജയിപ്പിക്കുക

കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന ജനവിരുദ്ധ-ദേശവിരുദ്ധ തൊഴിലാളി ദ്രോഹ കോർപ്പറേറ്റ് പ്രീണന നയങ്ങൾക്കെതിരെ 2019 ജനുവരി 8, 9 തീയതികളിൽ കേന്ദ്ര ട്രേഡ് യൂണിയൻ സർവ്വീസ് സംഘടന സംയുക്തമായി ദ്വിദിന ദേശീയ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. 2018 സെപ്റ്റംബർ 28 ന് ന്യൂഡൽഹിയിലെ മാവ്‌ലങ്കർ ഹാളിൽ ചേർന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത കൺവെൻഷന്റെ ആഹ്വാന പ്രകാരമാണ് ദ്വിദിന പണിമുടക്ക് നടത്തുന്നത്. പി.എഫ്.ആർ.ഡി.എ. നിയമം പിൻവലിക്കുക, കരാർ-കാഷ്വൽ നിയമനങ്ങൾ അവസാനിപ്പിക്കുക, വർഗ്ഗീയത ചെറുക്കുക തുടങ്ങി 12 ഇന ആവശ്യങ്ങളാണ് പണിമുടക്കിനാധാരമായി മുന്നോട്ട് വച്ചിട്ടുള്ളത്. നവലിബറൽ നയങ്ങൾ ആരംഭിച്ചതിന് ശേഷമുള്ള 18 -ാമത് പണിമുടക്കാണിത്.

ദേശീയ പെൻഷൻ പദ്ധതിയെന്ന പേരിൽ ബി.ജെ.പി. യും കോൺഗ്രസ്സും ചേർന്ന് പാർലമെന്റിൽ ഏകസ്വരത്തിൽ പാസ്സാക്കിയ പി.എഫ്.ആർ.ഡി.എ ബിൽ രാജ്യവ്യാപകമായി പങ്കാളിത്ത പെൻഷൻ നിർബന്ധമാക്കി. ഇല്ലാത്ത സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞ് ഇന്ത്യയിലാദ്യമായി പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുവാൻ 2002-ൽ കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് തീരുമാനിച്ചു. 32 ദിവസം നീണ്ടുനിന്ന സമാനതകളില്ലാത്തതും ഐക്യത്തോടെയുമുള്ള പണിമുടക്കിനെ തുടർന്ന് അന്നത്തെ തീരുമാനം മരവിപ്പിക്കാൻ കഴിഞ്ഞു. 2006-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പാക്കുമെന്ന യു.ഡി.എഫ് ഗവൺമെന്റ് തീരുമാനം റദ്ദു ചെയ്തു. തുടർന്ന് 2013ൽ യു.ഡി.എഫ് ഗവൺമെന്റ് വീണ്ടും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ തീരുമാനിച്ചു. പലകാരണങ്ങൾ പ്രചരിപ്പിച്ച് ജീവനക്കാരെ ഭിന്നിപ്പിച്ച് നിർത്തി പങ്കാളിത്ത പെൻഷൻ വലിയ ഗുണകരമെന്ന് പ്രചരിപ്പിച്ച് നടപ്പിലാക്കുകയാണ് ചെയ്തത്.

കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ അതിവേഗത്തിൽ നടപ്പിലാക്കുന്ന നവ-ഉദാര വൽക്കരണ നയങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെയും കർഷകരുടെയും സാധാരണക്കാരുടെയും ജീവിതത്തിൽ ദുരിതം വിതച്ചിരിക്കുകയാണ്. രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ താൽക്കാലിക താഴിടുകയും പൂർണ്ണമായും അടച്ചുപൂട്ടുകയും ചെയ്യുന്ന പ്രതിഭാസം വ്യാപകമാകുന്നു. കൂടാതെ ഐ.ടി മേഖലയിൽ വലിയ തൊഴിൽ നഷ്ടമാണ് രേഖപ്പെടുത്തുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനവും ജി.എസ്.ടിയും വലിയ തൊഴിൽ നഷ്ടമാണ് വരുത്തിയത്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവിതമാർഗ്ഗം പ്രദാനം ചെയ്യുന്ന ചെറുകിട ഇടത്തരം സംരംഭങ്ങൾ ജി.എസ്.ടി കാരണം തകർന്നു. രാജ്യത്തെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ രണ്ടു ശതമാനം ഇടിവാണ് നോട്ടു നിരോധനം വരുത്തിയത്. ലേബർ ബ്യൂറോയുടെ കണക്ക് പ്രകാരം എട്ടു പ്രധാന വ്യവസായ മേഖലകളിൽ 2017 ഏപ്രിൽ മുതൽ 2018 ഒക്ടോബർ വരെയുള്ള 19 മാസം കൊണ്ട് 5.56 ലക്ഷം പുതിയ തൊഴിൽ അവസരങ്ങളാണ് സൃഷ്ടിച്ചത്. പ്രതിവർഷം രണ്ടുകോടി തൊഴിൽ സൃഷ്ടിക്കുമെന്ന് വാഗ്ദാനം നൽകി അധികാരത്തിൽ വന്ന കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം പാലിച്ചില്ല. കേന്ദ്ര സർവ്വീസിൽ മാത്രം 8 ലക്ഷത്തോളം തസ്തികകൾ ഒഴിച്ചിട്ടിരിക്കുകയാണ്. ഇന്ത്യൻ റെയിൽവേയിൽ 2.5 ലക്ഷം തസ്തികകൾ നികത്താനുണ്ട്. തസ്തിക വെട്ടിക്കു

റച്ചും കരാർ-താൽക്കാലിക നിയമനം നടപ്പിലാക്കിയും പൊതുമേഖലയെ അപ്പാടെ തകർക്കുകയാണ്. രാജ്യത്തെ തൊഴിൽ നിയമങ്ങൾ കോർപ്പറേറ്റുകൾക്ക് അനുകൂലമായി ഭേദഗതി ചെയ്യുകുയാണ്. 1949-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡർ) നിയമം ഭേദഗതി ചെയ്ത് നിശ്ചിതകാല തൊഴിൽ നിയമം എല്ലാ മേഖലകളിലും ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്.

കാർഷിക മേഖലയിലെ പ്രതിസന്ധി കാരണം ജീവിതം വഴിമുട്ടിയ കർഷകർ പ്രക്ഷോഭത്തിന്റെ പാതയിലാണ്. ഉൽപാദന ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില ഉറപ്പാക്കുമെന്ന് വാഗ്ദാനം പാലിക്കാത്ത കേന്ദ്ര സർക്കാർ കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുകയാണ്. കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിന് സംവിധാനമൊരുക്കുന്നതിലും കേന്ദ്രസർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കാർഷിക മേഖലയിലെ പ്രതിസന്ധി മുൻ നിർത്തി നടന്ന ലോംഗ് മാർച്ച് അടക്കമുള്ള കർഷക സമരത്തിന്റെ പ്രതിഫലനമാണ് രാജസ്ഥാനിലേയും, മധ്യപ്രദേശിലേയും ഛത്തീസ്ഗഡിലേയും ബി.ജെ.പി. ഭരണത്തെ തകർത്തെറിഞ്ഞത്.

പെട്രോളിന്റെയും, ഡീസലിന്റെയും നികുതി അടിക്കടി വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനം രൂക്ഷമായ വിലക്കയറ്റത്തിന് കാരണമായി. പൊതുമേഖലസ്ഥാപനങ്ങളുടെ സ്വകാര്യ വൽക്കരണം ധൃതഗതിയിലാണ് നടക്കുന്നത്. വിമാനത്താവളങ്ങളും റെയിൽവെ സ്റ്റേഷനുകളുമടക്കം സ്വകാര്യവൽക്കരിക്കുകയാണ്. പ്രതിരോധമടക്കം എല്ലാ മേഖലകളിലും സ്വകാര്യവൽക്കരണം ശക്തമായിരിക്കുന്നു. 2018-19 -ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ 80000 കോടിരൂപയാണ് സ്വരൂപിക്കാൻ ലക്ഷ്യമിടുന്നത്.

കോർപ്പറേറ്റുകൾക്ക് വൻനികുതിയിളവും ആനുകൂല്യങ്ങളുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. കോർപ്പറേറ്റുകളെടുത്ത 11 ലക്ഷം കോടിരൂപയാണ് ദേശസാൽകൃത ബാങ്കുകൾക്ക് കിട്ടാനുള്ളത്. വൻകിടക്കാർ പൊതുമേഖല ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾ നിഷ്ക്രിയ ആസ്തികളുടെ പട്ടികയിൽപ്പെടുത്തി എഴുതി തള്ളാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ബാങ്കുകളെ തമ്മിൽ ലയിപ്പിച്ചും ശാഖകൾ അടച്ചുപൂട്ടിയും പൊതുമേഖലാ ബാങ്കുകളെ തകർക്കുകയാണ്.

കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ രാജ്യത്തെ പാർലമെന്ററി ജനാധിപത്യത്തിനും ഭരണഘടനാസ്ഥാപനങ്ങൾക്കും നേരെയുള്ള കടന്നാക്രമണം ശക്തമാക്കിയിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ ആഭ്യന്തര പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് അതിനെ വരുതിയിലാക്കാൻ ശ്രമിക്കുന്നു. ബാങ്കുകളുടെ കിട്ടാക്കടം പിരിച്ചെടുക്കാനുള്ള റിസർവ്വ് ബാങ്ക് നീക്കങ്ങളെ കേന്ദ്ര സർക്കാർ അട്ടിമറിക്കുകയാണ്. കേന്ദ്ര സർക്കാറിന്റെ വികലമായ നയസമീപനത്തെതുടർന്ന് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി റിസർവ്വ് ബാങ്കിന്റെ കരുതൽ ധനശേഖരത്തിന്റെ കുറഞ്ഞത് മൂന്നിലൊന്നെങ്കിലും അനുവദിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിലപാടും, മറ്റ് തർക്കങ്ങളും റിസർവ്വ് ബാങ്ക് ഗവർണ്ണറുടെ രാജിയിൽ കലാശിക്കുകയുണ്ടായി.

കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ ഐക്യപ്പെടുത്തി ഒരു മഹാപ്രക്ഷോഭമാക്കി മാറ്റുന്നതിന് 2019 ജനുവരി 8, 9 തീയതികളിലെ ദ്വിദിന ദേശീയ പണിമുടക്കിൽ എല്ലാ ജീവനക്കാരും തൊഴിലാളികളും കർഷകരും അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ചീഫ് എഡിറ്റർ

# മാറുന്ന തൊഴിൽ നിയമങ്ങളും പൊതു റിക്രൂട്ട്മെന്റ് സംവിധാനവും

**പി.രാജീവ്**
ചീഫ് എഡിറ്റർ ദേശാഭിമാനി

മാറുന്ന തൊഴിൽ നിയമങ്ങൾ സ്ഥിരമായ തൊഴിൽ ഇല്ലാതാക്കുകയാണെങ്കിൽ സ്ഥിരമായ തൊഴിലിനു വേണ്ടിയുള്ള റിക്രൂട്ട്മെന്റ് സംവിധാനം പിന്നെ ആവശ്യമില്ലാതായിട്ട് വരും. ഒരു സാർവദേശീയ-ദേശീയ മാനമുള്ള ഒരു പ്രശ്നത്തെയാണ് നമ്മൾ അഭിസംബോധന ചെയ്യുന്നതെങ്കിലും ശരിക്കും മനസിലായിട്ടിരിക്കുന്നവരുടെ ഉള്ളിന്റെ ഉള്ളിൽ ഒരു ഉത്കണ്ഠ പതുക്കെ പതുക്കെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടാകും. നിങ്ങൾക്ക് ഒരുപക്ഷെ കുഴപ്പമില്ല എങ്കിൽപ്പോലും ഇനി അധികമാളുകൾ ഇങ്ങോട്ടും വരാനിടയില്ല എന്നതു കൂടി കാണേണ്ടതുണ്ട്. എങ്ങനെ ഈ മാറ്റങ്ങൾ വരുന്നു, അതിന്റെ ഒരു സാർവദേശീയ പശ്ചാത്തലത്തിൽ നിന്നു കൊണ്ടുള്ള അവതരണമാണ് ആവശ്യം.

മാറുന്ന തൊഴിൽ നിയമങ്ങൾ ആവശ്യത്തിനനുസൃതമായി മാത്രം തൊഴിലാളികളെ ഉപയോഗിക്കുന്ന, അതിനനുവാദം നൽകുന്ന നിയമങ്ങളാണ്. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്ത് ഒരു ചട്ട ഭേദഗതി വരുത്തുകയുണ്ടായി. അതൊരു നിയമ ഭേദഗി അല്ല, ചട്ട ഭേദഗതിയാണ്. പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ മാറ്റം വരുത്തിയത്. യഥാർത്ഥത്തിൽ പാർലമെന്റ് ഇപ്പോൾ അധികമൊന്നും പ്രവർത്തിക്കുന്നില്ല. പാർലമെന്റ് പ്രവർത്തിക്കുന്നില്ലാ എന്നു പറയുമ്പോൾ നമ്മളെല്ലാപേരും പെട്ടെന്ന് മനസിലേക്ക് കൊണ്ടുവരിക പാർലമെന്റിനകത്ത് ഉയർന്നു വരുന്ന ബഹളങ്ങളും ആ ബഹളങ്ങളെ തുടർന്ന് പാർലമെന്റ് പിരിച്ചു വിടുന്നു, അല്ലെങ്കിൽ സമ്മേളനം പിരിച്ചു വിടുന്നു അതുകൊണ്ട് പാർലമെന്റ് പ്രവർത്തിക്കുന്നില്ല. ഞാനങ്ങനെയല്ല ഉദ്ദേശിച്ചത്. യഥാർത്ഥത്തിൽ നമ്മുടെ പാർലമെന്ററി ജനാധിപത്യം വല്ലാതെ പരിമിതപ്പെടുന്നുണ്ട്. നാം ശരിയായി മനസിലാക്കാതെ പോകുന്ന ഒരു ഭാഗം കൂടിയാണത്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ ഇപ്പോൾ നമ്മൾ ജി.എസ്.ടി കുറേ ചർച്ച ചെയ്തിട്ടുണ്ടല്ലോ, ഞങ്ങളെല്ലാം ജി.എസ്.ടിയുടെ ആദ്യഘട്ടത്തിൽ ആ നിയമനിർമാണ പ്രക്രിയയിൽ കമ്മിറ്റിക്കകത്ത് പ്രവർത്തിച്ചിരുന്നവരാണ്. ഇതിന്റെ ആദ്യഘട്ടത്തിൽ ഞാൻ ഒരു ചോദ്യം ചോദിച്ചു അമേരിക്കയിൽ ജി.എസ്.ടി ഉണ്ടോ. അമേരിക്കയാണല്ലോ ഇപ്പോൾ പറഞ്ഞല്ലോ ബ്രട്ടൺവുഡ്, സിസ്റ്റേഴ്സ്, ഐ.എം.എഫ്, ആഗോള മൂലധനം, അമേരിക്കൻ താത്പര്യം, സാമ്രാജ്യത്വം ഇതൊക്കെ നമ്മൾ സാധാരണ ഉപയോഗിക്കുന്ന പദാവലികളാണ്. അമേരിക്കയിൽ ജി.എസ്.ടി ഉണ്ടോ. സാധാരണ അമേരിക്കയിലാണല്ലോ വരേണ്ടത്. അമേരിക്കയിൽ ജി.എസ്.ടി ഇല്ല. എന്തേ അമേരിക്കയിൽ ജി.എസ്.ടി ഇല്ലാത്തത്. ആഗോള മൂലധന താത്പര്യമാണ് ഏകീകൃതമായി നികുതി ഘടനയെങ്കിലും അമേരിക്ക ഒരു ശക്തമായ ഫെഡറൽ സംവിധാനമുള്ള രാജ്യമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് ആണ്. നമ്മുടേത് ഒരു ഫെഡറൽ റിപ്പബ്ലിക്കാണ്. എപ്പോഴൊക്കെ ഏകീകൃത നികുതി നിർദേശങ്ങൾ അമേരിക്കക്കകത്ത് വന്നുവോ അപ്പോഴൊക്കെ സംസ്ഥാനങ്ങൾ അവരവരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പ്രതിരോധം ഉയർത്തി. ആഗോള മൂലധനത്തിന്റെ സാമ്പത്തിക താത്പര്യവും ഫെഡറൽ താത്പര്യവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇതുവരെ അമേരിക്കയിൽ വിജയിച്ച് നിന്നിട്ടുള്ളത് ഫെഡറൽ താത്പര്യമാണ്. അതുകൊണ്ട് അമേരിക്കയെ നിയന്ത്രിക്കുന്ന അതുവഴി ലോകത്തെയാകെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ആഗോള മൂലധനത്തിന്റെ ഏകീകൃത നികുതി ഘടന എന്നുള്ളത് ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത രാജ്യമാണ് അമേരിക്ക. ഇവിടെ ഫെഡറൽ സംവിധാനമുണ്ടെങ്കിലും നമ്മുടെ രാജ്യത്ത് അത് നടപ്പിലാക്കപ്പെട്ടു. ഫെഡറലിസത്തിന്റെ ഭാഗത്തേക്ക് ഞാൻ വരുന്നില്ല. പാർലമെന്ററി ജനാധിപത്യത്തിന് എന്തുപറ്റി. ഇപ്പോൾ നിങ്ങൾ ബജറ്റ് അവതരിപ്പിക്കുമ്പോൾ പി.എസ്.സിയിൽ ഒക്കെ ജോലി ചെയ്യുന്ന ആൾക്കാർ എന്ന രീതിയിൽ അതിനെ സൂക്ഷ്മമായി നോക്കുന്നവരായിരിക്കും. ബജറ്റവതരിപ്പിച്ചതിന്റെ പിറ്റേ ദിവസത്തെ പത്രങ്ങളിൽ സാധാരണഗതിയിൽ രണ്ട് മൂന്ന് ഗ്രാഫിക്സ് ഉണ്ടാകും. ഒന്ന് ഒരു ആരോ മുകളിലോട്ട് പോകും. ഒരു ആരോ താഴോട്ട് വരും. മുകളിലോട്ട് പോകുന്നത് വില കൂടും. താഴോട്ട് പോകുന്നത് വില കുറയും. വില കൂടുന്നതും വില കുറയുന്നതും നികുതിയിൽ വരുന്ന മാറ്റത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ്. പിന്നെ സാധാരണ ഒരു ഗ്രാഫിക്സ് ഉണ്ടാകും. റവന്യൂ എങ്ങനെ വരും. ഒരു പൈസ എങ്ങനെ വരുന്നു. ഒ




രു പൈസ എങ്ങനെ പോകുന്നു. ഇതാണ് മൂന്ന് ഗ്രാഫിക്സ് സാധാരണ എല്ലാ പത്രങ്ങളും ഉപയോഗിക്കാറുള്ളത്. എന്നാൽ ഇത്തവണ നിങ്ങൾ ശ്രദ്ധിച്ചു നോക്കിയാൽ കേന്ദ്ര ബജറ്റിലും കേരള ബജറ്റിലും ആരോ ഉണ്ടെങ്കിൽ തന്നെ അധികം അതിൽ കാണില്ല. കാരണം, നികുതി നിശ്ചയിക്കുന്നത് പാർലമെന്റല്ല. നികുതി നിശ്ചയിക്കുന്നത് നിയമസഭയല്ല ഇപ്പോൾ. നികുതി, പരോക്ഷ നികുതികൾ, പ്രത്യക്ഷ നികുതികൾ ഇപ്പോളും പാർലമെന്ററി സംവിധാനത്തിലാണ്. അപ്പോൾ നമുക്ക് പെട്ടെന്ന് തോന്നും പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും ഉണ്ടായ അവകാശ പരിമിതപ്പെടലാണോ. അതിനകത്ത് മാത്രമല്ല, ജനാധിപത്യ സംവിധാനത്തെ പൊതുവെ അത് ദുർബലമാക്കി. നിങ്ങൾ ശ്രദ്ധിച്ചു നോക്കുകയാണെങ്കിൽ, നോക്കിയിട്ടുണ്ടെങ്കിൽ, പാർലമെന്റിനും നിയമസഭകൾക്കും ബജറ്റ് സമ്മേളനങ്ങൾക്ക് രണ്ട് സെഷനുകൾ ഉണ്ടാകും. ആദ്യം ബജറ്റവതരിപ്പിക്കും. പിന്നെ അതിന്റെ ഒരു റൗണ്ട് കഴിഞ്ഞാൽ സഭ പിരിയും. അതു കഴിഞ്ഞാൽ പാർലമെന്ററി കമ്മിറ്റികൾ പ്രവർത്തിക്കും. പാർലമെന്റിലാണെങ്കിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, നിയമസഭയിലാണെങ്കിൽ സബ്ജക്ട് കമ്മിറ്റികൾ പ്രവർത്തിക്കും. ഇവിടെ നികുതി നിർദേശം വന്നു. ആ നികുതി നിർദേശം നിങ്ങളെ ബാധിക്കുന്ന ഒന്നാണെന്ന് കരുതുക. ഇപ്പോൾ പി.എസ്.സിയിൽ ജോലി ചെയ്യുന്നവർക്ക് എന്തെങ്കിലും ഒരു പ്രത്യേക നികുതി വന്നു എന്ന് കരുതുക. വരാനിടയില്ലെങ്കിലും നമ്മൾ സങ്കൽപ്പിക്കുക. അപ്പോൾ നിങ്ങൾ ആർക്കെങ്കിലും വേണമെങ്കിൽ ഈ കമ്മിറ്റിക്ക് മുൻപിൽ പറയാം ഒരു റെപ്രസന്റേഷൻ കൊടുക്കാം. As an Organisation ഈ സംഘടനയ്ക്ക് കൊടുക്കാം. അത് content ഉണ്ടെന്ന് തോന്നിയാൽ notworthy ആണെന്ന് തോന്നിയാൽ ഈ സ്റ്റാൻഡിംഗ് കമ്മിറ്റി വേണമെങ്കിൽ പേഴ്സണൽ ഹിയറിംഗിന് വിളിക്കും. അതുകൂടി കേട്ട് വരുന്ന അഭിപ്രായങ്ങളും വന്ന നിർദ്ദേശങ്ങളും സൂക്ഷ്മമായി വിലയിരുത്തി പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയായാലും നിയമസഭാ സബ്ജക്ട് കമ്മിറ്റിയായാലും ഒരു റിപ്പോർട്ട് സമർപ്പിക്കും. രണ്ടും ജനാധിപത്യത്തിന്റെ വിപുലമായ സാധ്യതയാണ്. ഒരു Extended Democracy ആണ്. പാർലമെന്റിൽ പാർലമെന്റംഗങ്ങൾക്കേ പങ്കെടുക്കാൻ കഴിയുകയുള്ളൂ. നിയമസഭയിൽ നിയമസഭാംഗങ്ങൾക്കേ പങ്കെടുക്കാൻ കഴിയുകയുള്ളൂ. പക്ഷെ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഏത് പൗരനും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം. ഈ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ കമ്മിറ്റികൾ അവരവരുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്. ഈ സാധ്യതയുടെ ഒരു പരിമിതി ഇത് ബൈൻഡിംഗ് അല്ലാ എന്നുള്ളതാണ്. ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഉത്തരവ്, തീരുമാനങ്ങൾ, റെക്കമൻഡേഷൻസ് ബൈൻഡിംഗല്ല, വേണമെങ്കിൽ തള്ളാം വേണമെങ്കിൽ കൊള്ളാം. പക്ഷെ അതിനെ അടിസ്ഥാനപ്പെടുത്തി കൊണ്ടായിരിക്കും രണ്ടാം വട്ടം പാർലമെന്റും നിയമസഭയും സമ്മേളിക്കുമ്പോൾ ചർച്ചകൾ നടക്കുന്നത്. അതിനെ ആധാരമാക്കിക്കൊണ്ട് കേന്ദ്ര ധനമന്ത്രിയും സംസ്ഥാന ധനമന്ത്രിയും മറുപടി പറയുമ്പോൾ നികുതി നിർദേശങ്ങൾക്കകത്ത് മാറ്റങ്ങൾ വരുത്തും. ചില നികുതികൾ പിൻവലിക്കും ചില നികുതികൾ ഭേദഗതി ചെയ്യും. ആ ജനാധിപത്യ സാധ്യത ജി.എസ്.ടി യോടുകൂടി അപ്രസക്തമായി. ജി.എസ്.ടി എന്നുള്ളതിനു ശേഷം ജി.എസ്.ടി ക്ക് ശേഷം ജി.എസ്.ടിക്ക് മുൻപ് എന്നുള്ള മാറ്റം നമ്മുടെ ടാക്സേഷനിൽ വരും. ഈ ജി.എസ്.ടി വന്നതിനു ശേഷം ജി.എസ്.ടി കൗൺസിലാണ് നികുതി നിർദേശിക്കുന്നത്. ജി.എസ്.ടി കൗൺ

സിൽ മന്ത്രിമാരുടെ സംവിധാനമാണ്. തെരഞ്ഞെടുക്കപ്പെട്ടവരാൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ സംവിധാനമാണ്. നേരിട്ട് തെരഞ്ഞെടുത്തവർ നിശ്ചയിച്ച നികുതി നിർദേശത്തെ വളരെ പരിമിതമായ ഒരു സംവിധാനത്തിലേക്ക് ചുരുക്കി. അതാണ് ഞാൻ പറഞ്ഞത് പാർലമെന്ററി സംവിധാനം പരിമിതപ്പെടുന്നതിന്റെ ഒരു ഭാഗം. ഇത് ആ ഗൗരവത്തിൽ നമ്മുടെ സമൂഹം ചർച്ച ചെയ്തിട്ടുണ്ടാവില്ല. അതോടൊപ്പം തന്നെ പാർലമെന്റ് നിയമം പാസാക്കിയാൽ ആ നിയമത്തിനനുസൃതമായ റൂളുകൾ ഉണ്ടാകണം, ചട്ടങ്ങളുണ്ടാകണം. നിയമം പാസാക്കുന്നത് ലെജിസ്ലേച്ചറാണ്. ചട്ടം നിർമ്മിക്കുന്നത് എക്സിക്യൂട്ടീവാണ്. എല്ലാ ചട്ടങ്ങളിലും ഒരു വകുപ്പുണ്ടാകും. ഈ ചട്ടം പാർലമെന്റോ നിയമസഭയോ ഇത്ര ദിവസത്തിനകം അത് എതിർത്തില്ലെങ്കിൽ deemed to be passed അതാണ്. യഥാർത്ഥത്തിൽ കരുതുന്നത് എക്സിക്യൂട്ടീവിന് പരമാധികാരമാണ് ഈ ചട്ടങ്ങളുടെ നിർമാണം എന്നുള്ളതാണ്. അല്ലേ അല്ല. നിർമിക്കപ്പെടുന്ന ചട്ടങ്ങൾ ലെജിസ്ലേച്ചറിന്റെ അംഗീകാരം ആവശ്യമുള്ളതാണ്. ഇത് സാധാരണ ആരും നോക്കാറില്ല. നോക്കാത്തതുകൊണ്ട് എല്ലാം deemed to be passed ആണ്. ഈ ചട്ടമാണ് വളരെ ഗൗരവമേറിയ ഒരു മാറ്റമുണ്ടാക്കുന്ന ഭേദഗതി നമ്മുടെ തൊഴിൽ സാഹചര്യത്തിൽ ഇന്ത്യയിലുണ്ടാക്കിയത്. ആ ചട്ടം ഭേദഗതി ചെയ്യുന്നത് പാർലമെന്റ് സമ്മേളിക്കുന്ന സന്ദർഭത്തിൽ കൂടിയാണ്. അപ്പോൾ നിയമ നിർമാണ സഭയെ പൂർണമായും മാറ്റി നിർത്തിക്കൊണ്ട്, അതിനെ അജ്ഞതയിൽ നിർത്തിക്കൊണ്ട്, അതിനെ നോക്കുകുത്തിയാക്കികൊണ്ട് എക്സിക്യൂട്ടീവിലൂടെ മൂലധന താത്പര്യങ്ങൾ നടപ്പിലാക്കുകയാണ് ഈ തൊഴിൽ നിയമത്തിന്റെ ചട്ടങ്ങളിലെ ഭേദഗതിയിലൂടെ കേന്ദ്രസർക്കാർ ചെയ്തത്. ഇതാണ് ഒന്നാമത്തെ ഭാഗം. രണ്ട്. എന്തിനാണ് ഇങ്ങനെ മാറ്റം വരുന്നത്. അവർ പറഞ്ഞു ഐ.എം.എഫ്, ലോകബാങ്ക്, അതുപോലെ കണക്കുകൾ. ചില കണക്കുകൾ ഞാൻ പറയുമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. നിങ്ങളുടെ മുഖം കണ്ടിട്ട് ഒരു കണക്കും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പ്രത്യേകിച്ച് 12 മണി കണക്കുകൾക്ക് പറ്റിയ സമയമല്ല. പകലാണെങ്കിലും രാത്രിയാണെങ്കിലും. പെട്ടെന്നുറങ്ങാൻ വരുന്ന ഒരു സമയമായിരിക്കും. പ്രത്യേകിച്ച് ഇങ്ങനെയൊരന്തരീക്ഷവും ഈ ഫാനും കൂടി വരുമ്പോൾ അറിയാതെ നിങ്ങൾ തൂങ്ങിപ്പോകും. ഞാൻ പറയുന്നത് അതുകൊണ്ട് നമ്മൾ കണക്കുകളിലേക്ക് കൂടുതൽ പോകാൻ പാടില്ല. കണക്കുകൾ വല്ലാത്ത ഒരു സൂത്രക്കാരനാ. വേഗം നമ്മളെ ഉറക്കും. വേഗം നമ്മളെ തെറ്റിദ്ധരിപ്പിക്കും. ഈ താത്പര്യങ്ങൾ വരുന്നത് മൂലധന താത്പര്യത്തിനനുസരിച്ചു കൊണ്ടാണ്. എന്തുകൊണ്ട് സംഘടനകൾ തീരുമാനമെടുക്കുന്നു. മാറ്റങ്ങൾ വരുന്നത് ഉത്പാദന പ്രക്രിയയിലെ മാറ്റങ്ങളിലും എന്നാണ്. ലോകബാങ്ക് എന്തുകൊണ്ട് തീരുമാനിച്ചു, വേൾഡ് ട്രേഡ് ഓർഗനൈസേഷൻ എന്തു കൊണ്ട് തീരുമാനിക്കുന്നു, എന്തുകൊണ്ട് ഐ.എം.എഫ് തീരുമാനിക്കുന്നു, അതിനകത്തിരിക്കുന്നവരുടെ ചിന്തയുടെ പ്രോബ്ലമല്ല, ഉത്പാദന പ്രക്രിയ അതിന്റെ മുന്നുപാധിയായി ഉത്പാദന രീതിയിലും ഉത്പാദന ഉപകരണങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ, ആ മാറ്റത്തിനനുസൃതമായിക്കൊണ്ട് അതിനെ നിയന്ത്രിക്കുന്ന മൂലധന ശക്തികളുടെ താത്പര്യങ്ങളിങ്ങനെ സംരക്ഷിക്കപ്പെടുന്നു. പഴയ ഉത്പാദന രീതിയല്ല ഇപ്പോൾ. പണ്ടത്തെ ഉത്പാദന രീതി കേന്ദ്രീകൃതമായ ഉത്പാദന രീതിയാണ്. ഇപ്പോൾ ഒരു ജാതി, ഒരു മതം, ഒരു ദൈവം ശ്രീനാരായണഗുരു സൂചിപ്പിക്കുകയുണ്ടായല്ലോ. വലിയ നവോത്ഥാന മുന്നേറ്റങ്ങളുടെ കാലമാണ്. ആ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള മുന്നേറ്റങ്ങൾ ഉണ്ടായി. ആ മുദ്രാവാക്യങ്ങളുടെ പ്രസക്തി ഉണ്ട്, ഒപ്പം ആ സാഹചര്യവും ഉണ്ട്. നിങ്ങൾ തൊട്ടാൽ കുളിക്കുന്ന ഒരവസ്ഥയിൽ ഒരു കമ്പനിക്കകത്ത് ജോലി ചെയ്യാൻ പോയാൽ കമ്പനിയിൽ ഒരു ഉത്പാദനവും നടക്കില്ല, കുളി മാത്രമേ നടക്കുകയുള്ളൂ. മുതലാളിത്ത ഉത്പാദന രീതി കേന്ദ്രീകൃതമാണ്, ഫാക്ടറി കേന്ദ്രീകൃതമാണ് ആ ഘട്ടത്തിൽ. അപ്പോൾ നിങ്ങൾ ഒരാൾ ആറടി ദൂരെ നിൽക്കണം മറ്റൊരാൾ 12 അടി ദൂരെ നിൽക്കണം പിന്നൊരാൾ 32 അടി ദൂരെ നിൽക്കണം എന്നു പറഞ്ഞാൽ നിങ്ങളുടെ മെഷീൻ ഉൾക്കൊള്ളണമെങ്കിൽ ഏക്കറു കണക്കിനുള്ള സ്ഥലം വേണ്ടി വരും. ഒരു സാധനം ഉണ്ടാക്കണമെങ്കിൽ. ഈ മാറ്റം ഭരണവർഗത്തിന്റെ താത്പര്യങ്ങളുടെ മാറ്റമാണ്. ആ മാറ്റം ഉത്പാദന രീതിയിൽ വരുന്ന മാറ്റമാണ്. അതുകൊണ്ട് ഇത്തരം മുദ്രാവാക്യങ്ങൾക്ക് പെട്ടെന്ന് സ്വീകാര്യത കിട്ടും. ഇന്നത് മാറി. അത്തരം ഉത്പാദന ജോലികളുടെ വലിയ കേന്ദ്രീകരണങ്ങൾ മാറി, പുതിയ രീതിയിലേക്കാണ്. Flexi places, flexi time ചിലപ്പോൾ നമ്മുടെ കുട്ടികൾക്ക് നേരത്തെ ആളുകൾക്ക് ജോലികിട്ടുമ്പോൾ ആളുകൾ പറയും എന്റെ മോൾക്ക് ജോലി കിട്ടിയപ്പോൾ തന്നെ അവരൊരു ബ്ലാക്ക്ബെറി നൽകി ടെക്നോപാർക്കിൽ നിന്നും. ഇന്ന് ബ്ലാക്ക്ബെറി പോയി. ഇന്നിപ്പോ എല്ലാപേർക്കും മൊബൈലിൽ കിട്ടും. ബ്ലാക്ക്ബെറി നൽകാൻ കാരണം അന്ന് ബ്ലാക്ക്ബെറിയിൽ മാത്രമേ പുഷപ്പ് മെയിൽ സുള്ളൂ. കാരണം നിങ്ങൾ വീട്ടിലേക്ക് വരുമ്പോൾ നിങ്ങൾക്ക് ഒരു അസൈൻമെന്റ് നൽകുകയാണെങ്കിൽ ക്ഷീണിച്ചിരിക്കുന്ന നമ്മൾ നാളെ ചെന്നിട്ട് പറയും ഞാനത് കണ്ടില്ലാ എന്നു പറയാം. മെയിൽ ഓപ്പൺ ചെയ്തില്ലാ, കണ്ടില്ല. നിങ്ങളുടെ കൈയിൽ ബ്ലാക്ക്ബെറി ഉണ്ടെങ്കിൽ ബ്ലാക്ക്ബെറി നിങ്ങൾക്ക് മെസേജ് തന്നിരിക്കും എന്ന്. ഇന്നിപ്പോൾ ആ രീതിയിലാണ്. എല്ലാ മൊബൈലുകളിലും ഉണ്ട്. അന്ന് അങ്ങനെയല്ല. പിന്നെ ലാപ്ടോപ്പ് നൽകും. ലാപ്ടോപ്പ് നൽകുന്നത് നിങ്ങൾ വീട്ടിലിരുന്ന് ജോലി ചെയ്യണം എന്നുള്ളതാണ്. ഫ്ളെക്സി പ്ലെയിസസാണ്. എവിടെ ജോലി ചെയ്യുന്നു എന്നുള്ളത് ഇന്നത്തെ ഉത്പാദന രീതിയിൽ പ്രസക്തമേയല്ല. രണ്ടാമത്തേത് ഫ്ളെക്സി ടൈമാണ്. നിങ്ങൾ എട്ടു മണിക്കൂർ ജോലി ചെയ്യുന്നു. നിങ്ങൾ എട്ടുമണിക്കൂർ ജോലി ചെയ്യുന്നതു തന്നെ മതി. രാവിലെ നിങ്ങൾ ആറു മണിക്ക് വരണം. രാവിലെ ആറു മണിക്ക് വന്ന് പി.എസ്.സി യിലെ കുറേ റിക്രൂട്ട്മെന്റ് കാര്യങ്ങൾ എട്ടു മണിക്ക് ചെയ്താൽ എട്ടു മണിക്കാണ് പരീക്ഷ വരുന്നത്. പരീക്ഷയ്ക്ക് മുൻപുള്ള കാര്യങ്ങൾ ആറു മണിക്ക് വന്ന് എട്ടു മണിക്ക് ചെയ്തു പൊയ്ക്കോളൂ. പരീക്ഷ കഴിയും അത് 12 മണിക്കാണ്. പിന്നെ നിങ്ങളൊന്ന് 12 മണിക്ക് വരണം. 12 മണി മുതൽ 2 മണിക്ക് വന്ന് അതിന്റെ റിസൾട്ടുകൾ ആകെ എടുത്തുകൊണ്ട് ആ നിലയ്ക്കുള്ള വർക്കുകൾ നിങ്ങൾ സിസ്റ്റത്തിൽ ചെയ്യാനുണ്ട് നിങ്ങൾ 12–2 വന്നാൽ മതി. പിന്നെ നിങ്ങൾക്ക് ഫ്രീയാണല്ലോ. 6 മണിക്ക് ഒന്ന് വരണം. 6 മണി കഴിഞ്ഞാൽ ഇതിന്റെ ഒരു അനാലിസിസ് ചെയ്യാനുണ്ട്. 2




മണിക്കൂർ വന്നാൽ മതി. മൊത്തത്തിൽ 8 മണിക്കൂർ
മതി. അപ്പോൾ നമ്മൾ കരുതും എന്തു സുഖമാണ്.
പണ്ടാണെങ്കിൽ വന്നാൽ 8 മണിക്കൂർ. മാർക്സ് പറ
ഞ്ഞത് നിങ്ങളെപ്പോഴാണോ ഫാക്ടറിയുടെ ഗേറ്റ് കട
ക്കുന്നോ അപ്പോൾ നിങ്ങൾ മൂലധനത്തിന്റെ അടിമ
യാകുന്നു. ഗേറ്റ് വരെ നിങ്ങൾ സ്വതന്ത്രരാണ്. എന്തു
തരും എന്നു നിങ്ങൾക്ക് വിലപേശാം. അകത്ത് കയ
റിയാൽ നിങ്ങൾ മൂലധനത്തിന്റെ അടിമയാണ് എന്ന്
മാർക്സ് പറഞ്ഞു. അപ്പോൾ നമുക്കിപ്പോൾ സ്വാഭാ
വികമായി തോന്നി രാവിലെ വരണം രാവിലെ വന്നിട്ട്
ജോലി ചെയ്യണം പിന്നെ 5 മണിക്ക് പോണം ഇപ്പോൾ
സൗകര്യം, 6 മണിക്ക് എന്നിട്ട് ബൈക്കെടുത്ത് വരാം
വന്നിട്ട് 2 മണിക്കൂർ കഴിഞ്ഞ് പോകാം, നേരത്തെ നി
ങ്ങൾ 8 മണിക്കൂർ ആണ് മൂലധനത്തിന്റെ അടിമയെ
ങ്കിൽ ഇപ്പോൾ 24 മണിക്കൂറും മൂലധനത്തിന്റെ അടി
മയാകുന്നു. ജീവിതത്തിന്റെ എല്ലാതലങ്ങളേയും മൂല
ധനം നിയന്ത്രിക്കാൻ തുടങ്ങുന്നു. മൂലധനത്തിന്റെ
താത്പര്യങ്ങൾ ലാഭതാത്പര്യമാണ്. ലാഭം എപ്പോൾ
കിട്ടുമോ അപ്പോൾ കൂടുതൽ കൂടുതൽ ചിലപ്പോൾ
അവർക്ക് നിക്ഷേപം വേണ്ടിവരും ചിലപ്പോൾ കൂടു
തൽ കൂടുതൽ ഉത്പാദനം വേണ്ടി വരും. ആ സന്ദർ
ഭത്തിൽ തൊഴിലാളി മതി. അതാണ് ഹയർ & ഫയർ.
ആവശ്യത്തിന് എടുക്കുക, ആവശ്യം കഴിഞ്ഞാൽ പ
റഞ്ഞുവിടുക. ഇപ്പോൾ എൽ.ഡി.സി യുടെ അതി
നായിരിക്കും ചിലപ്പോൾ ഏറ്റവും കൂടുതൽ അപേ
ക്ഷ നിങ്ങൾക്ക് വരിക. അപേക്ഷ വരുമ്പോൾ നിങ്ങ
ളെ വരുത്തിയാൽ മതി. അതു കഴിഞ്ഞാൽ നിങ്ങളെ
വിടാം. പിന്നെ 2 വർഷം കഴിഞ്ഞാണ് അല്ലെങ്കിൽ 3
വർഷം കഴിഞ്ഞാണ് അടുത്ത വലിയ റിക്രൂട്ട്മെന്റ്.
ഇത്രയും ആള് വേണ്ട. Less govern is the best govern-
ment ഇത് ആഗോളവത്കരണത്തിന്റെ മുദ്രാവാക്യമാ
ണ്. ഏറ്റവും കുറച്ച് ഭരിക്കുന്നതാണ് ഏറ്റവും നല്ല ഗ
വൺമെന്റ്. ഗവൺമെന്റ് സ്ലിം ബ്യൂട്ടിയായിരിക്കണം.
ഒരു മെലിഞ്ഞ സുന്ദരിയായിരിക്കണം. ദുർമേദസുക
ളൊന്നും പാടില്ല. ഇതെല്ലാം ദുർമേദസുകളാണ്. പ
ബ്ലിക് എഡ്യൂക്കേഷൻ, പബ്ലിക് ഹെൽത്ത് കെയർ,
പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ്, പബ്ലിക് സെക്ടർ ഇൻഡ
സ്ട്രീസ് ഇതെല്ലാം ദുർമേദസുകളാണ്. ഇതെല്ലാം ക
ളഞ്ഞ് ഒരു സ്കെൽറ്റൺ. Government is a facilitator.
അതൊരു ഫെസിലിറ്റേറ്റ് ചെയ്യുന്ന സംവിധാനം മാ
ത്രമാണ്. ഈ രൂപത്തിൽ ഗവൺമെന്റ് സ്ഥാപനങ്ങ
ളിലേക്ക് വരുന്നു. അപ്പോൾ ആവശ്യത്തിനാളെ എടു
ക്കുകയും ആവശ്യം കഴിഞ്ഞാൽ പിരിച്ചു വിടുകയും
ചെയ്യുന്ന ഒരു മൂലധന താത്പര്യമാണ് തൊഴിൽ നി
യമങ്ങളുടെ ഭേദഗതികളിലേക്ക് നയിക്കുന്നത്. ആ മൂ
ലധന താത്പര്യം വരുന്നു. അത് ഉപകരണങ്ങളിൽ
വന്ന മാറ്റമാണ്. അതിവേഗത്തിൽ. ഇപ്പോൾ എവിടെ
എന്ത് നിർമിക്കുന്നത് എന്ന് ആർക്കും പറയാൻ പറ്റി
ല്ല. വളരെ പ്രശസ്തയായ മാധ്യമ പ്രവർത്തകയും
ആക്ടിവിസ്റ്റുമായ നവോമിക്ലിൻ വർഷങ്ങൾക്ക് മുൻ
പ് ഒരു പുസ്തകം എഴുതി. പുസ്തകത്തിന്റെ പേര്
നോ ലോഗോ എന്നാണ്. അവർ ഒരു മൂന്നാം ലോക
രാജ്യത്തിലേക്ക് ചെല്ലുകയാണ്. അവിടെ ആസ്ബറ്റോ
സ് കെട്ടിടങ്ങളിലിരുന്ന് കുറേ സ്ത്രീകൾ കുറേ സാ
ധനങ്ങൾ അസംബിൾ ചെയ്യുന്നു. ഇവരോട് നവോമി
ക്ലിൻ ചോദിച്ചു നിങ്ങളെന്താണ് അസംബിൾ ചെയ്യു
ന്നത്. അവർ പറഞ്ഞു എന്താണെന്ന് അവർക്കറിയി
ല്ല. ഇവിടെ വയ്ക്കണം അതവിടെ വയ്ക്കണം. അടു
ത്തയാൾക്ക് ഇതവിടെ വയ്ക്കണം അതവിടെ വയ്ക്ക
ണം. അവരുണ്ടാക്കുന്നത് ഐ.ബി.എം ന്റെ കമ്പ്യൂട്ട
റാണ്. കമ്പ്യൂട്ടറിന്റെ കീബോർഡിൽ ജീവിതത്തിൽ ഒ
രിക്കലും കൈയോടിക്കാനോ ആ കമ്പ്യൂട്ടർ കമ്പ്യൂട്ട
റായി ജീവിതത്തിലൊരിക്കലും കാണാനോ അവസ
രം കിട്ടാത്ത നിരക്ഷരരായ ആളുകൾ ഇരുന്നുകൊണ്ട്
പറയുന്നിടത്ത് അസംബിൾ ചെയ്തു വയ്ക്കുന്ന
ഐ.ബി.എം കമ്പ്യൂട്ടറുകളെ കുറിച്ച് പറയുകയുണ്ടാ
യി. ഇപ്പോൾ അഡിഡാസ് എന്ന് പറയുന്ന ലോക പ്ര
ശസ്ത ബ്രാൻഡുണ്ട്. അവർ വിൽക്കുന്നതൊന്നും
അവർ ഉണ്ടാക്കുന്നതേയല്ല. പലരുണ്ടാക്കുന്നതിന് അ
വരുടെ ലോഗോയാണ്. നിങ്ങൾ വാൾമാർട്ടിൽ പോ
കുകകയാണെങ്കിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന
കുട്ടികളുടെ കുപ്പായമുണ്ട്. ആൺകുട്ടികൾക്ക് നീല
നിറം. പെൺകുട്ടികൾക്ക് പിങ്ക് നിറം. ഇതാണ് ലോ
കം അംഗീകരിച്ചിട്ടുള്ള നിറങ്ങൾ. ഈ നിറങ്ങളിലുള
ള കുപ്പായങ്ങൾ ഗർബർ എന്നുപറയുന്ന ബ്രാൻഡാ
ണ്. ഈ ബ്രാൻഡാണ് ലോകത്ത് ഏറ്റവും അധികം
വിറ്റഴിക്കപ്പെടുന്ന ആദ്യത്തെ 3 ബ്രാൻഡുകളിൽ ഏറ്റ
വും പ്രധാനപ്പെട്ടത്. ഈ കുപ്പായം ഉണ്ടാക്കുന്നത് കി
ഴക്കമ്പലം എന്നു പറയുന്ന കേരളത്തിലെ ഒരു സ്ഥ
ലത്താണ്. അവിടെ നിന്നും ലോഗോ ഇന്റർനാഷണൽ
ലോഗോയാണ്. ആ ലോഗോയുമായി കയറി പോകു
കയാണ്. ഇതാണ് ഉത്പാദന രീതികളിൽ വരുന്ന മാറ്റ
ങ്ങൾ. ഒരിടത്ത് കേന്ദ്രീകരിക്കുന്നില്ല. പലയിടത്ത് ഉ
ണ്ടാക്കുന്നു. ലോഗോ മാത്രം മതി. വളരെ പ്രശസ്ത
മായ നൈക്ക് അതിന്റെ ഇന്ത്യയിലോ ലോകത്തോ
മൊത്തമുള്ള തൊഴിലാളികൾക്ക് കൊടുക്കുന്ന ആകെ
യുള്ള ശമ്പളത്തേക്കാൾ അധികമാണ് അതിന്റെ ബ്രാൻ
ഡ് അംബാസിഡറായ മൈക്ക് ജോർദാന് ഒരു വർ
ഷം കൊടുക്കുന്ന പ്രതിഫലമെന്നുള്ളത്. ഇങ്ങനെയു
ള്ള മാറ്റങ്ങൾ ഉത്പാദന രീതിയിൽ വരികയാണ്. ഈ
മാറ്റങ്ങൾ ഒരു വശത്ത് സമ്പത്തിനെ കേന്ദ്രീകരിക്കു
ന്നു. മറുവശത്ത് പാപ്പരീകരണവും അതുപോലെ ദ
രിദ്രവത്കരണവും ശക്തിപ്പെടുത്തുന്നു. ഇപ്പോൾ ക
ണക്ക് പറയുന്നില്ലെങ്കിലും ഉറക്കം വരാൻ ഇടയില്ലാ
ത്ത ഒരു കണക്ക് ഞാൻ പറയാം. ഇന്ത്യയിൽ 1991 ൽ
ആണല്ലോ പുതിയ സാമ്പത്തിക നയം തുടങ്ങുന്നത്.
2000 ൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാരുണ്ടായി. ശ
തകോടീശ്വരന്മാരെന്നു പറഞ്ഞാൽ ഞാൻ വിശദീകരി
ക്കേണ്ടതില്ലല്ലോ. ശതം നൂറാണ്. നൂറ് കോടി. നിങ്ങൾ
ഇപ്പോൾ കരുതും പാവം ഇയാളുടെ കൈയിൽ നൂറ്
കോടിയല്ലേയുള്ളു. തെറ്റിപ്പോകും നമ്മൾ. ബില്ല്യണ
യർ ഒരു ഇന്റർനാഷണൽ വേർഡാണ്. ആഗോളമായി
അംഗീകരിക്കപ്പെട്ട ബില്ല്യണയർ ആകണമെങ്കിൽ നി

ങ്ങളുടെ കൈയിൽ നൂറ് കോടി ഡോളറുണ്ടാകണം. നമ്മൾ ഈ പാവത്തിന്റെ കൈയിൽ നൂറ് കോടി രൂപ ഉള്ളൂ കരുതുമ്പോൾ അപ്പോൾ അയാളുടെ കൈയിൽ ആറായിരത്തി അഞ്ഞൂറോ ആറായിരത്തി അറുന്നൂറോ കോടി ഉണ്ട്. ഇതാണ് വാക്കുകൾക്ക് കൃത്യമായ അർത്ഥങ്ങൾ നമ്മൾ തേടുന്നില്ലെങ്കിൽ തെറ്റായ നിഗമനങ്ങളിലേക്കെത്തും. നൂറ് കോടിയല്ല, ആറായിരത്തി അഞ്ഞൂറ് കോടി ഉണ്ട്. 2000 ൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാരുണ്ടായിരുന്നു. 2017-18 ൽ ഇപ്പോൾ ഉളളത് 101 ശതകോടീശ്വരന്മാരാണ്. ഈ ശതകോടീശ്വരന്മാരുടെ സമ്പത്തിനകത്ത് കഴിഞ്ഞ ഒരു വർഷമുണ്ടായ വർദ്ധന എന്നുള്ളത് ഇന്ത്യയിൽ മൊത്തം സംസ്ഥാനങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ ബജറ്റിന്റെ 85% ആണ്. ഇതാണ് ശക്തിപ്പെട്ടു വരുന്ന അസമത്വം എന്നുളളത്.

ഇന്ത്യയിലെ ഏറ്റവും ധനികരായ ഒരു ശതമാനമാണ് കഴിഞ്ഞ വർഷം ഇന്ത്യയിലാകെ ഉത്പാദിപ്പിച്ച സമ്പത്തിന്റെ 73 ശതമാനവും കൈയടക്കിവച്ചിട്ടുള്ളത്. മൊത്തം സമ്പത്തിന്റെ 73 ശതമാനം. ബാക്കിയുള്ള മഹാഭൂരിപക്ഷത്തിനും അൻപത് ശതമാനത്തിനും ഒരു ശതമാനം വർദ്ധനയുണ്ടായപ്പോൾ ഈ സമ്പന്ന ഒരു ശതമാനത്തിന് 73% വർദ്ധനയുണ്ടായി. ഈ 73 നമുക്ക് പെട്ടെന്ന് പിടികിട്ടാത്ത വലിപ്പമുള്ള ഒരു സംഖ്യയാണ്. ഈ ശതമാനം ഞാൻ നേരത്തെ കണക്ക് പറഞ്ഞല്ലോ നിങ്ങൾക്ക് ഉറക്കം വരും എന്ന്. കണക്ക് വളരെ സമർത്ഥമായ സൂത്രക്കാരനാണ്. ഇപ്പോൾ 50 രൂപ കൂലിയുള്ള ഒരാൾക്ക് നൂറ് രൂപ കൂലിയാക്കിയാൽ മലയാള മനോരമയുടെ ലീഡ് തലക്കെട്ട് കൂലി 100% വർദ്ധിച്ചു എന്നായിരിക്കും. ഈ തലക്കെട്ട് വായിക്കുമ്പോൾ നമ്മൾ അറിയാതെ തലയിൽ കൈവയ്ക്കും. ഈ നാട് ഒരിക്കലും നന്നാകില്ല. 100 ശതമാനമൊക്കെ ഒറ്റയടിക്ക് വർദ്ധിപ്പിക്കാമോ. തലക്കെട്ട് മാത്രം വായിച്ച് നിഗമനങ്ങളിലെത്തുന്നവരാണ് വായിക്കുന്നവരിൽ മഹാഭൂരിപക്ഷവും. അപ്പോൾ നിങ്ങൾ ഓഫീസിലേക്കുള്ള ഓട്ടത്തിനിടയിൽ വന്നു വീഴുന്ന പത്രത്തിന്റെ തലക്കെട്ടുകളിലൂടെയായിരിക്കും ഓടിപ്പോകുക. ഇന്ന് നോക്കുമ്പോൾ ഇന്നിപ്പോൾ കാരശ്ശേരിയുടെ ലേഖനമുണ്ട്. വായിക്കണം. വായിക്കാൻ നമ്മൾ മാറ്റി വയ്ക്കും. തിരിച്ചുവന്ന് വായിക്കാൻ മാറ്റി വയ്ക്കുന്ന പത്രങ്ങളെല്ലാം മാസാവസാനം ഒരാൾ വന്ന് ഒന്നിച്ചെടുത്ത് കൊണ്ടുപോകാറാണ് സാധാരണ പതിവ്. തിരിച്ചുവരുമ്പോൾ നമ്മൾ അതിനേക്കാൾ ക്ഷീണിച്ചാണ് നമ്മൾ വരുന്നത്. അപ്പോൾ പിന്നെ നാളെ നോക്കാം എന്നു വിചാരിക്കും. നാളെ രാവിലെ അടുത്തത് വന്നുവീഴും. അപ്പോൾ തലക്കെട്ടിലൂടെ നിഗമനങ്ങളിലേക്കെത്തുന്നവരാണ് മഹാഭൂരിപക്ഷവും. ഈ ശതമാനം എന്നെഴുതിയ നൂറ് ശതമാനം വർദ്ധനവെന്നെഴുതിയ വാർത്തയുടെ അവസാനത്തെ പാരഗ്രാഫിലായിരിക്കും 50 രൂപയായിരുന്നത് 100 രൂപയാക്കി. അപ്പോൾ ഇതാണ് തലക്കെട്ടെങ്കിലോ. തൊഴിലാളിക്ക് നൂറ് രൂപയാണ് കൂലി. അപ്പോൾ നേരത്തെ തലയിൽ കൈവച്ചയാൾ വീണ്ടും തലയിൽ കൈവച്ചിട്ട് പറയും ഈ 100 രൂപ കൊണ്ട് ഈ പാവം എങ്ങനെ ജീവിക്കും. ഒരേ കാര്യമാണ്. രണ്ടവതരണമാണ്. ഒരേ ഉള്ളടക്കമാണ്. രണ്ട് തലക്കെട്ടാണ്. സാധാരണ ഞാൻ മാധ്യമ പ്രഭാഷണങ്ങളിൽ പറയാറുണ്ട്, ഇപ്പോൾ പിന്നെ വാർത്തയല്ല, ഇപ്പോൾ പെട്രോളിന്റെ വിലവർദ്ധനവ് വാർത്തയേയല്ല. പട്ടി മനുഷ്യനെ കടിച്ചാൽ വാർത്തയല്ല. പത്രപ്രവർത്തന ക്ലാസിലെ ആദ്യത്തെ പാഠങ്ങളിലൊന്നാണ്. മനുഷ്യൻ തിരിച്ച് പട്ടിയെ കടിച്ചാൽ വാർത്തയാണ്. അസാധാരണമായതാണ് വാർത്ത. ഇപ്പോൾ പെട്രോളിനും ഡീസലിനും എന്നും കൂടികൊണ്ടിരിക്കുന്നത് വാർത്തയല്ല. അത് അസാധാരണമല്ല. സാധാരണമാണ്. പക്ഷെ പെട്രോളിന് വില, ചിലരെഴുതും, പെട്രോളിന് വിലകൂടി. അപ്പോൾ നമുക്ക് തോന്നും നമ്മൾ എന്തുചെയ്യാനാ. പെട്രോളിന് രാവിലെ എണീറ്റപ്പോൾ തോന്നി ഇതാണ്. കർത്താവില്ലാത്ത കർമ്മമാണ് കൂടി. സ്വാഭാവിക പ്രക്രിയയാണ്. എന്നാൽ കൂട്ടിയെന്ന് വായിക്കുകയാണെങ്കിലോ പെട്ടെന്ന് നമ്മൾ എഴുന്നേൽക്കും, പന്തം എവിടെ കിട്ടുമെന്ന് ചോദിക്കും. കൂട്ടായി ആരെടാ കൂട്ടിയത് എന്ന് ചോദ്യം വായനയിൽ നിന്നും പ്രത്യേകമായ ആഹ്വാനങ്ങളില്ലാതെ, അറിയാതെ, സാധാരണ മനുഷ്യനിൽ നിന്നുയരും. പ്രത്യേകിച്ച് ആഹ്വാനങ്ങൾ വേണ്ട. പി.എസ്.സി എംപ്ലോയീസ് യൂണിയൻ ആഹ്വാനം ചെയ്തു പെട്രോൾ വിലവർദ്ധനവിനെതിരെ നാളെ പ്രകടനം ഉണ്ടാകണം. അപ്പോൾ വായനയിൽ നിന്ന് അറിയാതെ നിഗമനങ്ങളിലേക്ക് എത്തുന്നു. ചെറിയ വ്യത്യാസമേയുള്ളൂ, കൂടി, കൂട്ടി. അക്ഷരത്തിന്റെ ഒരു വളവ് കൂടുമ്പോൾ രാഷ്ട്രീയം തലകീഴായി മറിയുന്നു. കൂടിയെന്ന് വായിക്കുമ്പോൾ നമ്മൾ സമരസപ്പെട്ടു പോകുന്നു. കൂട്ടിയെന്ന് വായിക്കുമ്പോൾ നമ്മൾ സമരോത്സുകമാകും. ഇങ്ങനെ ഓരോന്നും അവതരിപ്പിക്കുന്നു. ഓരോ വാക്കിനും കൃത്യമായ രാഷ്ട്രീയമുണ്ട്.

ഒരു ബജറ്റിൽ കർഷകന് സഹായം നൽകുന്നത് സബ്സിഡി. അതേ ബജറ്റിൽ കോർപ്പറേറ്റിന് സഹായം നൽകുന്നത് ഇൻസെന്റീവ്. സബ്സിഡി എന്നു കേൾക്കുമ്പോൾ നമ്മൾ പറയും ഇങ്ങനെ സബ്സിഡി കൊടുത്തിട്ട് ഈ നാട് എവിടേക്ക് പോകും. ഇൻസെന്റീവ് എന്നു കേൾക്കുമ്പോൾ കൊള്ളാം. ഇൻസെന്റീവ് പ്രചോദിപ്പിക്കുന്നതാണ്. സംഗതി ഒന്നാണ്. ഗവൺമെന്റ് നൽകുന്നു. കർഷകന് നൽകുന്നത്, ദരിദ്രന് നൽകുന്നത് സബ്സിഡികളാണ്. കോർപ്പറേറ്റിന് നൽകുന്നത് ഇൻസെന്റീവാണ്. ഒരേ വാക്കാണ്. അതേപോലെ വ്യത്യസ്ത അർത്ഥമുള്ള രണ്ടു വാക്കുകളാണ് Growth, Development. Growth, Development രണ്ടും ഒന്നല്ല. Growth വളർച്ചയാണ്. Development വികസനമാണ്. Development is the third generation human right. മൂന്നാം തലമുറ മനുഷ്യാവകാശമാണ് വികസനം. എന്തുകിട്ടുന്നു എന്നുള്ളത് നല്ല ശുദ്ധവായു, വിദ്യാഭ്യാസം, നേരത്തെ വിദ്യാഭ്യാസം ഇപ്പോൾ ക്വാളിറ്റി എഡ്യൂക്കേഷൻ എന്നാണ്, ക്വാളിറ്റി ഹെൽത്ത്കെയർ ഇതൊക്കെയാണ് ഡെവലപ്മെന്റ്. Growth എന്തുണ്ടാക്കുന്നു എന്നുള്ളതാണ്. വളർച്ച വികസനത്തിന്റെ മുന്നുപാധിയാണ്. അപ്പോൾ ഇങ്ങനെയൊക്കെയാണ് നമ്മളറിയാതെ തെറ്റായ നിഗമനങ്ങളിലേക്കെത്തുന്നത്. ഞാൻ വീണ്ടും തുടങ്ങിയിടത്തേക്ക് വരികയാണ്. അപ്പോൾ ശതമാനം ഈ സൂത്രക്കാരനാണ്. അറിയാതെ ഇതിലേക്കെത്തും. ചിലപ്പോൾ നിങ്ങൾ പത്രത്തിൽ ചെറിയ വാർത്ത കാണാം, ദേശാഭിമാനിയിൽ മാത്രമേ കാണാനിടയുള്ളൂ. ലോകത്തെ ശതകോടീശ്വരന്മാരുടെ സമ്പത്തിൽ ഈ വർഷം 0.012 ശതമാനം വർദ്ധനവുണ്ടായി. സൂക്ഷ്മമായി വായിക്കുന്ന ഒരാളുടെ കണ്ണിൽപ്പെടുകയുള്ളൂ. എന്നാൽ ഈ 0.012 ശതമാനം നമ്മൾ അക്കത്തിലേക്ക് പരിവർത്തനപ്പെടുത്തുകയാണെങ്കിൽ ഒരു അഞ്ചാറ് രാജ്യങ്ങളു

ടെ ജി.ഡി.പിയേക്കാൾ അധികമായിരിക്കും. അങ്ങനെ ഇത് അക്കത്തിലാണെഴുതുന്നതെങ്കിൽ ആ പത്രത്തിന്റെ അന്നത്തെ ലീഡ് വാർത്തയാകാതിരിക്കാൻ തരമില്ലാത്തത്ര മാത്രം വലിപ്പം ഈ 0.012 ശതമാനത്തിന് ഉണ്ടാകും. ഇതാണ് ശതമാനം ഒരു സൂത്രക്കാരനാണ്. അതിനാൽ 73% കഴിഞ്ഞ ഒരു വർഷം ഇന്ത്യയിൽ ആകെയുണ്ടാക്കിയ സമ്പത്തിന്റെ 73% അതിസമ്പന്നരായ ഒരു ശതമാനത്തിന്റെ കൈയിൽ എന്നു പറയുമ്പോൾ അതിന്റെ വലിപ്പം പെട്ടെന്ന് നമ്മുടെ മനസിലേക്ക് വരില്ല. മനസിലേക്ക് വരണമെങ്കിൽ താരതമ്യങ്ങൾ പ്രധാനമാണ്. നിങ്ങൾ ഒന്ന് വലുതാണോ ചെറുതാണോ എന്നു മനസിലാകുന്നത് താരതമ്യ വിശകലനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ താരതമ്യങ്ങൾ എന്നത് 73% ശതമാനം എന്നുള്ളത് കഴിഞ്ഞ 2017-18 ലെ ഇന്ത്യയുടെ മൊത്തം ബജറ്റിന്റെ തുകയേക്കാളും വലുതാണ്. ഇന്ത്യയിൽ അതിസമ്പന്നരായ ഒരു ശതമാനത്തിന്റെ സമ്പത്തിൽ 2017-18 ൽ അവർ കൈയ്യടക്കിയത് ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ 73% ആണ്. ഉത്പാദിപ്പിച്ച സമ്പത്തിന്റെ, ഇന്ത്യയിൽ ആകെയുള്ള സമ്പത്തല്ല, അത് 58% ആണ്, ഇത് 73%, 2017-18 ൽ ഉത്പാദിപ്പിച്ചത് ഇവർ കൈയ്യടക്കിയത്, ആ വിഭാഗത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ വർദ്ധനവ് എന്നുള്ളത് ഈ അതിസമ്പന്ന ഒരു ശതമാനത്തിന്റെ 2017-18 ൽ അവരുടെ ആകെയുള്ള സമ്പത്തിലുണ്ടായ വർദ്ധനവ് എന്നുള്ളത് ഇന്ത്യയുടെ മൊത്തം ബജറ്റിനേക്കാൾ അധികമാണ്. മൊത്തം ഒരു വർഷം ഉത്പാദിപ്പിച്ചതിന്റെ 73% അവർ കൈയ്യടക്കി. 2016-17 ൽ നിന്ന് 2017-18 ൽ ഈ ഒരു ശതമാനത്തിനുണ്ടായ വർദ്ധനവ് ഇന്ത്യയുടെ മൊത്തം ബജറ്റിനേക്കാൾ വലുതാണ്. ഇതാണ് അസമത്വത്തിന്റെ അതിതീവ്രമായ വ്യാപനം. Intensify inequalities എന്നു പറയും. അസമത്വം വല്ലാതെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ താത്പര്യങ്ങൾ എല്ലാ നയങ്ങൾക്കകത്തും പ്രതിഫലിക്കും. അതിന്റെ ഭാഗമായിക്കൊണ്ടാണ് ഈ പുതിയ സമീപനങ്ങൾ വരുന്നത്. അപ്പോൾ പുതിയ ഈ തൊഴിൽ നിയമം ഉത്പാദന രീതികളിൽ വരുന്ന മാറ്റത്തിനനുസൃതമായി ആവശ്യത്തിന് ആളെ എടുക്കുകയും ആവശ്യം കഴിഞ്ഞാൽ ആളെ പറഞ്ഞുവിടുന്നതിനുമുള്ള ആധികാരികമായ നിയമ പിൻബലം ഉറപ്പു വരുത്താനുള്ള ചട്ട ഭേദഗതിയാണ്. രണ്ടാമത്തെ ഭാഗം De-Nationalisation ആണ്. സാധാരണ നമ്മൾ privatisation എന്നാണ് ഉപയോഗിക്കാറ്. അതുപോരാ, ചില വാക്കുകൾ പോരാതെ വരും ചില പ്രതിഭാസങ്ങളെയോ പ്രശ്നങ്ങളെയോ അഭിസംബോധന ചെയ്യാൻ. privatisation സ്വകാര്യവത്ക്കരണമാണ്. De-Nationalisation ആണെങ്കിൽ നോക്കൂ, പല സ്ഥാപനങ്ങളും നേരത്തെ ദേശസാത്കരിക്കപ്പെട്ടതിനെ തിരിച്ച് സ്വകാര്യവത്കരിച്ചുകൊണ്ടിരിക്കുന്നു. എണ്ണക്കമ്പനികൾ നേരത്തെ ദേശസാത്കരിച്ചതാണ് അതിനെ സ്വകാര്യവത്കരിച്ചു. കൽക്കരി നേരത്തെ ദേശസാത്കരിച്ചതാണ് ഇപ്പോൾ അതിനെ സ്വാകര്യവത്കരിച്ചു. De-Nationalisation പ്രക്രിയ ശക്തിപ്പെടുന്നു. ഇത് മുതലാളിത്തത്തിന്റെ ആദ്യകാല വരവിൽ ആദിമ മൂലധനം Primitive Accumulation of Capital പ്രാകൃത അല്ലെങ്കിൽ ആദിമ മൂലധന സഞ്ചയത്തിന്റെ ആധുനികകാല രൂപമായി ഈ സമ്പത്ത് മുഴുവൻ ചുരുങ്ങിയ വിലയ്ക്ക് ആഗോള മൂലധന ശക്തികൾക്ക് ലഭിക്കുകയാണ്. അതോടുകൂടി വരുന്ന മാറ്റം, ഇപ്പോൾ നി



ങ്ങൾക്കുള്ള ഒരു ഉത്ക്കണ്ഠ ഇപ്പോൾ പി.എസ്.സി വഴിയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലേക്കെല്ലാമുള്ള റിക്രൂട്ട്മെന്റ് ഇത് സ്വകാര്യവത്കരിക്കപ്പെടുകയോ De-Nationalised ചെയ്യപ്പെടുകയോ ചെയ്താൽ പിന്നെ നിങ്ങളുടെ റോൾ പോയി. നമ്മളെ എങ്ങനെ ബാധിക്കുമെന്നുള്ള ഉത്കണ്ഠ എല്ലായിടത്തും ഉണ്ട്. പൊതുവായ താത്പര്യത്തോടൊപ്പം നമുക്ക് എന്ത് സംഭവിക്കും എന്നുള്ള ഉത്കണ്ഠ അവസാനമായിരിക്കും ആ ഉത്കണ്ഠ വരിക, മറ്റുപലതും കേൾക്കുമ്പോൾ നമ്മൾ പി.എസ്.സി ആണല്ലോ, പി.എസ്.സി ഇങ്ങനെ ഇരിക്കുമല്ലോ, എന്നു കരുതികൊണ്ടിരിക്കുന്ന ഒത്തിരിയേറെ ആളുകളുണ്ടാകും, പി.എസ്.സിക്കെന്താ, പി.എസ്.സി ഒന്നും ഉത്പാദിപ്പിക്കുന്നില്ല, പി.എസ്.സി ആകെ റിക്രൂട്ട്മെന്റിന് സഹായിക്കുന്ന സംവിധാനമാണ്, റിക്രൂട്ട് ചെയ്യുന്ന സംവിധാനമാണ്, അതുകൊണ്ട് നമുക്കൊന്നും ബാധിക്കില്ല, ഈ നയങ്ങളിങ്ങനെ വരും, പോകുകയും ചെയ്യും, നമ്മൾ രാവിലെ വരുന്നു, ഭക്ഷണം കഴിക്കുന്നു, ജോലി ചെയ്യുന്നു, തിരിച്ചു പോകുന്നു. നമ്മുടെ ജീവിതത്തിൽ ഒന്നും ബാധിക്കില്ലാ എന്നു കരുതുന്നു. പണ്ട് പറയില്ലേ ഞാനും എന്റെ ഭാര്യയും ടെലിവിഷനിൽ, ഇപ്പോൾ അത് മാറി, ഞാനും എന്റെ മൊബൈലും. Mobile is the biggest machine in the world എന്നാണ്. ഞാനും എന്റെ മൊബൈലും മാത്രം മതി, വേറെ ഒന്നും വേണ്ട. അങ്ങനെ ചിന്തിക്കുന്നവർക്കും അറിയണം നമ്മുടെ ജീവിതത്തേയും ബാധിക്കാൻ പോകുകയാണ്. മൂന്നാമത്തെ പ്രശ്നം സ്വകാര്യവത്കരിക്കപ്പെടുന്നതോടു കൂടി സംവരണാനുകൂല്യങ്ങൾ ഇല്ലാതാകും. ഇപ്പോൾ എല്ലാപേരും പറയുന്നു ഞങ്ങൾക്കും സംവരണം വേണം, ഞങ്ങൾക്കും എസ്.സി സ്റ്റാറ്റസ് വേണം, ഞങ്ങൾക്ക് എസ്.ടി സ്റ്റാറ്റസ് വേണം, ഞങ്ങൾക്ക് ഓ.ബി.സി വേണം ഈ വാദങ്ങൾ വരുന്നുണ്ട്. നിങ്ങളുടെ കൈയിൽ കോരിയെടുക്കാനുള്ള സ്പൂണുണ്ടാകും, പാത്രത്തിൽ ഒന്നുമില്ലെങ്കിൽ നിങ്ങളുടെ കൈയിലുള്ള തവിയുടെ വലിപ്പം എത്രമാത്രം വർദ്ധിപ്പിച്ചാലും എന്താ കാര്യം. ഞങ്ങൾക്ക് 15% വേണം, നിങ്ങൾ 50% എടുത്തോ, വേറെതരത്തിലുള്ള റിക്രൂട്ട്മെന്റ് ഇല്ലെങ്കിൽ, പൊതുമേഖലയെല്ലാം സ്വകാര്യവത്കരിക്കുന്നു, ഗവൺമെന്റ് നിയമന നിരോധനത്തി

**സാമ്പത്തിക നേട്ടത്തിനോ സേവന– വേതന വ്യവസ്ഥകളിലെ മാറ്റങ്ങൾക്കോ വേണ്ടിയുള്ള കേവല മുദ്രാവാക്യങ്ങൾക്ക് പുറത്ത് നയത്തിനെതിരെയുള്ള വിശാല താത്പര്യം മുൻനിർത്തുന്ന പോരാട്ടങ്ങളാണ് സമീപകാലത്ത് രാജ്യം സാക്ഷ്യം വഹിക്കുന്നത്.**

ലാണ്, പുതിയ റിക്രൂട്ട്മെന്റുകൾ ഇല്ല, അങ്ങനെ വരുമ്പോൾ പൊതുമേഖലയിൽ മാത്രമേ സംവരണം ഉള്ളൂ. ഇത് വീണ്ടും ഗുരുതരമായ പ്രത്യാഘാതങ്ങൾ സാമൂഹികതലങ്ങളിലുണ്ടാക്കാൻ ഇടയുള്ളതാണ്. അതിലേക്ക് ഞാൻ അധികം കടക്കുന്നില്ല. ഇതിനനുസൃതമായിക്കൊണ്ടുള്ള ഒരു നിയമഭേദഗതിയാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഇത്തരം നയങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭങ്ങൾ വരുന്നുണ്ട്. ഈ പ്രക്ഷോഭങ്ങളിൽ കോടിക്കണക്കിനാളുകൾ അണിനിരക്കുന്നുണ്ട് ഇന്ത്യയിൽ. ഇപ്പോൾ ഡൽഹിയിൽ 3 ദിവസത്തെ വലിയ സമരം നടന്നില്ലേ. കർഷകരുടെ സമരം കണ്ടില്ലേ. ലോംഗ് മാർച്ച്, രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, നിരവധി കർഷക സമരങ്ങൾ വരുന്നുണ്ട്. ഈ സമരങ്ങൾ ഓരോന്നും നമ്മൾ സൂക്ഷ്മമായി നോക്കുകയാണെങ്കിൽ ഇതെല്ലാം നയത്തിനെതിരെയുള്ള സമരങ്ങളാണ്. സാമ്പത്തിക നേട്ടത്തിനോ സേവന–വേതന വ്യവസ്ഥകളിലെ മാറ്റങ്ങൾക്കോ വേണ്ടിയുള്ള കേവല മുദ്രാവാക്യങ്ങൾക്ക് പുറത്ത് നയത്തിനെതിരെയുള്ള വിശാല താത്പര്യം മുൻനിർത്തുന്ന പോരാട്ടങ്ങളാണ് സമീപകാലത്ത് രാജ്യം സാക്ഷ്യം വഹിക്കുന്നത്. എന്നാൽ ഈ പോരാട്ടങ്ങൾ നയങ്ങൾക്കെതിരാണെങ്കിൽ നയങ്ങൾക്കെതിരായി ശരിയായി വരുന്ന സമരങ്ങളിൽ അതേ നിലപാടാണ് ഇവർ സ്വീകരിക്കുന്നുണ്ടോ. ഇൻഷ്വറൻസ് മേഖല സ്വകാര്യവത്കരിക്കപ്പെട്ടു. ഞാൻ അന്ന് പാർലമെന്റ് മെമ്പർ എന്ന നിലയിൽ ആ കമ്മിറ്റിയിൽ പ്രവർത്തിക്കുകയായിരുന്നു, പ്രത്യേകമായ ഒരു സെലക്ട് കമ്മിറ്റി അമൻഡ്മെന്റ് ബിൽ ചർച്ചചെയ്യാറുണ്ട്. വലിയ പ്രതിഷേധം വരികയാണ്. അപ്പോൾ എൽ.ഐ.സി ഓഫീസർമാരുടെ ഒരു സംഘടനയുടെ അഖിലേന്ത്യാ സമ്മേളനം നടക്കുകയാണ്. അത് ഉദ്ഘാടനം ചെയ്യാൻ എന്നെ വിളിച്ചു. ഒരു സ്വതന്ത്ര സംഘടനയാണ്. എല്ലാവരും എലൈറ്റ് ക്ലാസാണ്. സ്വാഗത പ്രാസംഗികൻ ഒരു അഞ്ചെട്ട് മിനിട്ടെടുത്തു എന്നെ അവതരിപ്പിക്കാൻ. എന്നിട്ടദ്ദേഹം പറഞ്ഞു ഇനി സാറിലാണ് ഞങ്ങളുടെ മുഴുവൻ പ്രതീക്ഷയും. നല്ല കൈയ്യടിയൊക്കെ കിട്ടി. ഞാൻ എന്റെ പ്രസംഗം തുടങ്ങിയപ്പോൾ പറഞ്ഞു, നിങ്ങൾ പറഞ്ഞു എന്നിലാണ് നിങ്ങളുടെ പ്രതീക്ഷയെന്ന് യഥാർത്ഥത്തിൽ എന്റെ പ്രതീക്ഷ മുഴുവൻ നിങ്ങളിലായിരുന്നു. അപ്പോൾ ഞാൻ അവരോട് ചോദിച്ചു നിങ്ങൾ ഇപ്പോൾ എന്നിൽ പ്രതീക്ഷ അർപ്പിക്കുന്നത് വിദേശ മൂലധനം ഇൻഷ്വറൻസ് മേഖലയിൽ വരരുത് എന്നുള്ള നിലപാടിലാണ്. ഇതൊരു നയമാണ്. പാർലമെന്ററി സംവിധാനം ഇത് പരിശോധിക്കാനുള്ള ഒരു സംവിധാനം മാത്രമാണ്. ജനാധിപത്യത്തിൽ നയം തീരുമാനിക്കുന്ന പ്രധാന സമരങ്ങളിലൊന്ന് തെരഞ്ഞെടുപ്പാണ്. ബി.ജെ.പി എഫ്.ഡി.ഐയ്ക്ക് അനുകൂലമാണ് എന്നറിയാത്ത ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ. എല്ലാപേരും ടൈയും കോട്ടുമൊക്കെ ഇട്ടാണ് നിൽക്കുന്നത്. അപ്പോൾ ആരുമില്ല. കോൺഗ്രസും ഈ നയത്തിനനുകൂലമാണ് എന്നറിയാത്ത ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ. അപ്പോഴും ആരുമില്ല. പിന്നെ ഞാനവരോട് ചോദിച്ചു രഹസ്യമാണെങ്കിൽ പോലും തെരഞ്ഞെടുപ്പൊക്കെ കഴിഞ്ഞ സ്ഥിതിക്ക് കോൺഗ്രസ് മുന്നണിക്കോ ബി.ജെ.പി മുന്നണിക്കോ അല്ലാതെ വോട്ട് ചെയ്ത ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ. അപ്പോൾ രണ്ടു മൂന്ന് പേർ മാത്രം കൈപൊക്കി. കേരളത്തിൽ നിന്നും അധികം പേരൊന്നുമില്ല. ഞാൻ ചോദിച്ചു, ഒരു കയർ ഉണ്ടാക്കി, കുരുക്കുണ്ടാക്കി, അതിൽ തലയിട്ടു കൊടുത്തിട്ട് പിന്നെ കൈയും കാലും ഇട്ടടിച്ച് ആരെങ്കിലും രക്ഷിക്കാൻ വരണേ എന്നു പറയുന്നതിൽ എന്തു പ്രസക്തിയാണുള്ളത്. ഈ സമരങ്ങളിൽ പങ്കെടുക്കുന്നവർ നയത്തിനെതിരെ പൊരുതുന്നവരാണ്. ഒരു പണിമുടക്കത്തിന് സി.ഐ.ടി.യു ആഹ്വാനം ചെയ്യുമ്പോൾ പങ്കെടുക്കുന്ന തൊഴിലാളി ത്യാഗം അനുഷ്ഠിച്ചുകൊണ്ട് പങ്കെടുക്കുന്നതാണ്. സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി എല്ലാപേരും ചേർന്നുള്ള വിശാലമായ മുന്നണിയാണ്. തൊഴിലാളിക്ക് നിങ്ങൾ നയത്തിനെതിരെ നിങ്ങളും സമരം ചെയ്തിട്ടുണ്ട്, ഇല്ലേ, പണിമുടക്ക് നിങ്ങളും നടത്തിയിട്ടില്ലേ. ചിലപ്പോൾ ഡയസ്നോൺ ഏർപ്പെടുത്തിയിട്ടുണ്ടാകും. ചിലപ്പോൾ നിങ്ങൾക്ക് പേടിയുണ്ടാകും. പേടിയില്ലാതെയാണ് സമരത്തിൽ പങ്കെടുക്കേണ്ടത്. വേണമെങ്കിൽ അച്ചടക്ക നടപടി വരാം. ഇവിടെ പി.എസ്.സി എംപ്ലോയീസ് യൂണിയൻ, അസോസിയേഷൻ ഏതൊക്കെ സംഘടനകളുണ്ടോ എല്ലാപേരും ചേർന്ന് ഈ നയത്തിനെതിരെ, ഈ റിക്രൂട്ട്മെന്റ് നയത്തിനെതിരെ സമരം ചെയ്തു, പണിമുടക്കി, എല്ലാം റെഡിയായി, വേണമെങ്കിൽ ചിലപ്പോൾ പിരിച്ചുവിടാം, ശമ്പളം നഷ്ടപ്പെടാം ഈ ഭീതിയൊക്കെയുള്ള ഒരു സമരത്തിൽ പങ്കെടുത്തു. എല്ലാ സംഘടനയും വേണ്ടാ, നമ്മുടെ സംഘടന മാത്രമുള്ളവർ മാത്രം പങ്കെടുത്തു എന്നു കരുതുക. തെരഞ്ഞെടുപ്പിൽ ഇൻസെന്റീവാണ്, നേരത്തെ പറഞ്ഞതുപോലെ. നിങ്ങൾക്ക് ഒരു ദിവസം അവധി കിട്ടും, ഡയസ്നോണില്ല, അവധിയാണ്. സന്തോഷമായി പോയി വോട്ട് ചെയ്താൽ വീട്ടിൽ വിശ്രമിക്കാം. ഡയസ്നോൺ നേരിട്ടുകൊണ്ട് ഈ നയത്തിനെതിരെ ശക്തമായി പണിമുടക്കിയ ഒരാൾ അത്തരം അപകടങ്ങളൊന്നുമില്ലാത്ത നയം നിർണയിക്കുന്ന പ്രധാന സമരത്തിൽ അതേ നയത്തിനനുകൂലമായി വോട്ട് ചെയ്യുന്നില്ലേ. വേറെ സംഘടനകൾക്കും ഉണ്ട്. ഓരോ സംഘടനയെയും എടുത്ത് നോക്കിക്കോളൂ. അപ്പോൾ ത്യാഗനിർഭരമേറിയ പോരാട്ടങ്ങളിൽ അണിചേർന്നവർ പോലും, നയത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരങ്ങളിൽ പങ്കെടുക്കുന്നവർ പോലും, അത്തരം ത്യാഗം ആവശ്യപ്പെടാത്ത, ജനാധിപത്യ

ത്തിൽ എന്നാൽ നയം തീരുമാനിക്കുന്നതിൽ പ്രധാന പ്പെട്ട ഒരു സമരത്തിൽ അതേ നയത്തിനനുകൂലമായി വോട്ട് ചെയ്യുന്ന ഒരു സാഹചര്യത്തെ എങ്ങനെ മാറ്റമായി തീർക്കാൻ കഴിയും. ഇതാണ് പ്രധാന വെല്ലുവിളി. എല്ലാം തീരുമ്പോൾ തൊഴിൽ നിയമം, റിക്രൂട്ട്മെന്റ് സംവിധാനം, ഇപ്പോൾ എൽ.ഡി.എഫ് വന്നു, പെട്ടെന്ന് നിങ്ങൾക്ക് ജോലി കൂടി, എത്ര നിയമനങ്ങൾ വന്നു. എന്തുകൊണ്ട് വന്നു. എൽ.ഡി.സിമാരുടെ ജോലി കൂടിയതുകൊണ്ടാണോ, സർക്കാർ പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചതുകൊണ്ടാണോ. ഒരു നയത്തിന്റെ പ്രതിഫലനമാണ്. ആ നയത്തിന്റെ പ്രതിഫലനത്തിന്റെ ഭാഗമായി പി.എസ്.സിയുടെ റോൾ ശക്തിപ്പെട്ടു. നേരത്തെയുള്ള നയം നിയമന നിരോധനമാകുമ്പോൾ പി.എസ്.സിയുടെ റോൾ ദുർബലപ്പെട്ടു. എന്നാൽ ഇത് പി.എസ്.സി ശക്തിപ്പെടണമെന്നാഗ്രഹിച്ചുകൊണ്ട് നേരത്തെ നിലപാട് സ്വീകരിച്ച സമരങ്ങളിൽ പങ്കെടുത്ത ആളുകൾ തന്നെ എത്രപേർ എൽ.ഡി.എഫിന് വോട്ട് ചെയ്തിട്ടുണ്ടാകും. എത്രപേർ പഴയതിനു തന്നെ വോട്ട് ചെയ്തിട്ടുണ്ടാകും. അപ്പോൾ ഇത്തരം കാര്യങ്ങൾ നാം ഒരു സ്വയം വിമർശകപരമായി എങ്ങനെ രാഷ്ട്രീയ ബലാബലത്തിൽ ശരിയായ രൂപത്തിൽ മാറ്റം വരുത്തുന്ന നടപടികളിലേക്ക് നയിക്കേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ടത് തിരിച്ചറിവുകളിലേക്ക് നയിക്കുക എന്നുള്ളതാണ്. കേവലമായ പങ്കാളിത്തത്തിന് അപ്പുറത്തേക്ക് ശരിയായി പ്രശ്നത്തെ മനസിലാക്കി അതിനോടൊപ്പം അണിനിരക്കുന്ന ദുഷ്കരമായ ഒരു ദൗത്യം ഓരോ സംഘടനകളും ഏറ്റെടുക്കുമ്പോൾ മാത്രമേ ഈ മാറ്റം ശരിയായ രീതിയിൽ വരുത്താൻ നമുക്ക് കഴിയുകയുള്ളൂ. ഈ മാറുന്ന തൊഴിൽ നിയമങ്ങൾ ഇന്നത്തെ മൂലധന താത്പര്യത്തിന്റെ പ്രതിഫലനങ്ങളാണ്. അത് എളുപ്പം മാറുമെന്ന് നമ്മൾ തെറ്റിദ്ധരിക്കേണ്ടതില്ല. ഉത്പാദന രീതികളിൽ വന്ന മാറ്റം ഏറ്റവും കുറച്ചാളുകളെ വച്ചുകൊണ്ട് ഏറ്റവും കൂടുതൽ ആളുകളെ കൂടുതൽ ലാഭം സ്വായത്തമാക്കാനുള്ള ഉത്പാദന രീതികളാണ്. ഫിനാൻസ് മൂലധനത്തിന്റെ. വളരെ പഴയ വാക്കാണത്. ധനമൂലധനം എന്നാണ് മലയാളത്തിൽ. ശരിക്കും പോരാ അത്. ആദ്യകാലത്ത് ബാങ്കിംഗ് മൂലധനം എന്നാണ്. ലെനിന്റെ പുസ്തകത്തിലാണ് അതാദ്യം വരുന്നത്. സാമ്രാജ്യത്വം മുതലാളിത്തം ഉയർന്ന ഘട്ടത്തിൽ. ലെനിൻ ഉദ്ധരിക്കുന്നത് അതിനുമുൻപുള്ള വേറെ ഒരു പുസ്തകമാണ്. ഗിൽബെർട്ടിക്കിന്റെ ഫിനാൻസ് ക്യാപിറ്റൽ എന്ന പുസ്തകമുണ്ട്. അദ്ദേഹം ആസ്ട്രേലിയൻ ഡോക്ടറായിരുന്നു. പിന്നീട് സോഷ്യലിസ്റ്റായി. ജർമൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ അദ്ധ്യാപകനായിരുന്നു. അദ്ദേഹമാണ് ഫിനാൻസ് ക്യാപിറ്റൽ എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. ധനമൂലധനം. ധനമൂലധനം എന്നുപറഞ്ഞാൽ ഫിനാൻസ് ക്യാപിറ്റൽ, ഗിൽബെർട്ടിക്കിന്റെ നിർവചനം ലെനിൻ ഉദ്ധരിക്കുന്നത് it is a capital controlled by banks and employed by industries എന്നാണ്. It is not banking capital plus industrial capital, it is the capital controlled by banks and employed by industries. ബാങ്ക് നിയന്ത്രിക്കുന്ന വ്യവസായം ഉപയോഗിക്കുന്ന മൂലധനം. ഇന്നങ്ങനെയല്ല ധനമൂലധനം നിൽക്കുന്നത്. നിങ്ങൾ വായിക്കുന്നവരുണ്ടെങ്കിൽ ലെനിൻ എഴുതിയിട്ടുള്ള സാമ്രാജ്യത്വ മുതലാളിത്വ ഏറ്റവും ഉയർന്ന ഘട്ടമെന്ന ഏറ്റവും ഒടുവിൽ ഇറങ്ങിയ ലെഫ്റ്റ് വേൾഡ് പ്രസിദ്ധീകരിച്ച പിന്നീട് ചിന്ത മലയാളത്തിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന് പ്രൗഢ ഗംഭീരമായ ഒരു അവതാരിക ഉണ്ട്. അവതാരിക പ്രഭാത് പട്നായിക് എഴുതിയതാണ്. Whatever happened to imperialism. സാമ്രാജ്യത്വത്തിന് എന്താണ് സംഭവിക്കുന്നത്. ഈ ധനമൂലധനവും മാറി, ഈ താത്പര്യങ്ങളിൽ, ധനമൂലധനം ചുടുപണം പോലെയാണ്. പെട്ടെന്ന് നമ്മൾ സ്റ്റ്യാച്യുവിൽ നിൽക്കുമ്പോൾ ഒരു കപ്പലണ്ടി പാക്കറ്റ് വാങ്ങി, നല്ല ചൂടുള്ള കപ്പലണ്ടിയാണ്. കൈലേക്ക് ഇട്ടപ്പോഴാണ് ഭയങ്കര ചൂടെന്ന് മനസിലായത്. ആർക്കും കൊടുക്കാതെ കഴിക്കാം എന്നു നമ്മൾ കരുതിയെങ്കിൽ ചൂട് സഹിക്കാൻ കഴിയാത്തതു കാരണം തൊട്ടടുത്ത് നിന്ന ആൾക്ക് കൊടുത്തു. പെട്ടെന്ന് ഈ കൈയിൽ നിന്നും മറ്റേ കൈയിലേക്ക് മാറുന്നു. ചുടുപണം ഇങ്ങനെ നിൽക്കില്ല. ഇതാണ് ഹോട്ട് മണി. ഫിനാൻസ് ക്യാപിറ്റൽ ഹോട്ട് മണിയാണ്. ഒഴുകി നടക്കുന്നതാണ്. ഇത് കൂടുതൽ ലെനിന്റെ കാലഘട്ടത്തിൽ മൂലധനം, ധനമൂലധനം ഉത്പാദന പ്രക്രിയയിൽ കേന്ദ്രീകരിച്ചതാണെങ്കിൽ ഈ കാലഘട്ടത്തിലെ ധനമൂലധനം ഊഹക്കച്ചവടത്തിലാണ് കേന്ദ്രീകരിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. അതിന്റെ വ്യത്യാസങ്ങളെല്ലാം ഇതിനകത്ത് വരും എന്നു കാണണം. എളുപ്പത്തിലുള്ള ഒരു പ്രശ്നമല്ല നമ്മൾ ഇന്ന് ചർച്ച ചെയ്യുന്നത്. എന്നാൽ അടുത്ത കനത്ത പ്രഹരശേഷിയുള്ള പോരാട്ടങ്ങൾ കൊണ്ടു മാത്രമേ ഇത്തരം നയങ്ങളെ തിരുത്തി കുറിക്കാൻ കഴിയുകയുള്ളൂ. ആദ്യം നാം തിരിച്ചറിയേണ്ടത് നയത്തിനെതിരെയുള്ള പോരാട്ടം എളുപ്പത്തിൽ ലക്ഷ്യം നേടുന്ന പോരാട്ടമാകില്ല. നയത്തിനെതിരായ പോരാട്ടങ്ങൾ ഇപ്പോൾ 1991 മുതൽ 2018 വരെയുള്ള ഇന്ത്യയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ വന്നിട്ടുള്ള മുഴുവൻ ഗവൺമെന്റുകളും ഇതേ നയത്തിന്റെ വക്താക്കൾ തന്നെയാണ്. മാറിമാറി വന്നിട്ടുള്ള എല്ലാ ഗവൺമെന്റുകളും ഇതേ നയത്തിന്റെ വക്താക്കൾ തന്നെയാണ്. നയത്തിനെതിരെ സമരം ചിലപ്പോൾ വിജയിച്ചെന്നു വരും. വിജയിച്ചതിന്റെ ആഹ്ലാദപ്രകടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ ആ നയത്തിന്റെ അടുത്ത ആഘാതം വരും. അതാണ് നയത്തിനെതിരെ ഉള്ള സമരത്തിന്റെ ഒരു പരിമിതി. നമ്മൾ ഒരു മുദ്രാവാക്യം വച്ച് ധർണ, പിക്കറ്റിംഗ് ഒക്കെ നടത്തി, ഒത്തുതീർപ്പുണ്ടാക്കി, അതിന്റെ ആഹ്ലാദപ്രകടനം നടത്തി, തിരിച്ചുവന്ന് ഒരു പെറോട്ടയും ബീഫും ഓർഡർ ചെയ്ത് കഴിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അടുത്ത ആഘാതം ഒരു തീരുമാനമായി പ്രതിഫലിക്കാൻ വരും. അപ്പോൾ വിവിധ രാജ്യങ്ങളിൽ ഇങ്ങനെ വന്നുകൊണ്ടിരിക്കും. അതിനെതിരെ തുടർച്ചയായ ശക്തമായ പ്രഹരശേഷിയുള്ള വിശാല യോജിപ്പോടെയുള്ള പോരാട്ടങ്ങൾ കൊണ്ടേ മാത്രമേ തിരുത്താൻ കഴിയൂ എന്ന തിരിച്ചറിവ് പ്രധാനമാണ്. അങ്ങനെ ഓരോ സംഘടനയും കുറേ കൂടി ആഴത്തിൽ സൂക്ഷ്മമായി തിരിച്ചറിവ് അണികളിലേക്കും അംഗങ്ങളിലേക്കും നൽകാൻ കഴിയുന്ന രൂപത്തിൽ ഓരോ പ്രശ്നവും ചർച്ച ചെയ്യുന്നതു കൂടി നല്ലതാണ്. അതിന് തുടക്കമിട്ട നിങ്ങളെ അഭിവാദ്യം ചെയ്തുകൊണ്ട് നിങ്ങളുടെ ഈ ട്രേഡ് യൂണിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. എല്ലാവർക്കും അഭിവാദ്യങ്ങൾ.

**കെ.വി.സുനുകുമാർ**

# നമ്മൾ ഇന്ത്യയിലെ ജനങ്ങൾ

**നമ്മൾ ഇന്ത്യയിലെ ജനങ്ങൾ** എന്ന വാചകത്തിൽ നിർവ്വചിക്കപ്പെടുന്നതാണ് ഇന്ത്യയുടെ ഭരണഘടന. നമ്മൾ എന്ന വാക്ക് സാംസ്കാരിക വൈവിധ്യങ്ങളുടെ സ്നേഹാർദ്രമായ ഒരു ഒത്തുചേരലാണ്. ഇന്ത്യ എന്നത് സമ്പന്നമായ ജനസംസ്കൃതിയുടെ ധ്വനിയാണ്. ജനങ്ങൾ എന്നത് വർണ്ണവും ഭാഷയും പ്രകൃതിയും പലതാകുമ്പോൾ ഏകോദര സാഹോദര്യത്തിൽ ഒന്നാകുന്ന മഹാ ജനപഥത്തിന്റെ സമൃദ്ധിയെയാണ് സൂചിപ്പിക്കുന്നത്. ഭരണഘടനയുടെ ഈ സമഗ്രതയെ അഴിച്ചുപണിയാനാണ് ഹിന്ദുത്വ ഫാസിസ്റ്റുകൾ ശ്രമിക്കുന്നത്. 1950-ൽ നിലവിൽ വന്ന ഭരണഘടനയുടെ ആമുഖത്തിൽ പ്രഖ്യാപിക്കുന്ന നാല് അവകാശങ്ങളുണ്ട്. ഇന്ത്യയിലെ ജനതയ്ക്ക് സാമൂഹികവും സാമ്പത്തികവുമായ നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉറപ്പുവരുത്തുന്നതാണത്. മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി രാജ്യത്തെ നിലനിർത്തുന്നതിന് ആവശ്യമായ ഘടകങ്ങളാണവ. എന്നാൽ മതനിരപേക്ഷതയും ജനാധിപത്യവും മതാധിഷ്ഠിതമായ ഒരു ഏകാധിപത്യ ഭരണകൂടം സ്ഥാപിക്കുന്നതിന് തടസ്സമാണെന്ന് ഹിന്ദുത്വ ഫാസിസ്റ്റുകൾക്ക് നന്നായിട്ടറിയാം. ഒരു പതാക, ഒരു നേതാവ്, ഒരു ആദർശം എന്ന ഹിന്ദുത്വത്തിന്റെ തീനാളം രാജ്യത്തിന്റെ എല്ലാ ഭാഗത്തും പ്രകാശമായി മാറണമെന്ന് പരസ്യമായി പറഞ്ഞ ഗോൾവാക്കറുടെ പിൻഗാമികൾക്ക് ഇന്ത്യൻ ഭരണഘടനയേക്കാൾ പ്രിയമാകുന്നത് മനുസ്മൃതിയാണ്. മതനിരപേക്ഷതയെന്നാൽ രാജ്യത്തിന് ഒരു ഔദ്യോഗിക മതമില്ലെന്നും എല്ലാ മതങ്ങൾക്കും തുല്യപരിഗണനയെന്നുമാണ് അർത്ഥമാക്കുന്നത്. മതഫാസിസത്തിന് ഉൾക്കൊള്ളാൻ പറ്റാത്തതാണ് ഈ കാഴ്ചപ്പാട്. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ ഭരണ സംവിധാനം തന്നെ ശരിയല്ലെന്നാണ് പരിവാര സംഘടനകൾ പറയുന്നത്. രാജ്യത്ത് വിഘടന വാദമുയർത്തുന്നതാണ് ഫെഡറൽ ഭരണവ്യവസ്ഥയെന്ന് ബഞ്ച് ഓഫ് തോട്സ് എന്ന പുസ്തക സമാഹാരത്തിൽ ഗോൾവാക്കർതന്നെ പറഞ്ഞിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഭരണഘടന ഒരു പാശ്ചാത്യ പകർത്താണെന്നും നമുക്ക് സ്വന്തമെന്ന് പറയാവുന്ന യാതൊന്നും അതുൾക്കൊള്ളുന്നില്ലെന്നും ഗോൾവാക്കർ പറയുന്നു. മനുസ്മൃതിയിലെ വർണ്ണ വ്യവസ്ഥയെ മഹത്വവത്കരിക്കാനും ശ്രമിക്കുന്നുണ്ട്. ഇന്ത്യയെ രാഷ്ട്രീയമായി കീഴടക്കാൻ ഭരണഘടനയുടെ ചട്ടക്കൂട് തകരണമെന്നത് ഹിന്ദുത്വ ഫാസിസ്റ്റുകളുടെ രാഷ്ട്രീയ അജണ്ടയാണ്. വാജ്പേയ് ഭരണകാലത്ത് ഭരണഘടന റിവ്യൂ കമ്മിറ്റിയെ ഇതിനായ് ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ മുന്നണി രാഷ്ട്രീയത്തിന്റെ സമ്മർദ്ദംകൊണ്ട് അവ പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. സമീപകാലത്ത് ഭരണഘടനയ്ക്കെതിരെയുള്ള പ്രത്യക്ഷമായ പ്രതികരണങ്ങൾ ഉത്തരവാദഭരണകൂടത്തിൽ നിന്നുതന്നെ വന്നുകൊണ്ടിരിക്കുന്നു. മതനിരപേക്ഷ സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന വാക്ക് ബോധപൂർവ്വം മറച്ചുവയ്ക്കുന്നു.


കേവലം ഭരണഘടനയുടെ പ്രഖ്യാപിത മൗലികാവകാശങ്ങളെ നിഷേധിച്ച്കൊണ്ട്മാത്രം ഫാസിസ്റ്റുകൾക്ക് രാഷ്ട്രീയ സർവ്വാധിപത്യം നേടാനാകില്ല. മറിച്ച് ഒരു ജനതയുടെ പൊതുബോധത്തിലേക്ക് സവർണ്ണ ഹൈന്ദവ മുദ്രകളും ആത്മീയാംശവും എത്തിക്കാൻ കൂടി കഴിയണമെന്ന് അവർ കരുതുന്നു. ലോകം കണ്ട ലക്ഷണമൊത്ത ഫാസിസ്റ്റുകളെല്ലാം ഈ വിധം ആത്മീയാന്തരീക്ഷത്തിലാണ് ഒരു ജനപഥത്തെയാകെ വരുതിയിലാക്കിയിട്ടുള്ളത്. ഹിറ്റ്ലർ, മുസ്സോളിനി, ഫ്രാങ്കോ എന്നിവർ ആത്മീയ പരിവേഷമുള്ള ഏകാധിപതികളായിരുന്നു. ഇതിനായി രണ്ട് തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ഒന്ന് കോർപ്പറേറ്റുകളുമായുള്ള ചങ്ങാത്തമാണ്. സാമ്പത്തിക പിൻബലത്തിന് അത്യാവശ്യമാണിത്. രണ്ടാമത് മതപ്രസ്ഥാനങ്ങളുമായുള്ള ചങ്ങാത്തമാണ്. ഒരു

ജനതയെ ആത്മീയമായി കീഴടക്കാൻ അതാണ് മാർഗ്ഗം.. ദേശീയത-വംശീയത-ആത്മീയത എന്നീ ത്രിതല പദ്ധതികളാണ് ഫാസിസ്റ്റുകളുടെ രാഷ്ട്രീയ അടിത്തറയ്ക്ക് നടപ്പിലാക്കുന്നത്. മുസ്സോളിനി കത്തോലിക്കാ സഭയുമായും ഹിറ്റ്ലർ ക്രൈസ്തവ സഭകളുമായും ചേർന്ന് നിന്നാണ് ആത്മീയാധിപത്യം നേടിയത്. നിരീശ്വര വാദികൾക്കും, കമ്മ്യൂണിസ്റ്റു കാർക്കുമെതിരെ നാസികളുടെയും ക്രിസ്ത്യാനികളു ടെയും മുന്നണി രൂപകീകരിക്കപ്പെട്ടു. ഈ പരീക്ഷ ണങ്ങൾ തന്നെയാണ് ഇന്ത്യയിൽ ഹിന്ദുത്വ ഫാസി സ്റ്റുകൾ പ്രയോഗിക്കുന്നത്. ഇന്ത്യയിലെ സാമൂഹ്യ ഘടന ഒരു പൊതുസംസ്കാരത്തെ പ്രതിനിധീകരി ക്കുന്നില്ലെന്ന പ്രതിബന്ധമാണ് അവർ നേരിടുന്നത്. ഹിന്ദുമത സ്വഭാവം തന്നെ വൈജാത്യങ്ങളുടേതു കൂടി യാണ്. മതമൊന്നായിരിക്കുമ്പോഴും ജാതീയമായ വേർതിരിവുകൾ സംഘടിതസ്വഭാവത്തെ ദുർബലപ്പെ ടുത്തുന്നുണ്ട്. ഈ പ്രതിബന്ധങ്ങളെ മറികടക്കുന്ന തിനുള്ള രാഷ്ട്രീയ നീക്കങ്ങളാണ് സംഘപരിവാര ങ്ങളുടെ നേതൃത്വത്തിൽ ഇന്ത്യയിലാകമാനം നടക്കു ന്നത്. ചരിത്രത്തെ പുനർനിർമ്മിക്കുക, സ്ഥലപുരാ ണങ്ങളെ ഐതിഹ്യങ്ങളുമായി ചേർത്തുവയ്ക്കുക, വിശ്വാസത്തെ വൈകാരികമായ ഒരു ചെറുത്തു നിൽപ്പിന്റെ വിഷയമാക്കി മാറ്റുക തുടങ്ങി അപകടക രമായ ഇടപെടലുകളാണ് ഫാസിസ്റ്റുകൾ നടത്തു ന്നത്. രാമക്ഷേത്രവും രാമസേതുവും ശബരിമലയും ഒരു പ്രതീകമാകുന്നത് അങ്ങനെയാണ്. ഇന്ത്യയിലെ ഒട്ടു മിക്ക സംസ്ഥാനങ്ങളും ഫ്യൂഡൽ വ്യവസ്ഥിതി യുടെ മതാധിഷ്ഠിത ജീവിത ക്രമത്തിൽ നിന്നും ഇപ്പോഴും വിമോചിതമായിട്ടില്ല. വിശ്വാസബദ്ധമായ ദൈനംദിന ജീവിതം നയിക്കുന്നവരാണ് അധികവും. അത്തരം പ്രദേശങ്ങളിൽ പൊതു ബോധത്തെ ആത്മീ യമായി പരിവർത്തനം ചെയ്യുന്നതിൽ നവ ഫാസി സ്റ്റുകൾക്ക് അഥവാ സംഘപരിവാരങ്ങൾക്ക് എളുപ്പ മാകുന്നു. എന്നാൽ നവോത്ഥാന മൂല്യങ്ങളുടെ അടി ത്തറയിൽ പുരോഗമന പരമായി രാഷ്ട്രീയ വൽക്ക രിച്ച സമൂഹത്തിൽ അത്രത്ര എളുപ്പവുമല്ല. സംഘടി തവും സൂക്ഷ്മതലത്തിലുള്ളതുമായ പ്രവർത്തനങ്ങൾ അത്തരം മേഖലകളിൽ വേണ്ടിവരും.

സംഘപരിവാരങ്ങളുടെ ഈ രാഷ്ട്രീയ അജണ്ട യാണ് ശബരിമല എന്ന സമസ്യയുമായി കേരളത്തിൽ അരങ്ങേറുന്നത്. സ്ത്രീപ്രവേശനമെന്നത് പുക മറ മാത്രമാണ്. സംഘപരിവാരങ്ങളെപോലെ പൊതു ബോധത്തിൽ ആത്മീയാംശം എത്തിക്കാൻ ശ്രമിക്കു ന്നവർക്ക് ആഹ്ലാദം നൽകുന്നതാണ് സ്ത്രീപ്രവേ ശനമാകാമെന്ന സുപ്രീകോടതി ഭരണഘടനാ ബഞ്ചിന്റെ വിധി. എന്നിട്ടും അതിനെതിരായി നില പാടെടുക്കേണ്ടിവന്നത് എന്തുകൊണ്ടാണ്? സുപ്രീം കോടതി അംഗീകരിച്ച സ്ത്രീപ്രവേശത്തിന് സൗകര്യ മുണ്ടാക്കിയാൽ വലിയ രാഷ്ട്രീയ നേട്ടമൊന്നും സമീ പഭാവിയിൽ ഹിന്ദുത്വ ഫാസിസ്റ്റുകൾക്ക് കിട്ടാൻ പോകുന്നില്ല. അതേ സമയം വിശ്വാസവിരുദ്ധമാ യൊരു നിലപാടാണ് കേരളത്തിൽ അടിച്ചേൽപ്പിക്കാൻ സംസ്ഥാന ഭരണകൂടം അഥവാ കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നതെന്ന് പ്രചരിപ്പിച്ചാൽ നേട്ടമുണ്ടാവുകയും ചെയ്യുമെന്ന് അവർക്കറിയാം. കേരളം എത്രമാത്രം പ്രബുദ്ധമാണെന്ന് പറയുമ്പോഴും സമൂഹത്തിന്റെ സവർണ്ണ വിഭാഗത്തിൽ പഴയ ഫ്യൂഡൽ ജീർണ്ണത കൾ ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്. ജാതി മത




ഘടനയിൽ ആ പ്രമാദിത്തം ഉറപ്പിക്കാനുള്ള മനസ്സ് അവരിപ്പോഴും കൊണ്ടുനടക്കുന്നു. ഏറ്റവും ചുരു ങ്ങിയപക്ഷം കേരളത്തിന്റെ സവർണ്ണ വിഭാ ഗത്തെയെങ്കിലും ഹിന്ദുപരിവാര പരിസരത്തെത്തിക്കു വാൻ കഴിയുമെന്ന ലക്ഷ്യം അവർക്കുണ്ട്. നവോ ത്ഥാന മുന്നേറ്റത്തിന്റെ ഭാഗമായി അവർണ്ണ സമുദായ ങ്ങളിലുണ്ടായ അവകാശ ബോധം ഏറ്റവും കൂടുതൽ പരിക്കേൽപ്പിക്കുന്നത് സവർണ്ണവിഭാഗത്തെയാണ്. ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി ഈ അസ്വ സ്തതകളെല്ലാം അടക്കി വച്ചിരിക്കുന്നുവെങ്കിലും ഒരു അവസരം കിട്ടുമ്പോൾ അവയെല്ലാം തികട്ടി വരുമെന്ന കാര്യം സംഘപരിവാരങ്ങൾക്ക് അറിയാമായിരുന്നു. കേരളത്തിൽ സാമുദായിക വേർതിരിവുകൾ കൊണ്ട് രാഷ്ട്രീയബലാബലത്തിൽ വിള്ളലുണ്ടാക്കി അരങ്ങേ റ്റമുണ്ടാക്കുകയെന്നതാണ് അവർ ലക്ഷ്യമിടുന്നത്. ശബ രിമലയെ ഒരു വിശ്വാസ പ്രശ്നമായി കത്തിച്ചു നിർത്തുന്നത് സവർണ്ണ അവർണ്ണ വിഭാഗങ്ങളിലെ വിശ്വാസ സമൂഹത്തെ ലക്ഷ്യം വച്ചാണ്. ഇത്തരം സന്ദർഭത്തിൽ ആ രാഷ്ട്രീയം തിരിച്ചറിയുക എന്ന താണ് ഇടതുപക്ഷത്തിന്റെ ചുമതല. കേരള നവോ ത്ഥാനം നാനാജാതി മതവിഭാഗങ്ങളുടെയും അവ കാശപ്പോരാട്ടങ്ങളുടെ ആകെ തുകയാണ്. ദളിത് പിന്നോക്ക വിഭാഗങ്ങൾ മാത്രമല്ല ക്രിസ്ത്യൻ മുസ്ലീം ന്യൂനപക്ഷങ്ങളും നായർ മുന്നോക്ക സമുദായങ്ങളും തൊഴിൽ സംവരണത്തിനും അധികാര സംവരണ ത്തിനും വേണ്ടി ഒറ്റയ്ക്കും തെറ്റയ്ക്കും പ്രക്ഷോഭ ങ്ങൾ സംഘടിപ്പിച്ചിരുന്നു. മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും നിവർത്തനപ്രക്ഷോഭവും ഇതിന്റെ ചരിത്ര സന്ദർഭങ്ങളാണ്. തൊഴിൽ സംവര ണത്തിന്റെ നിരന്തരമായ പോരാട്ടത്തിന്റെ ഫലം കൂടി യാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന് നമുക്കറിയാം. ഈ നവോത്ഥാനമുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത സമുദായങ്ങളെയും വിഭാഗങ്ങ ളെയും പുരോഗമന പക്ഷത്തേയ്ക്ക് വീണ്ടും ഒന്നിപ്പി ക്കുക എന്ന രാഷ്ട്രീയ ദൗത്യം ഏറ്റെടുത്തുകൊണ്ടു മാത്രമേ പുതിയ സാമുദായിക വിഭജനത്തിന്റെ ഫാസിസ്റ്റ് അജണ്ടയെ ചെറുക്കാൻ കഴിയൂ. ഈ ലക്ഷ്യ ത്തോടെയാണ് നവോത്ഥാന പ്രസ്ഥാനങ്ങളുടെയും സാമൂഹ്യ സംഘടനകളുടെയും യോഗം ബഹു. മുഖ്യ



മന്ത്രി വിളിച്ചുചേർത്തത്. എന്നാൽ ഹിന്ദുപരിവാര സംഘടനകളുടെ ശ്രമഫലമായി സവർണ്ണവിഭാഗങ്ങളിൽ ചിലരെ അകറ്റി നിർത്തുവാൻ സാധിച്ചുവെന്നത് സത്യമാണ്. കേരളത്തിലെ സവർണ്ണ-അവർണ്ണ വിഭാഗങ്ങലെ വിശ്വാസികളിൽ നല്ലൊരു പങ്കും സാമുദായിക സംഘടനകളുടെ ഭാഗമാണ്. അത്തരം ജനവിഭാഗങ്ങളെ ആ ലേബലിൽ തന്നെ നവോത്ഥാന വിരുദ്ധമായ കടന്നാക്രമണങ്ങൾക്കെതിരെ അണിനിരത്തേണ്ടിവരും. പ്രത്യക്ഷത്തിൽ സാമുദായിക പ്രീണനമായോ കീഴടങ്ങലായോ തോന്നാമെങ്കിലും അവയുടെ ദീർഘകാല താൽപ്പര്യം ഇടതുപക്ഷത്തിന് ഗുണമാണുണ്ടാക്കുക. വനിതാ മതിലെന്ന ആശയം സാമുദായിക സംഘടനകൾ വഴിയാണോ നടപ്പിലാക്കേണ്ടത് എന്ന ചോദ്യത്തിന് ഇത് മാത്രമാണ് മറുപടി. നവോത്ഥാന വേദിയൊരുക്കി വിവിധ താൽപ്പര്യവിഭാഗങ്ങളെ ഫാസിസ്റ്റ് വിരുദ്ധമായി ഒന്നിപ്പിക്കുക എന്നതിന്റെ രാഷ്ട്രീയമാണ് നമ്മൾ തിരിച്ചറിയേണ്ടത്.

വിശ്വാസം ചോദ്യം ചെയ്യപ്പെടുന്നു എന്ന പേരിൽ ഹിന്ദുപരിവാര സങ്കേതങ്ങളിലെത്തിച്ചേരാനിടയുള്ള വിവിധ വിഭാഗങ്ങളെ നവോത്ഥാനത്തിന്റെ ചരിത്രം ഓർമ്മിപ്പിച്ച് പുരോഗമന ചേരിയിൽ ചേർത്തുനിർത്തുകയാണ് പ്രധാനം. അത്തരം ഒരു മുന്നേറ്റത്തിന്റെ ഭാഗമായി നിൽക്കുന്നവർക്ക് സംഘപരിവാരങ്ങളുടെ മുതലെടുപ്പ് രാഷ്ട്രീയത്തെ തുടർന്നും പ്രതിരോധിക്കേണ്ടവരും. ആചാരങ്ങളും അനുഷ്ഠാനങ്ങളും പുരുഷാധിപത്യമുള്ള പൗരോഹിത്യം ബോധപൂർവ്വം നിർമ്മിച്ചെടുത്ത അതിർവരമ്പുകളാണെന്ന് തിരിച്ചറിഞ്ഞപ്പൊഴെല്ലാം സ്ത്രീമുന്നേറ്റം അവയെ ചോദ്യം ചെയ്തിട്ടുണ്ട്. ആ ഘട്ടങ്ങളിലെല്ലാം എതിർപ്പുമായി വന്ന സ്ത്രീകളും മറുഭാഗത്ത് പ്രബലമായിരുന്നു. നിലവിലുള്ള ശീലങ്ങളെ അനുസരിച്ച് പോവുക എന്ന പൊതു ബോധമാണ് സ്ത്രീകളിൽ നിലനിൽക്കുന്നത്. അത്രമാത്രം കെട്ടുറുപ്പുള്ള പുരുഷ ശാസനകൾ കുറെക്കാലമായി നമ്മുടെ കുടുംബ ഘടനയുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. ഭൗതിക ജീവിതത്തിന്റെ സമസ്ത മേഖലയിലും ആധുനിക ചിന്തയുടെ മാറ്റം പ്രകടമാണെങ്കിലും കുടുംബ ഘടനയിലും ആചാരാനുഷ്ഠാനങ്ങളിലുമുള്ള പുരുഷമേധാവിത്വം ഇന്നും വലിയ അഴിച്ചുപണികളില്ലാതെ നിലനിൽക്കുകയാണ്. സ്ത്രീപുരുഷ സമത്വത്തിന്റെ നവോത്ഥാന കാഴ്ചപ്പാടുകളെ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് വ്യക്തി, കുടുംബം, സമൂഹം, അധികാരം എന്നീ തലങ്ങളിൽ വിവിധ തരത്തിൽ ഇടപെടലുകൾ ആവശ്യമാണ്. ഓരോ സന്ദർഭത്തെയും അതിനായി പ്രയോജനപ്പെടുത്തുക എന്നത് വലിയ രാഷ്ട്രീയ ദൗത്യമാണ്. വനിതാ മതിൽ ചരിത്രത്തിൽ ഇടം നേടാൻ പോകുന്നത് അത് മുന്നോട്ട് വയ്ക്കുന്ന സാമൂഹ്യ ലക്ഷ്യത്തിന്റെ പ്രാധാന്യം കൊണ്ടായിരിക്കും. കേവലം ശബരിമലയിലെ സ്ത്രീപ്രവേശത്തിന്റെ വിഷയമല്ലിത്. മറിച്ച് സ്ത്രീവിരുദ്ധമായ, മാനവികതയെ ദുർബലപ്പെടുത്തുന്ന വിശ്വാസപ്രമാണങ്ങൾക്കെതിരെയും അവയെ പ്രയോജനപ്പെടുത്തി ശക്തി പ്രാപിക്കുന്ന മതാധികാര ശക്തികൾക്കെതിരെയും ഉള്ള മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന്റെ പ്രതിരോധമാണ് വനിതാമതിൽ.

പെണ്ണവകാശത്തിന്റെയും സ്ത്രീ-പുരുഷ സമത്വത്തിന്റെയും കാവൽ കോട്ടയാണിത്. ഓരോ സ്ത്രീയും ഈ ചരിത്രസംഭവത്തിന്റെ ഭാഗമാകുകയാണ് വേണ്ടത്.

# ജനവിധി നൽകുന്ന പാഠം




മധ്യപ്രദേശിലും ഛത്തീസ്ഗഢിലും ബി.ജെ.പി. അധികാരത്തിൽ വന്നിട്ട് 15 വർഷമായി. 2014-ന് ശേഷം നടന്ന നിയമസഭ തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി.യ്ക്കുണ്ടായ കനത്ത തിരിച്ചടിയാണിത്. വ്യാപകമായിക്കൊണ്ടിരിക്കുന്ന കർഷക പ്രതിഷേധം, നോട്ടുനിരോധനത്തിന്റെ ദുരിതങ്ങൾ, തൊഴിൽ മേഖലയിലുണ്ടായ തകർച്ച, അഴിമതി, ദുർഭരണം, ഗോസംരക്ഷണത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ എന്നിവയെല്ലാം ബി.ജെ.പി യുടെ പരാജയത്തിന് കാരണങ്ങളായി. വളരുന്ന ജനരോഷത്തിൽ നിന്നും രക്ഷ നേടുന്നതിനായി ഹിന്ദുത്വ വർഗ്ഗീയ കാർഡിറക്കി വർഗ്ഗീയ ധ്രുവീകരണം നടത്താനുള്ള ശ്രമങ്ങളാണ് നടത്തിയത്. രാജസ്ഥാനിലും, മധ്യപ്രദേശിലും, ഛത്തീസ്ഗഢിലും പ്രധാനമായും പ്രചരണത്തിനിറക്കിയത് യോഗീ ആദിത്യനാഥിനെയായിരുന്നു. 73 റാലികളിലാണ് യോഗി പങ്കെടുത്തത്.

കർഷക സമരങ്ങളുടെയും സർക്കാർ വിരുദ്ധ വികാരത്തിന്റെയും ജനകീയ അതൃപ്തിയുടെയും രൂക്ഷത പരിഗണിച്ചാൽ കോൺഗ്രസിന് ഇപ്പോൾ ലഭിച്ചതിനെക്കാൾ കൂടുതൽ സീറ്റുകൾ ഈ മൂന്ന് സംസ്ഥാനങ്ങളിലും ലഭിക്കേണ്ടതായിരുന്നു. മധ്യപ്രദേശിലും, രാജസ്ഥാനിലും ഹിന്ദുത്വ ബ്രിഗേഡിൽ നിന്ന് ചില വിഷയങ്ങൾ കോൺഗ്രസ് കടം വാങ്ങിയെന്നത് ശ്രദ്ധേയമാണ്. എന്നാൽ ജനങ്ങൾ കോൺഗ്രസ് വോട്ട് ചെയ്തത് അതിന്റെ ഹിന്ദുത്വ മുഖം നോക്കിയല്ല. മറിച്ച് അവർക്ക് ബി.ജെ.പി സർക്കാരിനെ ശിക്ഷിക്കണമെന്നുള്ളത് കൊണ്ടാണ്. കൂടാതെ കർഷകരോഷവും, സംഘടിത പോരാട്ടങ്ങളിലൂടെ രൂപപ്പെട്ട സർക്കാർ വിരുദ്ധവികാരവും കോൺഗ്രസിനാണ് ഗുണം ചെയ്തത്.




2018 നവംബർ–ഡിസംബർ മാസങ്ങളിലായി രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, തെലങ്കാന, മിസോറാം എന്നീ സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പി.യ്ക്ക് കനത്ത തിരിച്ചടി നേരിട്ടു.

രാജസ്ഥാനിലെ 200 അംഗ നിയമസഭയിൽ 99 സീറ്റ് നേടി കോൺഗ്രസ് ഏറ്റവും വലിയ കക്ഷിയായി. ബി.ജെ.പി 73 സീറ്റിലൊതുങ്ങി. ബി.എസ്.പി. 6, സി.പി.ഐ. (എം) 2 മറ്റുള്ളവർ 19 സീറ്റിലും വിജയിച്ചു. കോൺഗ്രസിസ് 39.3 ശതമാനം വോട്ടും ബി.ജെ.പിയ്ക്ക് 38.8 ശതമാനം വോട്ടും കിട്ടി. വസുന്ധരാ രാജ സർക്കാരിനെതിരായ ശക്തമായ ഭരണവിരുദ്ധ വികാരവും കേന്ദ്ര സർക്കാർ നയങ്ങളോടുള്ള ജനരോഷവുമാണ് രാജസ്ഥാനിൽ ബി.ജെ.പി.യുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയത്. കർഷകരുടെയും യുവജനങ്ങളുടെയും തൊഴിലാളികളുടെയും രോക്ഷത്തെ അതിജീവിക്കാൻ ബി.ജെ.പി. സർക്കാരിന് കഴിഞ്ഞില്ല.

രാജസ്ഥാനിലെ കർഷക സമരത്തിന് നേതൃത്വം നൽകിയത് സി.പി.ഐ.(എം) ആണെങ്കിലും സംസ്ഥാനത്തെ മുഖ്യ പ്രതിപക്ഷപാർട്ടിയെന്ന നിലയിൽ അതിന്റെ ഗുണം ലഭിച്ചത് കോൺഗ്രസിനാണ്.

മധ്യപ്രദേശിലെ 230 അംഗ നിയമസഭയിൽ 114 സീറ്റ് നേടി കോൺഗ്രസ് ഏറ്റവും വലിയ കക്ഷിയായി. ബി.ജെ.പി.യ്ക്ക് 109 സീറ്റും ബി.എസ്.പി.യ്ക്ക് 2 സീറ്റും, എസ്.പി.യ്ക്ക് ഒരു സീറ്റും ലഭിച്ചു. മറ്റുള്ളവർ 6 സീറ്റിലും വിജയിച്ചു. കോൺഗ്രസിന് 40.9 ശതമാനം വോട്ടും, ബി.ജെ.പി.യ്ക്ക് 41 ശതമാനവും ലഭിച്ചു.

ഛത്തീസ്ഗഡിലെ 90 അംഗ നിയമസഭയിൽ 68 സീറ്റ് നേടിയ കോൺഗ്രസ് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തി. 15 വർഷമായി രമൺ സിംഗിന്റെ നേതൃത്വത്തിൽ മാതൃകാ ഭരണം നടത്തുകയാണെന്ന് അവകാശപ്പെട്ടിരുന്ന ബി.ജെ.പി.യ്ക്ക് 16 സീറ്റുകൾ മാത്രമേ ലഭിച്ചുള്ളു. ബി.എസ്.പി.യ്ക്ക് രണ്ടു സീറ്റും മറ്റുള്ളവർക്ക് 4 സീറ്റും ലഭിച്ചു. കോൺഗ്രസിന് 43 ശതമാനവും ബി.ജെ.പി.യ്ക്ക് 33 ശതമാനം വോട്ടും ലഭിച്ചു.

തെലങ്കാനയിലെ 119 അംഗ നിയമസഭയിൽ 88 സീറ്റ് നേടി ടി.ആർ.എസ്. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ അധികാരം നിലനിർത്തി. കോൺഗ്രസിന് 19 സീറ്റും, ബി.ജെ.പിയ്ക്ക് 1 സീറ്റും മറ്റുള്ളവർ ഏഴ് സീറ്റും നേടി. കാലാവധി പൂർത്തിയാക്കാൻ ഒൻപത് മാസം ശേഷിക്കെയാണ് ചന്ദ്രശേഖരറാവു നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പിനെ നേരിട്ടത്. തെലുങ്കാനയിൽ കോൺഗ്രസും, ടി.ഡി.പി യും സി.പി.ഐ യും തെലങ്കാന ജനസമിതിയും ചേർന്ന് രൂപീകരിച്ച മഹാസഖ്യം തകർന്നടിയുകയുണ്ടായി. തെലുങ്കാനയിൽ തിരിച്ചുവരവ് പ്രതീക്ഷിച്ച കോൺഗ്രസിന് കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ രണ്ട് സീറ്റ് കുറയുകയാണുണ്ടായത്. അതുപോലെ ടി.ഡി.പി. 15 സീറ്റിൽ നിന്നും 2 സീറ്റിലേക്ക് ചുരുങ്ങുകയുണ്ടായി. ദേശീയ നേതാക്കൾ ആവർത്തിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ബി.ജെ.പി. അഞ്ചു സീറ്റിൽ നിന്നും ഒരു സീറ്റിലേയ്ക്ക് ചുരുങ്ങി. ഹൈദരബാദ് കേന്ദ്രമായുള്ള അസദുമീൻ ഒവൈയ്സിയുടെ എ.ഐ.എം.ഐ.എം ആറു സീറ്റു നേടി മൂന്നാമത്തെ വലിയ കക്ഷിയായി.

മിസോറാമിലെ 40 അംഗ നിയമസഭയിൽ ബി.ജെ.പിയുമായുള്ള ബന്ധം ഉപേക്ഷിച്ച് മത്സരിച്ച എം.എൻ.എഫ് (മിസോറാം നാഷണൽ ഫ്രണ്ട്) 26 സീറ്റ് നേടി അധികാരത്തിലെത്തി. പത്തുവർഷത്തെ ഭരണത്തിനുശേഷം ദയനീയ പരാജയം ഏറ്റുവാങ്ങിയ കോൺഗ്രസ് അഞ്ച് സീറ്റിലേയ്ക്ക് ചുരുങ്ങി. ബി.ജെ.പി. ആദ്യമായി ഒരു സീറ്റിൽ വിജയിച്ചു. മിസോറാം പീപ്പിൾസ് മൂവ്മെന്റ് ഏഴ് സീറ്റും, എൻ.സി.പി. ഒരു സീറ്റും നേടി. വടക്കു കിഴക്കൻ മേഖലയിലെ ഏക കോൺഗ്രസ് സംസ്ഥാനമായിരുന്നു മിസോറാം.

# കുലമാഹാത്മ്യം

എനിക്ക് പത്തറുന്നൂറ് രൂപ വേണം ഇല്ല്യാനേടെ അച്ഛാ......
കതകു കുറ്റിയിട്ട് പൂപ്പലടിച്ച പായ നിലത്തേക്കു കുടഞ്ഞിട്ട് ലൈറ്റണച്ച് കിടക്കാൻ നേരം ജഴ്സി.ജെ.ഗൗതം പറഞ്ഞു.
എന്താ കാര്യം ?
നിലംപൊത്തിയ മലപോലെ കട്ടിലിൽ മലർന്നു കിടക്കുകയായിരുന്ന ഭർത്താവ് ഭരത് ചന്ദ്രൻ ചോദിച്ചു.
എനിക്ക് കൊറച്ചാവശ്യങ്ങളൊക്കെയുണ്ട്.
എന്താവശ്യം ?
കുറച്ച് ഇന്നർവെയറൊക്കെ വാങ്ങണം
കഴിഞ്ഞേന്റങ്ങേ വർഷം ഓണത്തിനു വാങ്ങ്യേതോ?
ഒന്നു പോ ഇല്ല്യാനേടച്ഛാ...... അതൊക്കെ പാറ്റ തിന്നു .
അറുന്നൂറൊന്നും തരാൻ പറ്റില്ല. ഇരുനൂറ്റമ്പത് രൂപ തരാം. അത്യാവശ്യമുള്ളത് വാങ്ങിക്കോ. ബാക്കിയ്ക്ക് പാറ്റയ്ക്ക് ഒരു ഹിറ്റും വാങ്ങിക്കോ .
ജഴ്സി.ജെ.ഗൗതം ഇരുട്ടിലേക്ക് കൺതുറന്ന് ഉറങ്ങാതെ കിടന്നു. പോയ മാസത്തെ ഉപയോഗം കഴിഞ്ഞ് ചുരുട്ടി വിറകുപുരയിൽ കൊണ്ടുവച്ച പായും തലയണയും പിന്നെ ഇപ്പോഴാണെടുക്കുന്നത്. വല്ലാത്ത ദുർഗന്ധവും ചൊറിച്ചിലും. കുറെ മുമ്പ് മമ്മിയുടെ കൂടെ കിടക്കാൻ വാശിപിടിച്ച് കരഞ്ഞുതളർന്ന മകൾ ഇല്ല്യാനാ.ബി.ചന്ദ്രൻ ഡാഡിയുടെ ഒപ്പം കമിഴ്ന്ന്കിടന്നുറങ്ങുന്നുണ്ട്. ഏറിയാൽ നാലഞ്ചു വർഷം കൂടി അവൾക്കിങ്ങനെ കിടക്കാം അതുകഴിഞ്ഞാൽ ആ ദിവസങ്ങളിൽ ഇതു തന്നെ ഗതി.
കട്ടിലിലേക്കു കയറി സുഖമായി മൂടിപ്പുതച്ചു കിടക്കാൻ അവളുടെ മനസുവെമ്പി. അത്രയ്ക്ക് ക്ഷീണം.
പാടില്ല! ശുദ്ധവും വൃത്തിയുമില്ലാത്ത ഫെമിനിച്ചികൾ അതൊക്കെ ചെയ്യുമായിരിക്കും പക്ഷെ ജഴ്സി.ജെ. ഗൗതം അതു ചെയ്യാൻ പാടില്ല. നാളെ മകൾ ഇല്ല്യാന.ബി.ചന്ദ്രനും അതു ചെയ്യില്ല.
പെട്ടെന്ന് ഹൃദയം കുലമഹിമയാൽ വിജൃംഭിതമാകയാൽ അവൾ നാറുന്ന തലയണയിലേക്ക് മുഖമമർത്തി കണ്ണുകൾ ഇറുകെയടച്ചു.
പിറ്റേന്ന് കിഴക്ക് വെള്ള കീറും മുന്നേ ജഴ്സി എഴുന്നേറ്റ് കുളിച്ചു ജോലികൾ തുടങ്ങി. ആറുമണിയായപ്പൊഴേക്കും പഠിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കിവച്ച് ഇല്യാനയുടെ അച്ഛന്റെ അനിയത്തി കല്ല്യാണിയും ഒപ്പം കൂടി. ജഴ്സിക്കു കൂട്ടായി അടുക്കളയിൽ വന്നിരുന്നാണ് വെളുപ്പാൻ കാലങ്ങളിൽ അവളുടെ വായന.
ഭരത് ചന്ദ്രൻ ഓഫീസിലേക്കിറങ്ങാൻ നേരം ജഴ്സി.ജെ.ഗൗതം കൂടെചെന്നു.
ഇന്നലെ ഞാൻ ചോദിച്ചത്....
പറുങ്ങിക്കൊണ്ട് അവൾ പറഞ്ഞു ഇല്ല്യാനയുടെ അച്ഛന്റെ അമ്മ ഭാഗീരഥി പ്രഭി അന്നേരം അങ്ങോട്ടു വന്നു. ഫ്ളിപ്പ്കാർട്ട് വഴി ഒരു കുപ്പി മുട്ടികുളങ്ങര എണ്ണ വരുത്തണേ മോനേ എന്ന് ഭരത് ചന്ദ്രനോട് പറഞ്ഞിട്ട് അവർ ജഴ്സിക്ക് നേരേ തിരിഞ്ഞു.
എന്താടീ..... ഉണ്ണിയെ പോകാൻ സമ്മതിക്കില്ല്യേ.... നിന്റെ നിഴല് അവന്റെ മേല് വീഴ്ത്തണ്ടാ. വണ്ടീലും വള്ളത്തിലും കേറിപോണ കുട്ട്യാ.....
ജഴ്സി.ജെ.ഗൗതം നിസ്സഹായയായി പിൻവാങ്ങി.
ഒൻപതര ആയപ്പോൾ ജഴ്സിയുടെ കൂട്ടുകാരി റാണി ചന്ദ്ര അവളെ കാണാൻ വന്നു.
വാ.... നമുക്കൊരിടം വരെ പോകണം .
വന്നപാടെ റാണി പറഞ്ഞു. പതിവു ചുരിദാറും ലെഗ്ഗിംഗ്സുമൊക്കെ അഴിച്ചുവച്ച് കസവു മുണ്ടും നേര്യതുമാണ് റാണി ഉടുത്തിരിക്കുന്നത്. ആകെ ഒരു മാറ്റം.
എവിടെ? ജഴ്സി ചോദിച്ചു .
നാമജപയാത്ര.... കുറെ ഫെമിനിച്ചികൾ മലകയറാൻ വരുന്നുണ്ട്. നടുറോഡിൽ തടഞ്ഞിട്ട് തല പൊട്ടിച്ച് വിടണം .
എനിക്ക് വയ്യ റാണീ.... സുഖമില്ല .
അതൊന്നും സാരമില്ല. നീ കല്ലെറിയാനൊന്നുമിറങ്ങണ്ട. തണലത്തെങ്ങാനുമിരുന്ന് നാമം ജപിച്ചാൽ മതി .
അതല്ല.... ഇട്ടോണ്ട് വെളീലിറങ്ങാൻ നല്ലൊരു തുണിപോലുമില്ല...
റാണിചന്ദ്ര മൂക്കത്ത് വിരൽ വച്ചു.
ഒരു കിലോ സ്വർണോം സിഫ്റ്റ് ഡിസയറുമായിട്ട് കേറിവന്ന നീയാണോടീ ഈ പറയുന്നേ...

അതൊക്കെ കുട്ടികളുടെ അച്ഛനാ നോക്കുന്നേ... എനിക്കു വല്ല ആവശ്യവുമുണ്ടെങ്കിൽ ഞാൻ ചോദിക്കും തരും .

എടീ മണ്ടീ.... ഇവിടുള്ളതൊക്കെ നിന്റേം കൂടിയാണ്. ഭാര്യക്കും ഭർത്താവിനും തുല്യ അവകാശം. പേഴ്സണലായ ഒരാവശ്യത്തിനും കെട്ടിയവന്റെ മുന്നിൽ കൈ നീട്ടേണ്ടിവരരുത് .

ജഴ്സിക്കത് പിടിച്ചില്ല. കുലസ്ത്രീകൾ അങ്ങനെ ഭർത്താവിന് തുല്യരാകാൻ പാടില്ല.

നീയെന്താ റാണീ ഒരു മാതിരി ഫെമിനിച്ചികളെപ്പോലെ സംസാരിക്കുന്നേ...? അവൾ ചോദിച്ചു

റാണിചന്ദ്രയുടെ കാലിൽനിന്ന് ഒരു വിറ മുകളിലേക്കു കയറി. ഫെമിനിച്ചി എന്ന ആക്ഷേപം അവൾക്കു തീരെ പിടിച്ചില്ല. ജ്വലിച്ച കൺകൊണ്ട് അവൾ ജഴ്സിയെ ഒരു നോക്കു നോക്കി. എന്തോ ഉരയ്ക്കാൻ നേരം ജഴ്സി തുടർന്നു.

ഒരു സിനിമാക്കാരി ഫെമിനിച്ചിയില്ലേ.....? അവളു പറഞ്ഞതു തന്നല്ലേ നീ ഇപ്പോൾ പറഞ്ഞത്? വീട്ടിലെ മീൻ വറുത്തതിൽ ആൺകുട്ടിക്കും പെൺകുട്ടിക്കും തുല്യാവകാശമാണ് പെൺകുട്ടിക്കത് നിഷേധിക്കുന്നത് ചെറ്റത്തരമാണ് എന്ന്.....

അത് മീൻ വറുത്തത്... ഇത് സാമ്പത്തിക സ്വാതന്ത്ര്യം.....

റാണിചന്ദ്ര വീണിടത്തു കിടന്നുരുണ്ടു.

കൊള്ളാവുന്ന ഭക്ഷണം പോലും പെൺകുട്ടിക്ക് കിട്ടുന്നില്ല. അത് കിട്ടിയേ തീരൂ എന്ന് പറയുന്നതാണ് കൂടുതൽ അപ്പീലിംഗ് ആയ അവകാശപ്പോരാട്ടം എന്നാണെനിക്ക് തോന്നുന്നത് .

തക്കതായ ഒരു മറുപടിയില്ലാതെ അണ്ണാക്കുപിരിവെട്ടിയതുകൊണ്ട് റാണി ചന്ദ്ര വിഷയം വഴിതിരിച്ചുവിട്ടു.

സ്വന്തമായി ജോലിയും വരുമാനവുമുള്ളവർക്ക് സാമ്പത്തിക സ്വാതന്ത്ര്യം പ്രശ്നമല്ല. നിനക്കത്യാവശ്യം ഒരു ജോലിയാണ്.

കല്യാണത്തിനു മുമ്പെഴുതിയ ടെസ്റ്റിന്റെ രണ്ട് അഡ്വൈസ് വന്നതാ..... ഈ തറവാട്ടിൽ നിന്ന് പെണ്ണുങ്ങളാരും ജോലിക്ക് പോകാറില്ല. എനിക്കും കഴിയില്ല....

അത് പള്ളീച്ചെന്നു പറഞ്ഞാമതി. ആണിനെപ്പോലെ തൊഴിലെടുക്കാനും ധനം സമ്പാദിക്കാനുമുള്ള അവകാശം പെണ്ണിനുമുണ്ട്. ആരെങ്കിലുമത് നിഷേധിച്ചാൽ പോടാ പുല്ലേന്നു പറഞ്ഞ് നമ്മൾ രംഗത്തിറങ്ങണം.

അതൊക്കെ ഫെമിനിച്ചികൾ പറയുന്നതല്ലേ റാണീ.... നമ്മൾ കുലനാരികൾ കുടുംബത്തിലെ ഓരോ കീഴ്വഴക്കങ്ങൾ പാലിക്കണ്ടേ.... ?

എല്ലാത്തിന്റേം ക്രെഡിറ്റ് അങ്ങനെ ഫെമിനിച്ചികൾക്ക് ഇട്ടുകൊടുക്കണ്ട. സ്ത്രീപുരുഷ സമത്വം, തൊഴിലെടുക്കാനുള്ള അവകാശം ഒക്കെ ഭരണഘടന ഉറപ്പുനല്കുന്നുണ്ട്. അതിനെതിരായ ഒരു കീഴ്വഴക്കം ലംഘിക്കേണ്ടിവന്നാ ലംഘിക്കുകതന്നെ വേണം...

അപ്പൊ മതവിശ്വാസത്തിനും ആരാധനയ്ക്കും സ്ത്രീക്കുള്ള അവകാശമോ.... അതും ഭരണഘടന ഉറപ്പുനല്കുന്നതല്ലേ... എന്നിട്ടും നമ്മൾ നാമജപത്തിന് പോകുന്നതിന് എന്തോ ഒരു പന്തികേട്...

ആരാധനയ്ക്കുള്ള അവകാശം ആര് നിഷേധിച്ചു. പത്തിനും അൻപതിനുമിടയിലുള്ളവർക്ക് പ്രവേശനം നിഷേധിച്ചിരിക്കുന്നു. അത്രയല്ലേ ഉള്ളൂ.... അതിലെവിടെ സ്ത്രീ വിവേചനം ?

പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ സ്ത്രീകളല്ലേ ചേച്ചീ..... ആ പ്രായത്തിലുള്ളവർക്ക് ആരാധനയ്ക്കുള്ള അവകാശം വേണ്ടേ..... മൗലികാവകാശം പ്രായപരിധി കണക്കാക്കി അനുവദിക്കാനും നിയന്ത്രിക്കാനും ഭരണഘടനയിൽ വകുപ്പുണ്ടോ ?

കോളെജിൽ പോകാൻ ഒരുങ്ങിയിറങ്ങിവന്ന കല്ല്യാണി ചോദിച്ചു.

അതുമിതും കൂട്ടികെട്ടണ്ട കല്ല്യാണീ. അതുവേറെ ഇതുവേറെ .

റാണി പറഞ്ഞു.

അല്ല അതും ഇതും ഒന്നുതന്നാ. ആണിന് വിലക്കില്ലാത്തിടത്ത് പെണ്ണിനും വിലക്കില്ല. അത് തൊഴിലെടുക്കാനായാലും, അഭിപ്രായം പറയാനായാലും, ആരാധനയ്ക്കായാലും എവിടേങ്കിലും വിലക്ക് നിലനില്ക്കുന്നുണ്ടെങ്കിൽ അത് പ്രത്യേക പ്രായക്കാർക്കാണെങ്കിൽ പോലും അത് സാധുവല്ല. അതാണ് കോടതി പറഞ്ഞത്. പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം വിലക്ക് നീക്കുക മാത്രമാണ് ചെയ്തത് എന്നുള്ളതാണ്. എല്ലാപേരും പോകണം എന്ന് പറഞ്ഞിട്ടില്ല . കല്ല്യാണി പറഞ്ഞു.

പക്ഷെ ഇത് വിശ്വാസത്തിന്റെ പ്രശ്നമല്ലേ. അതിൽ കൈകടത്താൻ കോടതിക്കെന്തു കാര്യം ?

റാണി ചീറി.

വിശ്വാസമോ ആചാരമോ ഒരു വശത്തും ഭരണഘടന മറുവശത്തും മുഖാമുഖം വരുമ്പോൾ ഭരണഘടന പറയുന്നതാണ് പാലിക്കപ്പെടേണ്ടത്. ഇല്ലെങ്കിൽ നിയമം മൂലം റദ്ദ് ചെയ്ത അനാചാരങ്ങൾപോലും വിശ്വാസത്തിന്റെ പേരു പറഞ്ഞ് തിരികെ വരും. ആർക്കെതിർക്കാൻ പറ്റും ?

കല്ല്യാണി സ്കൂട്ടറെടുക്കാൻ ഗ്യാരേജിലേക്കു പോയി.

ഇവള് ഫെമിനിച്ചിയാ ?

റാണിചന്ദ്ര ജഴ്സിയോട് ചോദിച്ചു.

അങ്ങനെന്നുമില്ല. എന്നാലും ഉശിരുള്ള കുട്ടിയാ .

സൂക്ഷിക്കണം ഇവൾ ഫെമിനിച്ചിയാകുന്നതിന്റെ എല്ലാ ലക്ഷണവും കാണുന്നുണ്ട് .

ജഴ്സി ഒന്നു ചിരിച്ചു.

നീ കയറിയിരിക്ക് ഞാൻ ചായയെടുക്കാം .

റാണിചന്ദ്ര അകത്തേക്കു കയറിയിരുന്നു. ജഴ്സി പിൻവശം ചുറ്റി അടുക്കളയിലേക്ക് പോയി.

ഞങ്ങൾ മരിക്കുമ്പോൾ കെട്ടിയോൻ ചാടാത്ത ചിതയിൽ കെട്ടിയോൻ മരിക്കുമ്പോൾ ഞങ്ങളും ചാടില്ല എന്ന് ഒരു കാലത്ത് കുറെ പെണ്ണുങ്ങൾ പറഞ്ഞിട്ടുണ്ടാകും.... അവരായിരുന്നു അന്നത്തെ ഫെമിനിച്ചികൾ. മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുമുണ്ടെന്ന് വിളിച്ചുപറഞ്ഞ് പിന്നെയൊരു കാലത്ത് സ്ത്രീകൾ ബ്ലൗസ്സണിഞ്ഞ് തെരുവിലിറങ്ങിയിരുന്നു.

അവരായിരുന്നു അന്നത്തെ ഫെമിനിച്ചികൾ. റാണിചന്ദ്രയുടെ മനസ്സിലൂടെ പലവിധചിന്തകൾ കടന്നു പോയി.

അവരായിരുന്നു ശരി എന്ന് കാലം തെളിയിച്ചു. മലകയറാൻ നില്കുന്ന ഫെമിനിച്ചികളെയും നാളെ ലോകം വാഴ്ത്തുമൊ ഏയ് അതുണ്ടാവില്ല. മലകയറാൻ വന്നവരെ അടിച്ചോടിച്ച ഞങ്ങൾ തന്നെയാകും ഭാവി ചരിത്രത്തിലെ വീരാംഗനകൾ. റാണിചന്ദ്ര ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

ബഹിരാകാശത്തുപോയ കൽപ്പന ചാവ്‌ലയൊക്കെ ത

ങ്ങൾക്ക് പിന്നിലേ വരൂ.
മറന്നുവച്ച സ്കൂട്ടറിന്റെ കീയെടുക്കാൻ കല്ല്യാണി വീണ്ടും വീടിനകത്തേക്കു പോയി. ഭിത്തിയിൽ ശബ്ദമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന ടി.വി.യിൽ മേരി കോമിന്റെ മുഖം തെളിഞ്ഞു.
ജഴ്സി ചായകൊണ്ടുവന്നു.

മീൻ പൊരിച്ചതിന് അടികൂടുന്ന ഫെമിനിച്ചയല്ല, ലോകം കീഴടക്കിയ മേരി കോമാണ് എന്റെ ഹീറോയിൻ എന്നൊരു പോസ്റ്റിടട്ടേടീ ഫേസ്ബുക്കിൽ.... ?

ഇട്..... ലൈക്കുകളുടെ പ്രളയമായിരിക്കും.....

നിങ്ങളെപ്പോലെ പത്ത് പൈസയുടെ ബോധമില്ലാത്ത കുലനാരികളാണല്ലോ ഇപ്പൊ എമ്പാടും..
സ്കൂട്ടറിന്റെ ചാവിയുമെടുത്ത് പുറത്തേക്കിറങ്ങുന്നതിനിടെ കല്ല്യാണി പറഞ്ഞു
കുടിച്ച ചായ റാണിചന്ദ്രയുടെ തൊണ്ടയിൽ കുടുങ്ങി. അന്നേരം ജഴ്സിയുടെ ഫോൺ ശബ്ദിച്ചു. ഇല്യാനയുടെ അച്ഛനാണ് വിളിക്കുന്നത്.

എടീ രണ്ടുമണികഴിഞ്ഞാൽ പിന്നെ വിളിച്ചാൽ കിട്ടില്ല. റോക്കറ്റ് വിക്ഷേപിക്കുന്നതിന്റെ കൗണ്ട് ഡൗൺ ആരംഭിക്കുകയാണ്. മൊബൈൽ സ്വിച്ച് ഓഫ് ആയിരിക്കും. നാമജപക്കാരാരെങ്കിലും വന്നാൽ നീ അമ്മേനേം കൂട്ടി പൊയ്ക്കോണം .
ജഴ്സി ഓ.കെ. പറഞ്ഞു ഫോൺ കട്ടാക്കി.
കല്ല്യാണി സ്കൂട്ടർ സ്റ്റാർട്ടാക്കി ഗാരേജിലെ ഇരുട്ടിൽ നിന്ന് പുറത്തെ വെളിച്ചത്തിലേക്കിറങ്ങി.

******************************

ബർസോപ്പിയ മേയർ ഇവിൻ ടോറിബോ പതിവിലും നേരത്തേ തന്റെ കാര്യാലയത്തിലേക്കു പുറപ്പെട്ടു. ലെയ്സോൺ അവന്യൂവിൽ നിന്ന് റോസ്ബെയ്ക്കിലേക്കു പോകുന്ന നാലുവരിപ്പാതയ്ക്ക് സമാന്തരമായി ആറുകിലോമീറ്റർ നീളത്തിൽ ഒരു സൈക്കിൾ പാത നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് ആലോചനയിലാണ്. പക്ഷെ നിർദ്ദിഷ്ട സൈക്കിൾ ലൈനിന്റെ ഒത്ത നടുവിലായി റാംബോ മതക്കാരുടെ ഒരു ആരാധനാലയമുണ്ട്. അത് പൊളിക്കണം. റാംബോ മതവിശ്വാസികളുടെ ആത്മീയ നേതാവ് ടുസ്മണി കുൽഗിയാൻ പത്തുമണിക്ക് ടോറിബോയുടെ ഓഫീസിലെത്തും. അദ്ദേഹത്തെ കാണുന്നതിനും കാര്യങ്ങൾ വിശദമായി സംസാരിക്കുന്നതിനുമായാണ് ടോറിബോ നേരത്തേ പുറപ്പെട്ടത്.

ലാസ്ജിഗർ സ്റ്റേഷനിൽ നിന്ന് ടോറിബോ ബുള്ളറ്റ് ട്രെയിനിൽ കയറി. ഓഫീസിലേക്കുള്ള 145 കിലോമീറ്റർ ദൂരം ഏതാനും മിനിട്ടുകൾക്കുള്ളിൽ താണ്ടുന്ന അതിവേഗ ട്രെയിനാണ്. ഒഴിഞ്ഞ സീറ്റുകളിലൊന്നിലിരുന്ന് അദ്ദേഹം പുറം കാഴ്ചകളിലേക്ക് മിഴിനട്ടു.

ട്രെയിൻ നീങ്ങാൻ തുടങ്ങി വേഗതയാർജ്ജിക്കാൻ നേരമാണ് ടോറിബോ ആ കാഴ്ച കണ്ടത്. പ്ലാറ്റ്ഫോമിലൊരിടത്ത് ഏതോ ഭാഷയിലെഴുതിയ ബാനറും പൊക്കിപ്പിടിച്ച് ഒരുത്തൻ നിന്ന് എന്തൊക്കെയോ വിളിച്ചു കൂകുന്നു.

വോട്ടീസ് ഹാപ്പനിംഗ് ദേർ?

ടോറിബോ അടുത്തിരുന്ന ആളോട് ചോദിച്ചു

എന്തോ പ്രൊട്ടസ്റ്റ് ആണ്..... മതത്തെ നിന്ദിച്ചവനെ തട്ടും എന്നാണ് എഴുതിവച്ചിരിക്കുന്നത് .

ടോറിബോ ഫോണെടുത്ത് പോലീസ് മേധാവിയെ വിളിച്ചു. 11 മണിക്ക് അയാളെ തന്റെ ഓഫീസിലെത്തിക്കാനുള്ള നിർദ്ദേശം കൊടുത്തു.

റാംബോ മേധാവി കൃത്യസമയത്തു തന്നെ മേയറുടെ ഓഫീസിൽ വന്നു ചേർന്നു. ടോറിബോ അദ്ദേഹത്തിന് ഹൃദ്യമായ സ്വാഗതമരുളി.

ഉത്തമമായ ഒരു പൊതു കാര്യത്തിനായി ആരാധനാലയം നീക്കം ചെയ്യാൻ ഞങ്ങൾക്കു സമ്മതമാണ് പക്ഷെ ഉചിതമായ മറ്റൊരിടത്ത് അത് പുനർനിർമ്മിച്ചു തരണം. കുൽഗിയാൻ പറഞ്ഞു ആ ആവശ്യം മേയർ നിറഞ്ഞമനസ്സോടെ അംഗീകരിച്ചു. ഒരു സൈക്കിൾ പാത വരുന്നത് ബർസോപ്പിയ നഗരത്തെ വാഹനപ്പുകയിൽ നിന്ന് കുറെയെങ്കിലും മോചിപ്പിക്കുമെന്നും ആരാധനാലയം ഒന്നു മാറ്റി സ്ഥാപിച്ചാൽ ആസ്ത്മയുമായി ആശുപത്രിയിൽ പ്രവേശിക്കുന്നവരുടെ എണ്ണം കുറയുമെങ്കിൽ അതാകും ദൈവത്തിനിഷ്ടമെന്നും മേയറെ ആലിംഗനം ചെയ്തുകൊണ്ട് അയാൾ പറഞ്ഞു. സന്തോഷത്തോടെ അദ്ദേഹം യാത്ര പറഞ്ഞിറങ്ങി.

വാഹനത്തിൽ കയറും വരെ മേയർ അദ്ദേഹത്തെ അനുഗമിച്ചു.

തിരികെ ചേംബറിലേക്കുചെല്ലുമ്പോൾ രാവിലെ റെയിൽവേ സ്റ്റേഷനിൽ കണ്ട പ്രതിഷേധക്കാരനെ പോലീസ് അവിടെയെത്തിച്ചിട്ടുണ്ടായിരുന്നു.

ടോറിബോ അയാളോട് ഇരിക്കാൻ പറഞ്ഞു. കോഫി വെൻഡിംഗ് മിഷീനിൽ നിന്ന് രണ്ടു കപ്പ് കോഫി റെഡിയാക്കിയെടുത്ത് ഒന്ന് മേയർ അയാൾക്ക് നേരേ നീട്ടി.

എന്താപേര്?

കുഴിത്തറ സലിം

ഇവിടെ എന്ത് ചെയ്യുന്നു? .

ശാസ്ത്രാദ്ധ്യാപകനാണ്. ബർസോപ്പിയ പബ്ലിക് സ്കൂളിൽ .

ബർസോപ്പിയ പബ്ലിക് സ്കൂൾ ലോകത്തെ പേരുകേട്ട ശിശുസൗഹൃദ വിദ്യാലയങ്ങളിലൊന്നാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള മികച്ച പണ്ഡിതരാണ് അവിടെ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നത്.

മേയർക്ക് സലീമിനോട് ഒരു ബഹുമാനമൊക്കെ തോന്നി. താൻ പോലീസിനെക്കൊണ്ട് വിളിപ്പിച്ച് അദ്ദേഹത്തിന്റെ വിലപ്പെട്ട സമയം കവർന്നോ എന്ന് ടോറിബോക്ക് സംശയമായി.

എന്തായാലും വിളിപ്പിച്ചുപോയി ഇനി കാര്യമറിഞ്ഞിട്ടുതന്നെ കാര്യം. ടോറിബോ ഉറപ്പിച്ചു.

എന്തിനായിരുന്നു മിസ്റ്റർ സലിം നിങ്ങളെ പ്രൊട്ടസ്റ്റ് ?

പെണ്ണുങ്ങൾക്കും ബാങ്ക് വിളിക്കണമെന്നും പറഞ്ഞോണ്ടൊരു നാടകം എറങ്ങീട്ടുണ്ട് നാട്ടില്. നമ്മള് ജീവിച്ചിരിക്കുമ്പം പെണ്ണുങ്ങള് ബാങ്കും വിളിക്കൂല്ല ബെട്ടോം കാണൂല്ല . സലിം അടിമുടി വിറച്ചുകൊണ്ട് പറഞ്ഞു.

മേയറുടെ കയ്യിൽ നിന്നും കാപ്പി ഗ്ലാസ് താഴെ വീണ് പൊട്ടി.

ശാസ്ത്രാദ്ധ്യാപകനായ കുഴിത്തറ സലീമിനെ ഇവാൻ ടോറിബോ ഒന്നു തറപ്പിച്ചു നോക്കി. തന്റെ രാജ്യത്ത് തുറിച്ചു നോട്ടം കുറ്റകരമാണ് പക്ഷെ ഇവനെയൊക്കെ നോക്കാതിരിക്കുന്നതെങ്ങനെ.

ആ നോട്ടത്തിന്റെ അർത്ഥം പക്ഷെ കുഴിത്തറയ്ക്കു മനസ്സിലായില്ല.

കെ. സെബാസ്റ്റിൻ

# ബ്രസീൽ ഭരണമാറ്റത്തിലേയ്ക്ക്

ബ്രസീൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തീവ്രവലുതപക്ഷ പാർട്ടിയായ സോഷ്യൽ ലിബറൽ പാർട്ടി (പി.എസ്.എൽ) യുടെ നേതാവ് ജെെർ ബോൽസൊനാരോ വിജയിച്ചു. മുൻ സൈനിക ക്യാപ്റ്റൻ കൂടിയായ ബൊൽസൊനാരോ 55.2 ശതമാനം വോട്ട് നേടി. വർക്കേഴ്സ് പാർട്ടിയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ബ്രസീലിന്റെയും സംയുക്ത സ്ഥാനാർത്ഥി ഫെർണാണ്ടോ ഹർദാദിന് 44 ശതമാനം വോട്ട് ലഭിച്ചു. സോഷ്യൽ ക്രിസ്ത്യൻ പാർട്ടിയിലാണ് ബൊൻസൊനാരോ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയത്. ഈ വർഷം ആദ്യമാണ് അദ്ദേഹം സോഷ്യൽ ലിബറൽ പാർട്ടിയിലെത്തിയത്.

2018 ഒക്ടോബർ 7-ന് നടന്ന പൊതു തിരഞ്ഞെടുപ്പിൽ 13 പേർ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിച്ചെങ്കിലും ആർക്കും 50 ശതമാനം വോട്ട് നേടാൻ കഴിയാത്തതിനാൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച ബൊൻസൊനാരോയും (44 ശതമാനം) രണ്ടാം സ്ഥാനത്ത് എത്തിയ ഫെർണാണ്ടോ ഹർദാദും (29 ശതമാനം) തമ്മിൽ ഒക്ടോബർ 28-ന് രണ്ടാം ഘട്ട തിരഞ്ഞെടുപ്പിൽ മൽസരിക്കുകയുണ്ടായി. ആദ്യഘട്ടത്തെക്കാൾ 130 ലക്ഷം വോട്ട് ഹർദാദിന് രണ്ടാം ഘട്ടത്തിൽ ലഭിക്കുകയുണ്ടായി. 21.7 ശതാമനം സമ്മതിദായകർ വോട്ടെടുപ്പിൽ നിന്നും വിട്ടുനിൽക്കുകയും 7.43 ശതമാനം പേർ ബാലറ്റ് പേപ്പറിൽ ആർക്കും വോട്ടു രേഖപ്പെടുത്താതിരിക്കുകയും ചെയ്തു. ഒന്നാം ഘട്ട വോട്ടെടുപ്പിനോടൊപ്പം നടന്ന 518 അംഗ കോൺഗ്രസിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ മുപ്പതോളം രാഷ്ട്രീയ പാർട്ടിക്കാർക്ക് പ്രാതിനിധ്യം ഉറപ്പിക്കാൻ കഴിഞ്ഞു. 56 സീറ്റുമായി വർക്കേഴ്സ് പാർട്ടിയാണ് ഒന്നാം സ്ഥാനത്ത്. ബൊൻസൊനാരോയുടെ ലിബ








**ജൈർ ബോൽസൊനാരോ**

റൽ പാർട്ടിയ്ക്ക് 52 സീറ്റും ലഭിച്ചു.

ബ്രസീലിൽ സംഭവിച്ച വലുതു വ്യതിയാനം വർഷങ്ങളായി നടക്കുന്ന സാമ്രാജ്യത്വ ഇടപെടലുകളുടെ ഫലമാണ്. ജനങ്ങളിൽ മതപരമായ ആശയങ്ങളും നുണക്കഥകളും പ്രചരിപ്പിച്ച് സ്ത്രീകളെയടക്കം വലതുപക്ഷത്തോടൊപ്പം നിർത്താൻ അവർക്ക് കഴിഞ്ഞു. ബെൻസൊനാരോയുടെ തിരഞ്ഞെടുപ്പ് പ്രചരണ പ്രവർത്തനം പ്രധാനമായും നടത്തിയത് ഇവാൻഞ്ചലിക്കൽ സഭയാണ്. കൂടാതെ വൻകിട കോർപ്പറേറ്റുകൾ വൻതോതിൽ പണം ഒഴുക്കുകയും ചെയ്തു. വലതുപക്ഷ കോർപ്പറേറ്റ് മാധ്യമങ്ങളും ബൊൻസൊനാരോയ്ക്കൊപ്പം നിൽക്കുകയും സോഷ്യൽ മീഡിയ വഴി വ്യാപക നുണ പ്രചരണങ്ങൾ നടത്തുകയുമുണ്ടായി. എന്നാൽ നുണപ്രചരണങ്ങളെ പ്രതിരോധിക്കുന്നതിന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞില്ല. കോർപ്പറേറ്റ് മാധ്യമങ്ങൾ നൽകിയ പക്ഷപാതപരമായ റിപ്പോർട്ടുകളെ പ്രതിരോധിക്കാനും കഴിഞ്ഞില്ല.

2003 മുതൽ 13 വർഷം തുടർച്ചയായി ഇടതുപക്ഷ വർക്കേഴ്സ് പാർട്ടിയായിരുന്നു ബ്രസിലീൽ അധികാരത്തിൽ. പ്രസിഡന്റായിരുന്ന ദിൽമ റൂഫിനെ കള്ളക്കേസിൽ കുടുക്കി ഇംപീച്ച് ചെയ്തതിനെത്തുടർന്ന് രണ്ടുവർഷമായി യാഥാസ്ഥിക വിഭാഗത്തിന്റെ നേതാവായിരുന്ന മൈക്കൽ ടീമറാണ് പ്രസിഡന്റ് . വർക്കേഴ്സ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണത്തിന് വിദ്യാഭ്യാസ മേഖലയിലും, ദാരിദ്ര്യ നിർമ്മാജ്ജനത്തിലും വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. വർക്കേഴ്സ് പാർട്ടിയിലെ ലുല ഡിസിൽവയും, ദിൽമറൂസയും പ്രസിഡന്റായിരുന്നപ്പോഴും പാർലമെന്റിൽ പലപ്പോഴും ഭൂരിപക്ഷമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ജനക്ഷേമ പദ്ധതികൾ ആഗ്രഹിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല, നിയമനിർമ്മാണത്തിലും ഭരണനിർവ്വഹണത്തിനും പാർലമെന്റിലെ വലുതപക്ഷവുമായി ഒത്തുതീർപ്പുകൾ വേണ്ടി വന്നിരുന്നു. കൂടാതെ ആഗോള സാമ്പത്തിക പ്രതിസന്ധി ബ്രസീലിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിരുന്നു. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും, സാമ്പത്തിക പ്രതിസന്ധിയും ചെറുപ്പക്കാരുടെ അസംതൃപ്തിയ്ക്ക് കാരണമായി. ഇതെല്ലാം പലപ്പോഴും കലാപങ്ങൾക്ക് കാരണമായി. ബ്രസീലിലെ ജനകീയ നേതാവായ ലുല ഡി സിൽവെയെ കള്ളക്കേസിൽ കുടുക്കി പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് പ്രധാന പങ്ക് വഹിച്ച ജഡ്ജി സെർജിയോ മൊറോയെ ബെൻസോനാരോയെ തന്റെ മന്ത്രിസഭയിൽ നിയമനീതിന്യായ വകുപ്പിന്റെ ചുമതല നൽകിയത് ഇടതുപക്ഷ ഭരണത്തെ അട്ടിമറിക്കാനുള്ള സാമ്രാജ്യത്വ ഇടപെടലിന്റെ രൂക്ഷത വ്യക്തമാക്കുന്നു.

ബ്രസീലിൽ ബൊൻസൊനോരെയുടെ വിജയം ദക്ഷിണ അമേരിക്കയിലെ വലുതപക്ഷ ശക്തികൾക്കും സാമ്രാജ്യത്വത്തിനും ശക്തിപകരും എന്ന കാര്യത്തിൽ സംശയമില്ല. 2002 മുതലുള്ള വർക്കേഴ്സ് പാർട്ടിയുടെ ഭരണത്തിൽ നടപ്പിലാക്കിയ ക്ഷേമപദ്ധതികളെല്ലാം അട്ടിമറിക്കപ്പെടാനുള്ള നീക്കങ്ങളാരംഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നവലിബറൽ നയങ്ങൾക്കെതിരായും സാമ്രാജ്യത്വത്തിനെതിരെയും ശക്തമായ പ്രതിരോധമായിരിക്കും ബ്രസീലിൽ ഇനി ഉയർന്നു വരിക.

# നവകേരള സൃഷ്ടിയിൽ നടക്കേണ്ടത് എന്തൊക്കെ?

## ഒന്നാം ഭാഗം: പ്രളയവും അതിജീവനവും

**ഷിബു. എ. എസ്.**

ഈ തലമുറ ഇന്നേവരെ കണ്ടിട്ടില്ലാത്ത അതിഭീകരമായ പ്രളയമാണ് ഈ ആഗസ്റ്റിൽ നാം കണ്ടത്. 1924-ന് ശേഷമുണ്ടായ ഏറ്റവും തീവ്രമായ പ്രളയം; മലയാള വർഷം 1099 ൽ ആയതിനാൽ ഇത് 99-ലെ മഹാപ്രളയം എന്നറിയപ്പെടുന്നു. ദേശീയ ജലകമ്മീഷൻ രേഖകളനുസരിച്ച് 2018 ജൂൺ 1 മുതൽ ആഗസ്റ്റ് 18 വരെ കേരളത്തിൽ 2346.6മി.മീ. മഴയാണ്‌ലഭിച്ചത്. പ്രളയദുരന്തത്തോടെ കേരളം മൊത്തത്തിൽ ഒരു പരിസ്ഥിതി ലോല പ്രദേശമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, വയനാട് ജില്ലകളെയാണ് പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ , വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ വ്യാപകമായ ഉരുൾപൊട്ടൽ ഉണ്ടായി. ആഗസ്റ്റിൽ മാത്രം 50 ലധികം ഉരുൾപൊട്ടലാണ് കേരളത്തിലാകെ ഉണ്ടായത്. 483 മനുഷ്യ ജീവൻ നഷ്ടപ്പെട്ടു. 14900 വീടുകൾ പൂർണ്ണമായും 218750 വീടുകൾ ഭാഗികമായും നശിച്ചു. 300 ലധികം പാലങ്ങളും 25000 കിലോമീറ്ററോളം റോഡ് ശൃംഖലയും ഇതിലൂടെ തകർന്നു. മൂന്നുലക്ഷം കർഷകരുടെ കൃഷിയിടങ്ങളിലായി 1300 കോടി രൂപയുടെ വിളകളും ചെറുകിട കച്ചവടക്കാർ ഉത്പാദകർ തുടങ്ങി പതിനായിരക്കണക്കിന് മനുഷ്യർക്ക് തങ്ങളുടെ ജീവനോപാധികളും തൊഴിൽദിനങ്ങളും നശിച്ചു. 6000 ത്തോളം സ്കൂളുകൾക്ക് കേടുപാടുണ്ടായി.

ഏതൊരു ദുരന്തത്തെയും അഭിമുഖീകരിക്കുന്നതുപോലെ മൂന്നതലങ്ങളിലാണ് സർക്കാർ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്. ദുരന്തസമയത്തെ രക്ഷാപ്രവർത്തനങ്ങൾ, തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവസാനമായി ഇനി നടക്കേണ്ട പുനരധിവാസ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ. അപ്രതീക്ഷിതമായ പ്രളയദുരന്തത്തെ തളരാതെ നേരിടാനും അതിജീവിക്കാനും കേരളത്തിലെ ജനങ്ങൾക്കും നാടിനും കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. മനുഷ്യത്വം, സന്നദ്ധത, ഐക്യം എന്നിവയൊക്കെ കൂടിച്ചേർന്ന മൂല്യബോധത്തിന്റെ ഇടപെടലുണ്ടാകാൻ സഹായിച്ചത് കേരളത്തിലെ സർക്കാരിന്റെ സജീവമായ മേൽനോട്ടമുണ്ടായതുകൊണ്ടാണ്. സേവന സന്നദ്ധരായി ഒറ്റ മനസ്സോടെ ദുരന്തഭൂമിയിൽ അണിനിരന്ന ജനങ്ങളെയും സംവിധാനങ്ങളെയും കൃത്യമായി ഏകോപിപ്പിച്ച് രക്ഷാപ്രവർത്തനം കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ചെങ്ങന്നൂരിൽ ആയിരങ്ങളുടെ ജീവൻ രക്ഷിച്ച കേരളത്തിന്റെ സ്വന്തം നാവികസേനയെന്ന കീർത്തികേട്ട മത്സ്യതൊഴിലാളികളെ സജ്ജമാക്കുന്നതിൽ കേരള സർക്കാരിന്റെ കപ്പിത്താനായ മുഖ്യമന്ത്രി വലിയ നേതൃപാടവമാണ് കാണിച്ചത്. 6900 അഭയാർത്ഥി ക്യാമ്പുകൾ, 1200 ഓളം ആവശ്യവസ്തുവിതരണ കേന്ദ്രങ്ങൾ, വൈദ്യസഹായ സംവിധാനങ്ങൾ എന്നിവയൊക്കെ മണിക്കൂറുകൾക്കകം സജീവമായി.

14.5 ലക്ഷം വരുന്ന ക്യാമ്പ് നിവാസികളിൽ ഒരാൾപോലും മരിച്ചില്ലായെന്നതും ശ്രദ്ധേയമാണ്. 1999-ലെ ഒറീസയിലുണ്ടായ ചുഴലിക്കാറ്റിലും കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടെ അമേരിക്കയിലുണ്ടായ കത്രീന ചുഴലിക്കാറ്റിലും ധാരാളം പേർ മരിച്ചത് അവിടത്തെ സർക്കാരുകളുടെ നേതൃത്വത്തിൽ സജ്ജമാകേണ്ട പൊതുസംവിധാനത്തിന്റെ ദൗർബല്യം കാരണമായിരുന്നു.

പ്രളയത്തിന്റെ കാരണം മൂന്നു ദിവസത്തെ തുടർച്ചയായ അതിവൃഷ്ടിയാണെന്ന് കേന്ദ്ര ജലകമ്മീഷൻ ഉറപ്പിച്ചുപറയുന്നു. എന്നിട്ടും അതിന്റെ പേരിൽ രാഷ്ട്രീയമുതലെടുപ്പിന് പലരും ശ്രമിച്ചതും വിസ്മരിക്കാൻ കഴിയില്ല. അതിതീവ്രമഴയിലേക്ക് നയിച്ച കാലാവസ്ഥമാറ്റം പോലുള്ള ഘടകങ്ങളുടെ സ്വാധീനവും അവഗണിക്കാൻ കഴിയില്ല. ആഗോളതാപനത്തിന്റെ ഭാഗമായി വന്നിരിക്കുന്ന കാലാവസ്ഥാമാറ്റത്തിന്റെ സ്വാധീനം മൂലമാണ് പ്രകൃതിക്ഷോഭങ്ങളുടെ ആധിക്യവും തീഷ്ണതയും. ഈ പ്രതിഭാസങ്ങൾ അമിതവിഭവചൂഷണണത്തിലും ഉപഭോഗതൃഷ്ണയിലും ഊന്നിയ മുതലാളിത്ത സമീപന വികസനത്തിന്റെ കൂടി സൃഷ്ടിയാണ്. കേരളവും ഇതേ വികസന പാതയിലൂടെയാണ് മുന്നോട്ട് പോകുന്നത്. ചുരുക്കത്തിൽ ദീർഘകാലമായി കേരളത്തിൽ അനുവർത്തിച്ചുവരുന്ന പരിസ്ഥിതി സൗഹൃദപരമല്ലാത്ത വികസനപ്രവർത്തനങ്ങളുടെ സഞ്ചിതഫലമായാണ് ദുരന്തത്തിന്റെ ആഘാതം ഇത്രയും തീവ്രമായത്. 1970 കളുടെ അവസാനം വരെ തുടർന്ന വനഭൂമിയുടെ പരിവർത്തനം



സംസ്ഥാനത്തെ വനപരിസ്ഥിതിയിലും നദികളുടെ ഉത്ഭവസ്ഥാനത്തെ ജൈവവ്യവസ്ഥയിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നദികളിൽ നിന്നുള്ള മണൽവാരൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ പ്രധാന നദികളുടെ അടിത്തട്ട് 3–4 മീറ്റർ താഴുന്നതിന് കാരണമായിട്ടുണ്ട്. സമ്പുഷ്ടമായ മേൽമണ്ണ് നഷ്ടപ്പെടുന്നതു മൂലം ഒഴുകി വരുന്ന മലവെള്ളത്തെ പിടിച്ചുനിർത്തി ജലം സംഭരിക്കുന്നതിനും നദീതടപ്രദേശത്തെ ജലനിരപ്പ് താഴാതെ നിലനിർത്താനുമുള്ള ശേഷി നദികൾക്ക് ഇല്ലാതായി. മണ്ണിന്റെ ജലസംവഹനശേഷി കുറഞ്ഞതിനാൽ പ്രളയാനന്തരം നദികളിലെ ജലനിരപ്പ് പെട്ടെന്ന് താഴുന്നതിനും കാരണമായി. വയലുകളുടെ വിസ്തൃതിയിൽ വന്നകുറവ് ജലസംവഹനശേഷിയെ സാരമായി ബാധിച്ചു.

**പുന:നിർമ്മാണമല്ല നവകേരള സൃഷ്ടിയാണ് വേണ്ടത്**

ജീവൻ രക്ഷാപ്രവർത്തനങ്ങൾക്കുശേഷം ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി സർക്കാർ തയ്യാറയപ്പോൾ മുഖ്യമന്ത്രിയോട് പരാതിക്കാരുടെ ഒരുചോദ്യമുണ്ടായിരുന്നു. വീട് വൃത്തിയാക്കുന്നത്ഉൾപ്പെടെയുള്ള ദുരിതാശ്വാസപ്രവർത്തനങ്ങൾ ഇനി ആരാണ് നടത്തുന്നതെന്ന്? ''അതിന് നാളെ മുതൽ നമ്മൾ ഇറങ്ങുകയല്ലേ?'' മുഖ്യമന്ത്രിയുടെ ഈ മറുപടി കേരളം ഏറ്റെടുക്കുകയായിരുന്നു. ദുരന്തമുഖങ്ങളിലെ ദുരിതാശ്വാസകേന്ദ്രങ്ങളിൽ നിന്ന് ജനങ്ങളെ വീടുകളിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ആ ഒറ്റ പ്രസ്താവന തന്നെ മതിയായിരുന്നു. ഈ മുഖ്യമന്ത്രിയാണ് പുനരധിവാസവും പുനർനിർമ്മാണവും ഏറ്റെടുക്കുന്നതെങ്കിൽ ഒരു സംശയവും വേണ്ട; പഴയതല്ല പുതിയ കേരളം തന്നെ സൃഷ്ടിക്കപ്പെടും.

കേരളത്തിന്റെ പുനർനിർമ്മാണത്തിലേക്ക് പ്രവേശിക്കുന്ന ഇന്നത്തെ ഘട്ടത്തിൽ മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ വീണ്ടും കേൾക്കാം. ''പ്രളയത്തിന് മുമ്പുണ്ടായിരുന്നതൊക്കെ അതുപോലെ പുന:സ്ഥാപിക്കുകയല്ല പുനർനിർമ്മാണം, ഭാവി തലമുറക്ക് വേണ്ട പുതുകേരളം കെട്ടിപ്പടുക്കുകയാണ്. ഇതാണ് കേരളത്തിന് വേണ്ടത്. പുനർനിർമ്മാണമല്ല പുതിയ കേരളമാണ് വേണ്ടത്.''

പ്രകൃതിയും പ്രകൃതിവിഭവങ്ങളെയും ഉപയോഗിക്കാതെ മനുഷ്യന്റെ അതിജീവിനം സാധ്യമല്ല. എന്നാൽ അനിയന്ത്രിമായ ചൂഷണത്തിൽ ഊന്നിയ പ്രകൃതിവിഭവവിനിയോഗം പരിസ്ഥിതിയുടെ സന്തുലനാവസ്ഥ തകർക്കും. ശാസ്ത്രീയമായ പ്രകൃതി വിഭവവിനിയോഗമാണ് നവകേരള സൃഷ്ടിയിൽ പ്രാമുഖ്യം നൽകേണ്ടത്. അതിനുവേണ്ടിയുള്ള വികസന സമീപനം എങ്ങനെയായിരിക്കണം?

യാത്രാ വിവരണം

സലാഹുദ്ദീൻ.വൈ
ആലപ്പുഴ

# ഖജുരാഹോ

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലിടം നേടിയ ഇന്ത്യയിലെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ് ഖജുരാഹോ. മധ്യപ്രദേശിന്റെ വടക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഝാൻസിയിൽ നിന്നും 180 കി.മീ. ദൂരമുണ്ട് അവിടേക്ക്. റെയിൽവേ സ്റ്റേഷനും വിമാനത്താവളവുമടക്കം ടൂറിസ്റ്റുകൾക്കെത്തിച്ചേരാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും തദ്ദേശീയർ വിരളമായി മാത്രമാണ് അവിടം സന്ദർശിക്കാറ്. വിദേശ ടൂറിസ്റ്റുകളും ചരിത്രഗവേഷകരുമാണ് കൂടുതലായി എത്താറ്. ഝാൻസിയിൽ നിന്നും ടാക്സി കാറിൽ അവിടേക്ക് യാത്ര ചെയ്യവേ ആ ടാക്സിക്കാരൻ ആദ്യമായാണ് അവിടേക്ക് ഓട്ടം വരുന്നതെന്നും ജീവിതത്തിൽ ഇന്നുവരെ അവിടം സന്ദർശിശിച്ചിട്ടില്ലെന്നും തുറന്നു പറഞ്ഞത് ഞങ്ങളെ അത്ഭുതപ്പെടുത്തി. രതിശില്പങ്ങളുടെ ഒരു പ്രപഞ്ചമാണവിടം എന്നതുകൊണ്ടാവാം ഫാമിലി ടൂറിസ്റ്റുകൾ അവിടേക്ക് പോകാൻ കൂട്ടാക്കാത്തത്. വാത്സ്യായന മഹർഷിയുടെ കാമസൂത്രസങ്കൽപങ്ങൾ ആത്മീയ പശ്ചാത്തലത്തിൽ ശില്പങ്ങളിലൂടെ അവിടെ മനോഹരമായി ദൃശ്യാവിഷ്കരിച്ചിരിക്കുന്നു.

ഉച്ചയ്ക്ക് 12 മണിയോടെയാണ് ഝാൻസിയിൽ നിന്നും ടാക്സിയിൽ പ്രയാണമാരംഭിച്ചത്. ബുന്ദേൽഖണ്ഡ് എന്ന കൊടും വനത്തിലൂടെയാണ് യാത്രയെന്ന് അറിയാമായിരുന്നതിനാൽ യാത്രയ്ക്ക് മുമ്പ് തന്നെ ഊണ് കഴിക്കുകയും അത്യാവശ്യവിഭവങ്ങളൊക്കെ കരുതുകയും ചെയ്തിരുന്നു. പൊതുവെ വിജനമായ പാതയാണ്. വിവിധങ്ങളായ ഖനികൾ റോഡിനിരുവശത്തുമായി ധാരാളം കാണാം. അത്യുഷ്ണ കാലാവസ്ഥയായിരുന്നു, 43 ഡിഗ്രി പൊള്ളുന്ന ചൂട്. കാറിൽ നിന്നും പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. വരണ്ടുണങ്ങിയ നദികളും ഡാമുകളുമൊക്കെ കാണാം. ധാരാളം പശുക്കൾ വഴിയിലുടനീളം അലഞ്ഞു തിരിയുന്നു. ഗ്രാമങ്ങളും ഗ്രാമച്ചന്തകളുമൊക്കെ പിന്നിട്ട് ഉൾവനത്തിലേക്ക് കടന്നു. 50 കി.മീറ്ററിനുള്ളിൽ ഒരു കടപോലുമില്ല. കേരളത്തിലേത് പോലുള്ള നിത്യഹരിത വനമല്ലാത്തതിനാൽ പേടിയൊന്നും തോന്നിയില്ലെങ്കിലും ഈ വിജനതയും മൂകതയും നമ്മെ വല്ലാതെ ആശ്ചര്യപ്പെടുത്തും. വൈകുന്നേരം 4.30 ന് ഞങ്ങൾ ഖജുരാഹോ ക്ഷേത്ര സമുച്ചയത്തിലെത്തി.



കൊടും ചൂടായതിനാലാവണം ആളുകൾ നന്നേ കുറവ്. എങ്കിലും കുറച്ച് വിദേശികളും അന്യസംസ്ഥാനക്കാരുമൊക്കെയുണ്ട്. എല്ലാവരും ക്ഷേത്രങ്ങളുടെയും അതിലെ ശില്പങ്ങളുടെയുമൊക്കെ ചരിത്ര പശ്ചാത്തലങ്ങൾ പഠിക്കുന്നതിരിക്കിലാണ്. തീർച്ചയായും ഒരത്ഭുത ലോകത്തെത്തിയ പ്രതീതിയിലാണെല്ലാവരും. എല്ലോറയിലെന്നപോലെ ഹിന്ദു-ബുദ്ധ-ജൈന ക്ഷേത്രങ്ങളുടെ സമന്വയമാണിവിടം. ചന്ദേലാ രാജവംശം എ.ഡി. 950-1050 കാലഘട്ടത്തിൽ പണികഴിപ്പിച്ചതാണ് പ്രധാന ക്ഷേത്രങ്ങൾ. 12-ാം നൂറ്റാണ്ടിൽ 20 ചതുരശ്ര കി. മീറ്ററിലായി 85 ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പേർഷ്യൻ തത്വചിന്തകനും ചരിത്രകാരനുമായ അൽബറൂനി ഇവിടം സന്ദർശിക്കുകയും കണ്ടെത്തലുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 12-ാം നൂറ്റാണ്ടിന് ശേഷം വനത്തിനുള്ളിൽ വിസ്മൃതിയിലാണ്ടുപോയ ഈ ക്ഷേത്രസമുച്ചയം പിന്നീട് പുറംലോകമറിഞ്ഞത് 1838-ൽ ബ്രിട്ടീഷ് എഞ്ചിനീയറായ ടി.എസ്. ബുർട്ട് വഴിയാണ്. ഇതേ പോലെ തന്നെയായിരുന്നു നൂറ്റാണ്ടുകളോളം വനത്തിനുള്ളിൽ മറഞ്ഞുകിടന്നിരുന്ന അജന്താ ഗുഹകൾ ഒരു ബ്രിട്ടീഷ് പട്ടാളക്കാരനിലൂടെ പുറംലോകമറിഞ്ഞതും. ഖജുരാഹോയിൽ ഇന്ന് 6 കിലോമീറ്റർ ചുറ്റളവിൽ 25 ക്ഷേത്രങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ജീർണതയിൽ നിന്നും ഇവ സംര



ക്ഷിച്ചുനിർത്തുന്നതിന് യുനെസ്കോയുടെ ഇടപെടലും സഹായകമാകുന്നുണ്ട്. 1029-ൽ പൂർത്തീകരിച്ച ഇവിടത്തെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ ഖാണ്ഡരീയ മഹാദേവക്ഷേത്രം കാലത്തെ അതിജീവിച്ച് ഇന്നും പ്രൗഢിയോടെ നിൽക്കുന്നു.

രതിശില്പങ്ങൾ കൊണ്ടലങ്കരിച്ചിരിക്കുകയാണ് ഇവിടുത്തെ ക്ഷേത്രങ്ങളും അവയുടെ പുറം ചുമരുകളും. ആത്മീയതയും ദേഹേച്ഛയും ഒരുമിച്ച് കൊണ്ടുപോകാവുന്നതാണെന്നും ദൈവത്തിൽ നിന്നും മനുഷ്യന് ഒന്നും ഒളിക്കാനില്ലെന്നും കാമദേവലീലകൾ മനുഷ്യ സംസ്കാരത്തിന്റെ ഭാഗമാണെന്നുമുള്ള സന്ദേശമാണിവിടെ നിന്നും ലഭിക്കുന്നത്. ഒരു പക്ഷേ ആധുനിക മനുഷ്യൻ കൊട്ടിഘോഷിക്കുന്ന ലൈംഗിക വിദ്യാഭ്യാസത്തിന്റെ മുൻകാലരൂപമായി ഇതിനെ കാണാം. പണ്ട് ഗുരുകുല വിദ്യാർത്ഥികൾ ബ്രഹ്മചാരികളായിരുന്നെന്നും പിന്നീടവരെ ലൗകികജീവിത്തിലേക്ക് കൊണ്ടുവരുന്നതിനാണ് ഇത്തരം ശില്പങ്ങൾ രൂപപ്പെടുത്തിയതെന്നും ഐതിഹ്യമുണ്ട്.

കടപസദാചാരം പുലർത്തുന്ന ഇന്നത്തെ തലമുറയ്ക്ക് ഇതിൽനിന്നും ധാരാളം പഠിക്കാനുണ്ട്. ഉദരപൂരണത്തിനോ ധനസമ്പാദനത്തിനോ വേണ്ടി ബ്രഹ്മചാരി വേഷമിടുന്ന മതപുരോഹിതന്മാർ വരെ കാട്ടിക്കൂട്ടുന്ന സകല വൃത്തികേടുകളും ഇന്ന് പുറത്തു വന്നുകൊണ്ടിരിക്കുകയാണല്ലോ. ദേഹേച്ഛകളുടെ സമ്മർദ്ദത്തെ കപടമാനവികതയുടെ പേരിൽ അടക്കിനിർത്തിയാൽ അവസരം വരുമ്പോൾ അക്രമത്തിലൂടെയോ ചതിയിലൂടെയോ വിശ്വാസവഞ്ചനയിലൂടെയോ അത് പുറത്ത് ചാടുമെന്നുള്ളത് മുൻകാല ധിക്ഷണാശാലികൾ മനസിലാക്കിയിരുന്നു.

ആത്മീയതയും ലൗകികതയും ഒരേ നാണയത്തിന്റെ വശങ്ങളാണെന്ന് ഇവിടുത്തെ ക്ഷേത്ര പ്രതിഷ്ഠകളും പുറത്തുള്ള ശിലാചിത്രങ്ങളും നമ്മെ പഠിപ്പിക്കുന്നു. ഒരു പക്ഷേ കപടത മാത്രമാണ് ദൈവനിഷേധമെന്നും ദേഹേച്ഛയെക്കുറിച്ചുള്ള മനുഷ്യസങ്കല്പങ്ങൾ ദൈവനിന്ദയല്ലെന്നും സ്ഥാപിക്കലാകാം ഇത്തരം സമന്വയത്തിലൂടെ അവർ അർത്ഥമാക്കിയത്. ത്യാഗവും ഭോഗവും പരസ്പരശത്രുക്കളല്ലെന്ന് സാരം.

എല്ലാ ലൗകിക സുഖസൗകര്യങ്ങളും കൺമുന്നിൽ ഉണ്ടായിട്ടും അതെല്ലാം അർത്ഥശൂന്യമാണന്ന് തിരിച്ചറിഞ്ഞാണല്ലോ ഗൗതമബുദ്ധൻ സന്യാസം സ്വീകരിച്ചത്. നിർലോഭം ലഭ്യമായ ലലനാ സമൃദ്ധിയെപ്പോലും അനാകർഷകമാക്കുന്ന ആത്മശുദ്ധിയെയാണ് ബ്രഹ്മചര്യം കൊണ്ടർത്ഥമാക്കുന്നത്. ഗുരുകുലവിദ്യാഭ്യാസം പൂർത്തിയാക്കുന്ന കൗമാരക്കാർക്ക് അതുവരെ ആർജ്ജിച്ച ആത്മശുദ്ധി നിലനിർത്തിത്തന്നെ ലൗകികജീവിതം തെരഞ്ഞെടുക്കാമായിരുന്നു. കുറ്റബോധമോ മനോദൗർബല്യചാഞ്ചാട്ടമോ അവരെ വേട്ടയായിടിയിരുന്നില്ല. ആരോഗ്യപൂർണ്ണമായ സദാചാരബോധവും കളങ്കരഹിതമായ ഭക്തിയും അന്ന് നിലനിന്നിരുന്നു. മിത്യാഭിമാനത്തോടെ നാം കെട്ടിപ്പൊക്കിയ ആധുനിക സദാചാരബോധത്തെ ഉൾക്കൊള്ളാനാകാതെ മതപുരോഹിതന്മാരുൾപ്പെടെയുള്ള സംസ്കാര സമ്പന്നരുടെ മാന്യതാമുഖം മൂടികൾ ഒന്നൊന്നായി ഇളകിവീണുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഖജുരാഹോ തത്വചിന്തകൾ നമ്മെ നോക്കി ചിരിക്കുന്നു. അതെ ഇന്ന് കപടത അതിന്റെ സകല സീമകളും ലംഘിച്ച് അരാജകരൂപം പൂണ്ടിരിക്കുന്നു. യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള നിയന്ത്രണങ്ങളാണ് അടിച്ചമർത്തലുകളെക്കാൾ സമൂഹത്തിന് നല്ലത്.

# എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം

## തിരുവനന്തപുരം

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, എഫ്.എസ്.ഇ.റ്റി.ഒ. സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടേയും അവകാശ പോരാട്ടങ്ങൾക്ക് ഉജ്ജ്വല നേതൃത്വം നൽകിയ എൻ. രാഘവേന്ദ്രൻ പോറ്റിയെ അനുസ്മരിച്ച് തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസ് കാമ്പസിലെ എംപ്ലോയീസ് യൂണിയൻ ഹാളിൽ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ കെ.വരദരാജൻ പ്രഭാഷണം നടത്തി. യൂണിയൻ മുൻ ജനറൽ സെക്രട്ടറിമാരായ എൻ.രാധാകൃഷ്ണൻ നായർ, ജെ.എസ്.രാജേഷ് എന്നിവർ രാഘവേന്ദ്രൻ പോറ്റിയെ അനുസ്മരിച്ചു. യൂണിയൻ പ്രസിഡന്റ് കെ.സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജന:സെക്രട്ടറി എം.ഷാജഹാൻ സ്വാഗതവും തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് കെ.ബാബുരാജ് കൃതജ്ഞതയും രേഖപ്പെടുത്തി.

## കൊല്ലം



യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച സ. എൻ.രാഘവേന്ദ്രൻ പോറ്റിയുടെ ഏഴാം ചരമവാർഷികത്തോടനുബന്ധിച്ച് 2018 നവം 8-ാം തീയതി വൈകുന്നേരം പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണം സംഘടിപ്പിച്ചു. കൊല്ലം കെജി.ഒ.എ. ഹാളിൽ ചേർന്ന ചടങ്ങ് സി.പി.ഐ.(എം) കൊല്ലം ജില്ലാ സെക്രട്ടറി എസ്.സുദേവൻ ഉത്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് സി. ഉണ്ണികുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി ജി.ഗോപു സ്വാഗതം പറഞ്ഞു. എഫ്.എസ്.ഇ. ടി.ഒ. കൊല്ലം ജില്ലാ സെക്രട്ടറി എസ്.ഓമനക്കുട്ടൻ, പി.എസ്.സി. എംപ്ലോയീസ് യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ് അപ്പുക്കുട്ടൻനായർ എന്നിവർ സംസാരിച്ചു.

## ആലപ്പുഴ

പി.എസ്.സി. എംപ്പോയീസ് യൂണിയൻ ആലപ്പുഴ ജില്ലാകമ്മിറ്റി യുടെ നേതൃത്വത്തിലുള്ള എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2018 നവംബർ 08 ന് യൂണിയൻ വൈസ് പ്രസിഡന്റ് ആർ.ലിജിയുടെ അധ്യക്ഷതയിൽ നടന്നു. യൂണിയൻ ജില്ലാ പ്രസിഡന്റ് അനിൽകുമാർ.റ്റി.ആർ അനുസ്മരണ പ്രഭാഷണം നടത്തി. ആദ്യകാല യൂണിയൻ പ്രവർത്തനങ്ങളും അതിൽ സഖാവ് വഹിച്ച പങ്കും വളരെ തൻമയത്തത്തോടെ അദ്ദേഹം പങ്കുവച്ചത് യൂണിയൻ പ്രവർത്തകരിൽ ആവേശമുണർത്തി. ജില്ലാ കമ്മിറ്റി അംഗം മഹേഷ്കുമാർ.ടി.പി. സ്വാഗതവും പ്രീതാകുമാരി.കെ.പി. കൃതജ്ഞതയും പറഞ്ഞു.

## കോട്ടയം



പി.എസ്.സി. എംപ്പോയീസ് യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റി യുടെ നേതൃത്വത്തിൽ നവംബർ 8-ന് എൻ. രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ. എൻ.ബാബുജി അനുസ്മരണ പ്രഭാഷണം നടത്തി. യൂണിയൻ ജില്ലാ പ്രസിഡന്റ് സീമാതങ്കച്ചിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം ആർ സന്തോഷ് സ്വാഗതവും ജില്ലാ സെക്രട്ടറി കെ.എസ്.രാജേഷ് നന്ദിയും രേഖപ്പെടുത്തി.

## ഇടുക്കി




പി.എസ്.സി. എംപ്പോയീസ് യൂണിയൻ ഇടുക്കി ജില്ലാ കമ്മിറ്റി യുടെ നേതൃത്വത്തിൽ നവംബർ 8-ന് എൻ. രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.സി.തോമസ് അധ്യ

ക്ഷനായ ചടങ്ങിൽ കർഷക സംഘം ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ മാത്യു ജോർജ്ജ് അനുസ്മരണ പ്രഭാഷണം നടത്തി. എൻ.ജി.ഒ. യൂണിയൻ ജില്ലാ കമ്മിറ്റി അംഗം എൻ.വി.സുഭദ്ര സംസാരിച്ചു. ജില്ലാ സെക്രട്ടറി സി.ജെ. ജോൺസൺ സ്വാഗതവും ട്രഷറർ ദിവ്യ.പി.ഡി നന്ദിയും പറഞ്ഞു.

## എറണാകുളം




പി.എസ്.സി. എംപ്ലോയീസ് യൂണിയൻ എറണാകുളം ജില്ലാകമ്മിറ്റി യുടെ നേതൃത്വത്തിൽ നവംബർ 8-ന് എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. യൂണിയൻ മുൻ ജനറൽ സെക്രട്ടറി കെ.തങ്കപ്പൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.കെ.രാജു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി കെ.ദിലീപ്കുമാർ സ്വാഗതവും ജില്ലാ ട്രഷറർ പി.എ.ലിജോ നന്ദിയും പറഞ്ഞു.

## തൃശ്ശൂർ

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ടി.കെ.നാരായണൻ അനുസ്മരണ പ്രഭാഷണം നടത്തി. നവോത്ഥാന കാലഘട്ടം തച്ചുടച്ച അനാചാരങ്ങൾ തിരികെ കൊണ്ടുവരാനുള്ള കുത്സിത നീക്കത്തിനെതിരെ ജാഗ്രത പാലിക്കണമെന്നും പ്രളയം വിതച്ച നാശത്തിൽ നിന്ന് നവകേരളത്തെ സൃഷ്ടിക്കുന്നതിന് ജീവനക്കാരുടെ പൂർണ്ണ പങ്കാളിത്തം ഉണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ.കെ.കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ സംസ്ഥാന സെക്രട്ടേറിയറ്റംഗം സി.വി.മനോജ്കുമാർ, ജില്ലാ സെക്രട്ടറി സി.സി. സിജോ എന്നിവർ സംസാരിച്ചു.

## പാലക്കാട്

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം നവംബർ 08 ന് സംഘടിപ്പിച്ചു. സംസ്ഥാന കമ്മിറ്റി അംഗം പി.അരുൺകുമാർ അനുസ്മരണ പ്രഭാഷണം നടത്തി. സെക്രട്ടറി. മനേഷ്.എം. കൃഷ്ണ സ്വാഗതവും ട്രഷറർ സുരേഷ്ബാബു. നന്ദിയും പറഞ്ഞു.

## കോഴിക്കോട്



കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 8 ന് ഉച്ചയ്ക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ് പരിസരത്ത് വച്ച് സ. എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. അനുസ്മരണത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ തമസ്കരിക്കപ്പെടുന്ന നവോത്ഥാനമൂല്യങ്ങൾ എന്ന വിഷയത്തെ ആധാരമാക്കി പി.കെ. പ്രേംനാഥ് മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.എൻ. വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി കുഞ്ഞിരാമൻ.കെ. സ്വാഗതവും ജോയിന്റ് സെക്രട്ടറി ഒ.എം.ഉണ്ണികൃഷ്ണൻ നന്ദിയും പ്രകടിപ്പിച്ചു. യൂണിയൻ സംസ്ഥാന സെക്രട്ടേറിയറ്റംഗം സി.സി.ഷെറീന സംസാരിച്ചു.

## കണ്ണൂർ



കേരള പി.എസ്.സി. യൂണിയൻ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ. എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം നവംബർ 8-ന് സംഘടിപ്പിച്ചു. യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി എൻ.പി.രാജൻ അനുസ്മരണ പ്രഭാഷണം നടത്തി. സുരേഷ് പാറമ്മൽ, കെ.എം.രാമകൃഷ്ണൻ, പ്രസന്ന ജോൺ, കെ.രവീന്ദ്രൻ എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി കെ. വി.സുനുകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോബി ജോസഫ് സ്വാഗതവും എ.കെ.രജീഷ് നന്ദിയും രേഖപ്പെടുത്തി.

## വയനാട്

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 8-ന് സ. എൻ. രാഘവേന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. കോട്ടത്തറ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റും സാസ്കാരിക പ്രഭാഷകനുമായ വി.എൻ.ഉണ്ണികൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി.രാജീവ് അധ്യക്ഷം വഹിച്ച പരിപാടി



യിൽ സെക്രട്ടറി എം.ദേവകുമാർ സ്വാഗതവും ജോയിന്റ് സെക്രട്ടറി കെ.വിജയലത നന്ദിയും പറഞ്ഞു.

### കാസറഗോഡ്

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കാസറഗോഡ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 12-ന് സ. എൻ.രാഘവേഷന്ദ്രൻ പോറ്റി അനുസ്മരണം സംഘടിപ്പിച്ചു. യൂണിയൻ സംസ്ഥാന സെക്രട്ടറി കെ. വി.സുനുകുമാർ അനുസ്മരണ പ്രഭാഷണം നടത്തി. സംസ്ഥാന കമ്മിറ്റി അംഗം ബി.രാധാകൃഷ്ണ, വി. വി. പ്രമോദ് എന്നിവർ സംസാരിച്ചു. ജില്ലാ പ്രസിഡന്റ് എ.വി.മനോജ്കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി പി.കെ.സുഭാഷ് സ്വാഗതവും ദുർഗാ ശ്രീധർ നന്ദിയും പറഞ്ഞു.



# കെ.കെ.രാജു അനുസ്മരണവും എൻഡ്വോവ്മെന്റ് വിതരണവും നടത്തി

പി.എസ്.സി. ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ. സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്കായി പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാനകമ്മിറ്റി അംഗമായിരുന്ന കെ.കെ.രാജുവിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 2018 ലെ ''കെ.കെ.രാജു എൻഡോവ്മെന്റ്'' വിതരണവും അനുസ്മരണയോഗവും തിരുവനന്തപുരം പട്ടം പി.എസ്.സി. പരീക്ഷാഹാളിൽ വച്ച് നടന്നു. എം.എൽ.എ. അഡ്വ. വി.ജോയി എൻഡോവ്മെന്റ് വിതരണം ചെയ്ത് അനുസ്മരണ പ്രഭാഷണം നടത്തി. ആർച്ച.ആർ.ഷിജി, ആർദ്ര.ആർ.ഷിജി, ആർഷ.ആർ.ഷിജി, അഭിഷേക്.എം.ദേവ്, ജെ.ആർ.ആരതി, എം.അമൽ, എൻ.യദുനന്ദൻ, പി.സായന്ത്, ദേവ നന്ദ ലാൽ, ടി.എം.കൃഷ്ണപ്രിയ, ജെ.ഹരിശങ്കർ, സി.ടി.റാണി മരിയ, എം.ആർ.അഭിനന്ദ്, വി.എ.അക്ഷയ്, അഷ്വിൻ സൈമൺ എന്നിവരാണ് എൻഡോവ്മെന്റിന് അർഹരായത്. യൂണിയൻ പ്രസിഡന്റ് കെ.സെബാസ്റ്റ്യൻ അദ്ധ്യക്ഷനായ ചടങ്ങിൽ യൂണിയൻ ജനറൽ സെക്രട്ടറി എം.ഷാജഹാൻ സ്വാഗതം ആശംസിച്ചു. കമ്മീഷൻ അംഗം ഡോ. എം.ആർ.ബൈജു, യൂണിയൻ മുൻ ജനറൽ സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ ആശംസാപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി വി.എസ്.രാജീവ് നന്ദി പറഞ്ഞു.


## സ. കെ.കെ.രാജു

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗവും കവിയും സാംസ്കാരിക പ്രവർത്തക്കുമായ സ. കെ.കെ.രാജു 1952 ജനുവരി 27-ന് കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിനടുത്ത് ഓണംതുരുത്ത് ഗ്രാമത്തിൽ ജനിച്ചു. 1975-ൽ പി.എസ്.സി. യിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. 1990 സെപ്തംബറിൽ ബ്രെയിൻ ട്യൂമർ ബാധിച്ച് അന്തരിച്ചു. സ. കെ.കെ.രാജുവിന്റെ പേരിൽ പി.എസ്.സി. ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്കാണ് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി എഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്.

കവിത

ശ്രീജ.പി.

# തുമ്പയ്ക്ക്



ഓണത്തുമ്പിക്കൊപ്പം
നിന്നൊരു വെൺമലരി-
നെ യീയിടെ യൊരുനാൾ
കണ്ടുഞാനമ്പലനടയിൽ.......
പഴയോരിടവപ്പാതി
പ്പെരുമഴ നനഞ്ഞോൾ
മകരക്കുളിരിൽ, മഞ്ഞിൻ
തൊപ്പിയണിഞ്ഞാത്തൊടി-
യീത്തൊടി നിന്നു വിറച്ചോൾ,
കൊടുവേനൽപ്പകലിൽ-
വാടാതോരോ ഋതുവും
കണ്ടുനിറഞ്ഞോൾ......
യന്ത്രപദങ്ങളിലമർന്നുപോയതോ
പേടികൊണ്ടെങ്ങോ പോയൊളിച്ചതോ
കൺവെട്ടത്തു നിന്നെന്നേയ്ക്കുമായി
പടിയിറങ്ങിപ്പോയതാമവളീ-
വഴിയിൽ നിന്നു ചിരിക്കെ,
ഋതുക്കളൊന്നായ് മടങ്ങിവന്നു-
തൊഴുതുനില്പാണമ്പല നടയിൽ
വഴിയാത്രക്കാരി ഞാൻ മറന്നേ-
പോകുന്നെന്നുടെ ലക്ഷ്യം
ഒരു പഞ്ഞിക്കെട്ടിൽത്തൊടും-
മട്ടിലെൻ വിരലുകളാർദ്രമാകുന്നു
അവളെക്കുറിച്ചു ഞാനെഴുതവേ,
ചുറ്റിനും കൗതുകം പൂണ്ടു,
നില്പാണവൾ തൻ പ്രിയതോഴർ,
തൊട്ടാവാടി, തെച്ചി, ചേമന്തി-
മുക്കുറ്റിയെന്നും പേരുള്ളോർ
കാത്തിരുപ്പാണിലപ്പടർപ്പിലിവിടെയീ
ചാരുശലഭങ്ങളുമാവണിത്തെന്നലും
ഇവിടെ, സമയവേഗങ്ങൾക്കിപ്പുറ-
മവളെയെൻ ഹൃത്തിൻ
നെറുകയിൽ ചേർക്കുന്നു
അവളാകുമുണ്മയെ നമിക്കുന്നു.
അവളീ നടവരമ്പിലൊക്കവേ,
നന്മയും നേരുമായ് പുനർ-
ജനിച്ചീടട്ടെ, അവളെന്റെയോർ-
മ്മതൻ മഴവിൽപ്പാതയിൽ
പ്രസാദമധുരമാം പുഞ്ചിരിപൊഴിക്കട്ടെ.



**വനിതാ കൺവെൻഷൻ അഡ്വ. പി.സതീദേവി ഉദ്ഘാടനം ചെയ്യുന്നു**

# വനിതാ കൺവെൻഷൻ

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ വനിതാ സബ്കമ്മിറ്റിയുടെ നേതൃത്വത്തിൽ വനിതാ കൺവെൻഷൻ 2018 ഒക്ടോബർ 03 ന് ഉച്ചയ്ക്ക് തിരുവനന്തപുരം പട്ടം പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി ഹാളിൽ നടന്നു.

യൂണിയൻ വൈസ് പ്രസിഡന്റ് സബിതാ ജാസ്മിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജനാധിപത്യ മഹിളാ അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറിയും മുൻ എം.പി.യുമായ അഡ്വ. പി.സതീദേവി ഉദ്ഘാടനം ചെയ്തു. പോഷകകുറവിന്റെ ഫലമായി ഗർഭിണികളും കുഞ്ഞുങ്ങളും മരിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഇന്ന് ഇന്ത്യയെന്നും പട്ടിണികിടന്ന് മരിക്കാൻ വയ്യാത്തതുകൊണ്ടാണ് സ്ത്രീകൾ തൊഴിൽ മേഖലകളിലേക്ക് വരുന്നതെന്നും പി.സതീദേവി അഭിപ്രായപ്പെട്ടു. മുഖം നോക്കാതെ നടപടിയെടുക്കുന്ന ഒരു പോലീസും ഗവൺമെന്റും ഉള്ളത് കേരളത്തിലെ സ്ത്രീകൾക്ക് ഏറെ ആശ്വാസമാണെന്ന് ഉദ്ഘാടക കൂട്ടിച്ചേർത്തു. യൂണിയൻ ജനറൽ സെക്രട്ടറി എം. ഷാജഹാൻ, പ്രസിഡന്റ് കെ.സെബാസ്റ്റ്യൻ എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. കൺവീനർ ആർ. ബി.സിന്ധു സ്വാഗതവും ജോയിന്റ് കൺവീനർ സന്ധ്യപ്രഭ നന്ദിയും പറഞ്ഞു.

വനിതാ കൺവീനർ ആർ.ബി. സിന്ധു റിപ്പോർട്ട് അവതരിപ്പിച്ചു. മുഴുവൻ ജീവനക്കാരും സാലറി ചലഞ്ചിൽ പങ്കാളികളാവുക, വിലക്കയറ്റം തടയുക, പി. എസ്.സി. ആഫീസുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക, തൊഴിലിടങ്ങളിലെ സ്ത്രീപീഢനങ്ങൾ അവസാനിപ്പിക്കുക, ആസ്ഥാന ആഫീസിൽ ക്രെഷ് അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങൾ അംഗീകരിച്ചു.






# സംഘടനാ വാർത്തകൾ

**തിരുവനന്തപുരം ജില്ലാ കമ്മിറ്റി**

## നവകേരള നിർമ്മിതിയും ഇടതുപക്ഷ സർക്കാരും

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ''നവകേരള നിർമ്മിതിയും ഇടതുപക്ഷ സർക്കാരും'' എന്ന വിഷയത്തിൽ നവംബർ 30-ന് സെമിനാർ സംഘടിപ്പിച്ചു. എം.സ്വരാജ് എം.എൽ.എ. പ്രഭാഷണം നടത്തി. നവകേരളം എ ന്ന പുതിയ ആശയം നേരിടുന്ന വെല്ലുവിളികൾ അദ്ദേഹം വിശദീകരിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ സർക്കാർ ഒരു പുതിയ കേരളം സൃഷ്ടിക്കുക തന്നെ ചെയ്യുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. നവോത്ഥാന മൂല്യങ്ങളെ നശിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളെ ഒറ്റക്കെട്ടായി നേരിടണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. എംപ്ലോയീസ് യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.ബാബുരാജ് അധ്യക്ഷനായി ചടങ്ങിൽ ജില്ലാ സെക്രട്ടറി വി.എസ്.രാജീവ് സ്വാഗതവും ജില്ലാ ജോയിന്റ് സെക്രട്ടറി നിസ്സാം.എം. നന്ദിയും പറഞ്ഞു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ. സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി എം.ഷാജഹാൻ എന്നിവർ പങ്കെടുത്തു.

## നവോത്ഥാന കേരളം നേരിടുന്ന വെല്ലുവിളികൾ

പി.എസ്.സി.എംപ്ലോയീസ് യൂണിയൻ തിരുവനന്തപുരം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2018 നവംബർ 15 ബുധനാഴ്ച ഉച്ചയ്ക്ക് 1.15 ന് യൂണിയൻ ഹാളിൽ 'നവോത്ഥാന കേരളം നേരിടുന്ന വെല്ലുവിളികൾ' എന്നവിഷയത്തെ ആസ്പദമാക്കി സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം ബേബിജോൺ പ്രഭാഷണം നടത്തി. കേരളത്തിന്റെ നവോത്ഥാനകാലഘട്ടത്തിന്റെ നാൾവഴികളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കേരളത്തിന്റെ മതേതരത്വ മൂല്യങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്ന വർഗീയപിന്തിരിപ്പൻ ശക്തികൾക്കെതിരെ പൊതുസമൂഹം ഒറ്റക്കെട്ടായി പ്രതിരോധം തീർക്കണം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

പ്രസ്തുത പരിപാടിയിൽ പി.എസ്.സി.എംപ്ലോയീസ് യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.ബാബുരാജ് അധ്യക്ഷത വഹിച്ചു, പി.എസ്.സി.എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി എം.ഷാജഹാൻ, സംസ്ഥാന പ്രസിഡന്റ് കെ.സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് എച്ച്. സബിതാ ജാസ്മിൻ എന്നിവർ സിഹിതരായിരുന്നു. പി.എസ്.സി.എംപ്ലോയീസ് യൂണിയൻ ജില്ലാ സെക്രട്ടറി വി.എസ്.രാജീവ് സ്വാഗതവും, ജില്ലാ ജോയിന്റ് സെക്രട്ടറി കെ.എസ്.സുധീഷ് കുമാർ കൃതജ്ഞതയും രേഖപ്പെടുത്തി.

**തൃശ്ശൂർ ജില്ലാ കമ്മിറ്റി**

## യാത്രയയപ്പ് നൽകി

തൃശ്ശൂർ ജില്ലാ സെക്രട്ടറിയായ കെ.എം.വിനീതിന് ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് സെക്രട്ടറിയായി നിയമനം ലഭിച്ചതിനെ തുടർന്ന് 2018 ഒക്ടോബർ 4-ന് ജില്ലാ കമ്മിറ്റി യാത്രയയപ്പ് നൽകി. യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.കെ.കുഞ്ഞുമോന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിജോ.സി.സി. സ്വാഗതവും, മനോജ്.പി.എച്ച് നന്ദിയും പറഞ്ഞു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഡോ.എം.എ.നാസർ ഉദ്ഘാടനം ചെയ്തു. സെക്രട്ടേറിയറ്റംഗം മനോജ്.സി.വി, ജ്യോത്സന നാഥ്.കെ.ടി, രാധാകൃഷ്ണൻ.സി.വി, ഷിനോയ്.വി.ജെ, ധന്യ.ബി.ശ്രീധർ, കുമാരദാസ്.ടി എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. വിനീത്.കെ.എം. മറുപടി പ്രസംഗം നടത്തി. യൂണിയന്റെ ഉപഹാരം കെ.എം.വിനീതിന് നൽകി

## അതിജീവിക്കും ഈ പ്രളയത്തെയും

കേരളം ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയദുരിതത്തിൽ അകപ്പെട്ട് ബുദ്ധിമുട്ട് അനുഭവിച്ചവരെ സ്വയം അർപ്പിച്ച് സേവനം നടത്തിയ പി.എസ്.സി. ജീവനക്കാരായ എം.സി.പൗലോസ്, സജി ജോസ്.സി, ജെയ്സൺ.പി.എ. എന്നിവരെയും തൃശ്ശൂർ ഓഫീസിൽ നിന്ന് സാലറി ചലഞ്ചിൽ പങ്കെടുത്ത മുഴുവൻ ജീവനക്കാരെയും 2018 ഒക്ടോബർ 17-ന് നടന്ന അതിജീവിക്കും ഈ പ്രളയത്തെയും എന്ന ചടങ്ങിൽവച്ച് ആദരിച്ചു. യൂണിയൻ ജില്ലാ പ്രസിഡന്റ് കെ.കെ.കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രശസ്ത നർത്തകനും, നടനും, കലാഭവൻ മണിയുടെ സഹോദരനുമായ ആർ.എൽ.വി. രാമകൃഷ്ണൻ മുഖ്യാതിഥിയായി പങ്കെടുത്ത് കൊണ്ട് സംസാരിച്ചു. സെക്രട്ടറിയേറ്റംഗം മനോജ് കുമാർ.സിവി, ജില്ലാ സെക്രട്ടറി സിജോ.സി.സി, എം.സി.പൗലോസ് എന്നിവർ അഭിവാദ്യം ചെയത് സംസാരിച്ചു. എം.സി.പൗലോസ്, സജി ജോസ്.സി, ജെയ്സൺ.പി.എ. എന്നിവർക്ക് യൂണിയൻ ഉപഹാരം നൽകി.

**എറണാകുളം ജില്ലാ കമ്മിറ്റി**

## പ്രഭാഷണം നടത്തി

കേരള പിറവിയോടനുബന്ധിച്ച് നവംബർ 1-ാം തീയതി നവോത്ഥാന മൂല്യങ്ങൾ ആധുനിക കാലഘട്ടത്തിൽ എന്ന വിഷയം ആധാരമാക്കി ഒരു പ്രഭാഷണം സംഘടിപ്പിച്ചു. കേരള ലൈബ്രറി കൗൺസിൽ എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ. എം.ആർ. സുരേന്ദ്രൻ പ്രഭാഷണം നടത്തി. യൂണിയൻ പ്രസിഡന്റ് ടി.എം. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി കെ.ദിലീപ്കുമാർ സ്വാഗതവും ജോയിന്റ് സെക്രട്ടി എം.സി. പൗലോസ് നന്ദിയും പറഞ്ഞു.



**കേരള പിറവി–കേരള ലൈബ്രറി കൗൺസിൽ എറണാകുളം ജില്ലാ സെക്രട്ടറി എം.ആർ. സുരേന്ദ്രൻ പ്രഭാഷണം നടത്തുന്നു**

## പ്രചരണം നടത്തി

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയെ നിയോഗിച്ച സർക്കാർ നടപടിയിൽ അഭിവാദ്യം അർപ്പിച്ച് പ്രകടനവും രണ്ട് ഫ്ളോർ കാമ്പെയിൻ സംഘടിപ്പിച്ചു. സെക്രട്ടേറിയറ്റംഗം സ.വി.കെ. രാജു അഭിവാദ്യം ചെയ്ത് സംസാരിച്ചു.

### കോട്ടയം ജില്ലാ കമ്മിറ്റി

## പ്രഭാഷണം നടത്തി

കേരള പിറവിയോടനുബന്ധിച്ച് നവംബർ 1–ാം തീയതി കേരള പിറവിയുടെ ആറ് പനതിറ്റാണ്ടുകൾ–കേരളത്തിന്റെ കുതിപ്പും കിതപ്പും എന്ന വിഷയം ആധാരമാക്കി ഒരു പ്രഭാഷണം സംഘടിപ്പിച്ചു. എം.ജി. സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് അസ്സോസിയേറ്റ് പ്രൊഫസർ ഹരികുമാർ ചങ്ങമ്പുഴ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് സീമാ തങ്കച്ചിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജില്ലാ പ്രസിഡന്റ് സ്വാഗതവും ജില്ലാ സെക്രട്ടറി കെ.എസ്.രാജേഷ് നന്ദിയും പറഞ്ഞു.





# രാജ് ഭവൻ മാർച്ച് നടത്തി

സിവിൽ സർവ്വീസ് മേഖലയിൽ പങ്കാളിത്ത പെൻഷൻ അടിച്ചേൽപ്പിച്ച പി.എഫ്.ആർ.ഡി.എ. നിയമം പിൻവലിക്കുക, തൊഴിൽ മേഖലകളിൽ നടപ്പാക്കുന്ന കരാർ–കാഷ്വൽ വൽക്കരണം അവസാനിപ്പിക്കുക, കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾ എന്നിവയടക്കം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2019 ജനുവരി 8, 9 തീയതികളിൽ നടക്കുന്ന ദേശീയ പണിമുടക്കിന് മുന്നോടിയായി സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും ഡിസംബർ 7–ന് രാജ്ഭവൻ മാർച്ച് നടത്തി. രാജ്ഭവനിന് മുന്നിൽ നടന്ന ധർണ്ണയിൽ വിവിധ സർവ്വീസ് സംഘടന നേതാക്കൾ സംസാരിച്ചു.




അഡ്വ. വി ജോയി എം.എൽ.എ കെ.കെ.രാജു അനുസ്മരണ പ്രഭാഷണം നടത്തുന്നു.



കെ.കെ.രാജു  എൻഡോവ്മെന്റ് വിതരണം




**"നവകേരള നിർമ്മിതിയും ഇടതുപക്ഷ സർക്കാരും" എന്ന വിഷയത്തിൽ എം.സ്വരാജ് എം.എൽ.എ. പ്രഭാഷണം നടത്തുന്നു**




**വനിതാ കൺവെൻഷൻ ജനാധിപത്യ മഹിളാ അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ. പി.സതീദേവി ഉദ്ഘാടനം ചെയ്യുന്നു**

Printed &Published by M Shajahan, General Secretary, Kerala PSC Employees Union
Printed at Bhagath, Pattom. Ph. 4017097, bhagathpattom@yahoo.com